ഭൂമിയുടെ അതിർത്തികൾവരെ രക്ഷ
എത്തിച്ചുകൊടുക്കാൻ ജനതകൾക്കു ദീപമായി
നിന്നെ സ്ഥാപിച്ചിരിക്കുന്നു (ഏശയ്യ 49,6).

വാല്യം 02 മെയ് 2019 ലക്കം 05

# ഗിരിദീപം

## തലശ്ശേരി അതിരൂപതയുടെ മുഖപത്രം

curiaadtly@gmail.com
www.archdioceseoftellicherry.org
www.ephphatharadio.com
0490- - 2342440

# ഉള്ളടക്കം

1. മതബോധന ഞായർ സർക്കുലർ നമ്പർ 6/19 .................................... 5
2. കച്ചേരിക്കാര്യം .................................... 10
3. സെമിനാരി വാർത്തകൾ .................................... 14
4. വിശ്വാസപരിശീലനം .................................... 17
5. കുടുംബക്കൂട്ടായ്മ .................................... 21
6. ബൈബിൾ അപ്പൊസ്റ്റൊലേറ്റ് .................................... 23
7. ചെറുപുഷ്പ മിഷൻ ലീഗ് .................................... 26
8. തിരുബാലസഖ്യം .................................... 33
9. കുടുംബപ്രേഷിതത്വം .................................... 34
10. വിദ്യാഭ്യാസ ഏജൻസി .................................... 39
11. എ.കെ.സി.സി. വാർത്തകൾ .................................... 44
12. സാൻജോസ് അക്കാഡമി .................................... 46
13. ഫ്രാൻസിസ്കൻ അല്മായ സഭ .................................... 51
14. കെസിബിസി മദ്യവിരുദ്ധ സമിതി .................................... 53
15. സാമൂഹ്യസേവനവേദി .................................... 56
16. ധ്യാനകേന്ദ്രങ്ങളിലൂടെ .................................... 58
17. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (ഞറളക്കാട്ട് പിതാവ്) .................... 61
18. Programme of the Archbishop Mar George Njaralakatt ................ 64
19. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (വലിയമറ്റം പിതാവ്) .................... 66
20. Programme of the Abp. Emeritus Mar George Valiamattam ........ 67
21. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (പാംപ്ലാനി പിതാവ്) .................... 68
22. Programme of the Auxiliary Bishop Mar Joseph Pamplany ............ 71

**Prot. No. 219/19, സർക്കുലർ നമ്പർ 06/2019**

# മതബോധന ഞായർ

ഈശോയിൽ പ്രിയപ്പെട്ടവരെ,

അടുത്ത ഞായറാഴ്ച (ജൂൺ രണ്ട്) മതബോധന ഞായറായി ആചരിച്ച് അതിരൂപതയിലെ 213 സൺഡേസ്കൂളുകളിലെ മുഴുവൻ കുട്ടികളെയും ഈശോയ്ക്ക് സമർപ്പിച്ച് 2019-2020 വർഷത്തെ വിശ്വാസപരിശീലന പ്രവർത്തനങ്ങൾക്ക് നമ്മൾ തുടക്കം കുറിക്കുകയാണ്. സഭയുടെ ശുശ്രൂഷകളിൽ വളരെ പ്രധാനപ്പെട്ട ശുശ്രൂഷയായ വിശ്വാസജീവിതപരിശീലന കർത്തവ്യത്തിലേയ്ക്ക് നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

ഈശോ നമുക്കു തന്ന ദൗത്യമാണ് സകലരെയും രക്ഷയുടെ സുവിശേഷമറിയിച്ച് ശിഷ്യപ്പെടുത്തുക എന്നത്. "നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്ക് ജ്ഞാനസ്നാനം നല്കുവിൻ. ഞാൻ നിങ്ങളോട് കൽപ്പിച്ചവയെല്ലാം അനുസരിക്കുവാൻ അവരെ പഠിപ്പിക്കുവിൻ" (മത്താ 28:19-20). കർത്താവിന്റെ ഈ കൽപ്പന നമ്മുടെ ദൗത്യമായി മാറുകയും വരും തലമുറയ്ക്ക് വിശ്വാസം പകർന്നുകൊടുക്കുന്നതുവഴി നമ്മൾ ഈ ദൗത്യത്തിൽ പങ്കുകാരാവുകയും ചെയ്യുന്നു. കർത്താവ് ഭരമേൽപ്പിച്ചിരിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ദൗത്യമായി വിശ്വാസപരിശീലനത്തെ സഭ കാണുന്നതിന്റെ കാരണവും ഇതാണ്.

"നാം ഭൂമിയിലായിരിക്കുന്നത് ദൈവത്തെ അറിയാനും സ്നേഹിക്കാനും അവിടുത്തെ ഇഷ്ടമനുസരിച്ച് നന്മചെയ്യുവാനും ഒരുദിവസം സ്വർഗ്ഗത്തിൽ പോകാനുമാണ്" എന്നാണ് കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം (നമ്പർ 1-3, 358) പഠിപ്പിക്കുന്നത്. ഒരു ഇടവകയുടെ പരമപ്രധാനമായ ദൗത്യമാണ് ഇടവകാമക്കളെ വിശ്വാസത്തിൽ വളർത്തി സ്വർഗ്ഗത്തിലെത്തിക്കുക എന്നത്. വർദ്ധിച്ച മൂല്യബോധവും അടിയുറച്ച വിശ്വാസവും സമ്പന്നമായ ആധ്യാത്മികതയും നിസ്വാർത്ഥമായ പ്രേഷിത ചൈതന്യവും സ്വായത്തമാക്കി നമ്മുടെ കുഞ്ഞുങ്ങൾ വളർന്നുവരണമെങ്കിൽ അവർക്ക് മെച്ചപ്പെട്ട വിശ്വാസപരിശീലനം കൂടിയേതീരൂ. ഇതിന് അടിസ്ഥാനമായി നിൽക്കുന്നത് കുടുംബത്തിലെ വിശ്വാസപരിശീലനവും തുടർന്നുള്ള മതബോധന ക്ലാസ്സുകളുമാണ്.

വിശ്വാസപരിശീലനത്തിന് അടിത്തറ പാകുന്നത് കുടുംബത്തിലാണ്. രണ്ടാംവത്തിക്കാൻ കൗൺസിൽ കുടുംബത്തെ"ഗാർഹികസഭ" എന്നാണ് വിശേഷിപ്പിച്ചത്. കുടുംബം, സ്കൂൾ, വിശ്വാസപരിശീലന ക്ലാസ്സുകൾ എന്നിവയെല്ലാം കുട്ടികളുടെ സ്വഭാവരൂപീകരണത്തിൽ വളരെ പ്രധാനപ്പെട്ടതാണ്. എന്നാൽ ഏറ്റവും പ്രധാനഘടകം ഏതെന്ന് ചോദിച്ചാൽ അത് കുടുംബമാണ്. കുടുംബത്തിൽ കുട്ടികൾക്കു കൊടുക്കുന്ന ശിക്ഷണവും നിയന്ത്രണവും പരിശീലനവുമനുസരിച്ചു മാത്രമേ അവർ നല്ല കുട്ടികളായി വളരൂ. സ്കൂളും വിശ്വാസപരിശീലന ക്ലാസ്സുകളുമെല്ലാം ഇതിനെ പിന്തുണയ്ക്കുന്ന ഘടകങ്ങളാകുന്നു എന്നതാണ് സത്യം. അതുകൊണ്ട് നാം പറയുന്നു: "കുടുംബം-പ്രഥമ വിശ്വാസ പരിശീലനവേദി" എന്ന്.

മാലാഖയായി ജനിക്കുന്ന ഒരു കുഞ്ഞ് ജീവിച്ചു പരാജയപ്പെട്ടാൽ അതിന്റെ പ്രഥമവും പ്രധാനവുമായ ഉത്തരവാദിത്വം മാതാപിതാക്കൾ ക്കാണ്. "ചെറുപ്പത്തിൽ തന്നെ മക്കളെ അവർ നടക്കേണ്ട വഴികൾ പഠി പ്പിക്കുവാൻ" (സുഭാ 22:6) മാതാപിതാക്കൾക്ക് കഴിയണം. മക്കൾ എപ്രകാരമാകുന്നു, എങ്ങനെ വളരുന്നു, ഏത് സ്വഭാവക്കാരാകുന്നു എന്നതിനെ ആശ്രയിച്ചിരിക്കും മാതാപിതാക്കളുടെ ഭാവിജീവിത ത്തിന്റെ സന്തോഷവും സുരക്ഷയും സമാധാനവും. അതുകൊണ്ട് അവരുടെ വളർച്ച മാതാപിതാക്കളുടെ ജീവിതത്തിലെ സുപ്രധാന ഘടകമാണ്. കുട്ടികളുടെ സ്വഭാവസവിശേഷതകൾ മൂല്യബോധ ത്തിലുള്ള വളർച്ച, വിശ്വാസത്തിലുള്ള തീക്ഷ്ണത, സഭയോടും സഭാജീവീതത്തോടുമുള്ള പ്രതിബദ്ധത ഇവയെല്ലാം കൃത്യവും വ്യക്തവുമാകാൻ മാതാപിതാക്കൾ പ്രത്യേക ശ്രദ്ധകാട്ടണം. ആയതിനാൽ ഞാൻ നിങ്ങളെ വീണ്ടും ഓർമ്മിപ്പിക്കുന്നു: കുടുംബം വിശ്വാസപരിശീലനത്തിന്റെ പ്രഥമ വേദിയാണ് എന്ന്.

പ്രിയപ്പെട്ട മാതാപിതാക്കളെ, കത്തോലിക്കാ മാതാപിതാക്കളുടെ ഏറ്റവും ശ്രേഷ്ഠമായ ഉത്തരവാദിത്വം ദൈവം തങ്ങൾക്കേൽപ്പിച്ചു തന്നിരിക്കുന്ന കുഞ്ഞിനെ കൗദാശിക അടിത്തറയിൽ വളർത്തുക എന്നതാണെന്ന സത്യം ഒരിക്കലും മറക്കാതിരിക്കാം. ഏറ്റവും പ്രധാനമായി വി. കുർബ്ബാന കേന്ദ്രീകൃതമായ ഒരു വിശ്വാസപരിശീ ലനത്തിന് നാം പ്രാധാന്യം കൊടുക്കണം. കുട്ടികളോടൊപ്പം മാതാപിതാക്കളും വി. ബലിയിൽ സംബന്ധിക്കണം. നമ്മുടെ മക്കളെ വി. കുർബ്ബാനയുടെ അനുഭവത്തിൽ വളർത്തുവാൻ സാധിക്കണം. കൂടാതെ, നമ്മുടെ കുടുംബങ്ങളിൽ പരമ്പരാഗതമായി പുലർത്തി വരുന്ന

നല്ല ശീലങ്ങളും നിഷ്ഠകളും ആധ്യാത്മികാനുഷ്ഠാനങ്ങളും ഒരിക്കലും നഷ്ടപ്പെടുത്താതെ സൂക്ഷിക്കണം. പ്രഭാത പ്രാർത്ഥന, ജപമാല, ബൈബിൾപാരായണം, കുമ്പസാരം, കുർബ്ബാനസ്വീകരണം, ഉപവാസം, നോമ്പാചരണം, ഭക്തസംഘടനകളിലെ പ്രവർത്തനം എന്നിവ മുടങ്ങാതിരിക്കുവാൻ മാതാപിതാക്കൾ ശ്രദ്ധിക്കണം. ട്യൂഷൻ, ഇതരപരിശീലന പരിപാടികൾ എന്നിവ ഞായറാഴ്ചത്തെ വിശ്വാസ പരിശീലന ക്ലാസ്സുകൾക്ക് തടസ്സമാവാതെ ക്രമീകരിക്കേണ്ടതാണ്.

കുട്ടികളുടെ വിശ്വാസപരിശീലനത്തിന്റെ മറ്റൊരു പ്രധാനപ്പെട്ട വേദിയാണ് സൺഡേസ്കൂളുകൾ. 1 മുതൽ 12-ാം ക്ലാസ്സുവരെ നീണ്ടുനിൽക്കുന്ന വിശ്വാസപരിശീലന പദ്ധതിയാണ് നമ്മുടെ സഭയിൽ ആവിഷ്കരിക്കപ്പെട്ടിരിക്കുന്നത്. മക്കളെ കൃത്യമായി വിശ്വാസപരിശീലനത്തിനയക്കുമ്പോഴും മാതാപിതാക്കൾക്ക് കൃത്യമായ മതബോധന സങ്കൽപ്പമുണ്ടോയെന്ന് എനിക്ക് പലപ്പോഴും സംശയം തോന്നിയിട്ടുണ്ട്. പല മാതാപിതാക്കളും ചോദിക്കാറുണ്ട്: "വേദപാഠം പഠിച്ചിട്ട് എന്തുഗുണം. നഴ്സിംഗിന് അഡ്മിഷൻ?, കോളേജിൽ ഗ്രേസ് മാർക്ക്?" ഏതെങ്കിലും ക്രൈസ്തവ സ്ഥാപനത്തിൽ ചെന്നിട്ട് പരിഗണന ലഭിക്കാതിരിക്കുമ്പോൾ എന്തിന് വേദപാഠ ക്ലാസ്സുകൾ എന്ന് ചോദിക്കുന്ന മാതാപിതാക്കളെ ഞാൻ കണ്ടിട്ടുണ്ട്. നമ്മുടെ മക്കളെ വിശ്വാസത്തിലും സന്മാർഗ്ഗത്തിലും ആഴപ്പെടുത്തുക എന്നതാണ് വിശ്വാസപരിശീലന ക്ലാസ്സുകൾവഴി നാം ലക്ഷ്യം വയ്ക്കുന്നത്. സ്വർഗ്ഗരാജ്യമെന്ന വലിയ ലക്ഷ്യത്തിൽ നമ്മുടെ മക്കൾ എത്തിച്ചേരാനായി അവിടെ ചില ഗ്രേസ് മാർക്കുകൾ ലഭിക്കാനായി മക്കളെ വിശ്വാസപരിശീലന ക്ലാസ്സുകളിലേയ്ക്കയക്കുന്ന മാതാപിതാക്കളായി എല്ലാവരും മാറുന്ന ഒരുകാലം ഞാൻ സ്വപ്നം കാണുന്നു.

പ്രിയ മാതാപിതാക്കളെ, വിശ്വാസപരിശീലനത്തിന്റെ യഥാർത്ഥ ലക്ഷ്യത്തെ സംബന്ധിച്ച് ശരിയായ ഒരു അവബോധം നമുക്ക് ആവശ്യമുണ്ട് എന്ന് എനിക്ക് തോന്നുന്നു. വിശ്വാസപരിശീലന ക്ലാസ്സുകൾക്ക് പോയി നല്ല മാർക്കു വാങ്ങുന്നതുകൊണ്ട് തീരുന്ന ഒന്നല്ല മതബോധനം. ബുദ്ധിയിലൂടെ ലഭിച്ചത് സ്വഭാവത്തിലൂടെ പ്രകടമാക്കുമ്പോഴാണ് (Behavioural Realm) വിശ്വാസപരിശീലനം ലക്ഷ്യപ്രാപ്തിയിലെത്തുക. മാതാപിതാക്കളെ ബഹുമാനിക്കണം എന്ന കൽപ്പന പഠിച്ചാൽ അത് മതബോധനമാവില്ല മറിച്ച് അത് പ്രാവർത്തികമാക്കുമ്പോഴാണ് വേദപാഠക്ലാസ്സുകൾ ലക്ഷ്യം കാണുന്നത്.

വിശ്വാസപരിശീലന ക്ലാസ്സുകളിലൂടെ കടന്നുപോകുന്ന ഒരു കുട്ടി മൂന്നു ഘട്ടങ്ങളിലൂടെ രക്ഷയിലേയ്ക്ക് കടന്നുവരണം.

1. ഈശോയെ അറിയുക (Cognitive Realm): പഠനത്തിന്റെ മേഖലയാണിത്. ആകർഷകമായ ക്ലാസ്സ് അനുഭവങ്ങളിലൂടെ, വിശ്വാസതീക്ഷ്ണതയുള്ള മതാധ്യാപകരിലൂടെ, വിവിധങ്ങളായ പഠന ഉപകരണങ്ങളിലൂടെ കുട്ടികൾക്ക് നമ്മൾ ഈശോയെ പകർന്നു കൊടുക്കുന്നു.

2.ഈശോയിൽ ജീവിക്കുക (Behavioural Realm): വിശ്വാസ പരിശീലന ക്ലാസ്സുകളിൽ കുട്ടികൾ പഠിച്ചവ ജീവിതത്തിൽ പകർത്തു വാൻ പരിശ്രമിക്കണം. സ്വഭാവസവിശേഷതകൾ, കൂദാശകളുടെ സ്വീകരണം, സഭാത്മകജീവിതം മുതലായവ എല്ലാം പരിഗ ണനാവിഷയങ്ങളാകണം.

3. ഈശോയെ പകർന്നു നല്കുക (Praxis Realm): ഈശോയെ അറിയുകയും ജീവിക്കുകയും ചെയ്താൽ പോരാ, ഈശോയെ പങ്കുവയ്ക്കുവാൻ സാധിക്കണം. പാവങ്ങളുടെ പക്ഷം ചേരൽ, കാരുണ്യ പ്രവർത്തനങ്ങൾ, രോഗികളോടുള്ള പരിഗണന മുതലായവ വഴി ഈശോയെ പങ്കുവയ്ക്കണം.

ഒരു വിശ്വാസപരിശീലനകളരി പൂർണതയിലെത്താൻ ഈ മൂന്നു ഘടകങ്ങളും ആവശ്യമാണ്. ഈശോയെ പഠിച്ചതു അറിയുക ജീവിക്കുക... ജീവിക്കുന്നത് പകർന്നു നല്കുക. ഇത്തരം ഒരു ജീവിതം ചെന്ന് എത്തിനില്ക്കുന്നത് ദൈവസന്നിധിയിലായിരിക്കും, അവിടുത്തെ രക്ഷയിലും സ്വർഗ്ഗരാജ്യത്തിലുമായിരിക്കും. അതുകൊ ണ്ടാണ് മാതാപിതാക്കൾ ബന്ധശ്രദ്ധരായാൽ മാത്രമേ വിശ്വാസപരി ശീലനം വിജയിക്കൂ എന്ന് പറയുന്നത്.

പ്രിയപ്പെട്ട ദൈവജനമേ, വിശ്വാസപരിശീലനം ഒരു ഇടവകയുടെ ഏറ്റവും പ്രധാനപ്പെട്ട ദൗത്യമായി കണ്ടുകൊണ്ട് കുട്ടികൾക്ക് നല്ലപരിശീലനം കൊടുക്കുവാൻവേണ്ട ഭൗതീക സാഹചര്യങ്ങൾ ഓരോ ഇടവകാ സമൂഹവും ഒരുക്കേണ്ടതാണ്. ഇളം തലമുറയ്ക്ക് വിശ്വാസം പകർന്നുകൊടുക്കുന്നതിനും വിശ്വാസത്തിൽ അവരെ ആഴപ്പെടുത്തുന്നതിനും ദൈവാനുഭവവും ദൈവഭക്തിയും ദൈവഭയ വുമുള്ള കുഞ്ഞുങ്ങളെ വാർത്തെടുക്കുന്നതിനുമുള്ള സൺഡേ സ്കൂളുകളുടെ പ്രവർത്തനങ്ങളിൽ ഇടവകയിലെ എല്ലാ അംഗങ്ങ

ളുടെയും സഹായസഹകരണങ്ങൾ ഉണ്ടാകണമെന്ന് സ്നേഹത്തോടെ ഓർമ്മിപ്പിക്കുന്നു. നമ്മുടെ സൺഡേ സ്കൂളുകളിൽ നിസ്വാർത്ഥമായി വിശ്വാസ രംഗത്ത് പ്രവർത്തിക്കുന്ന എല്ലാ വിശ്വാസപരിശീലകരെയും അവർക്ക് നേതൃത്വം കൊടുക്കുന്ന ബഹു. വൈദികരെയും സിസ്റ്റേഴ്സിനെയും ഞാൻ പ്രത്യേകമായി അഭിനന്ദിക്കുകയും അവർക്ക് ധാരാളം ദൈവാനുഗ്രഹം ഉണ്ടാകട്ടെയെന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

നമ്മുടെ പതിവനുസരിച്ച് മതബോധനവർഷം ആരംഭിക്കുന്ന ഞായറാഴ്ചയിലെ സ്തോത്രക്കാഴ്ച മതബോധന പ്രവർത്തനങ്ങളുടെ ചിലവുകൾക്കായി നീക്കിവയ്ക്കുകയാണ്. വരുന്ന ഞായറാഴ്ചത്തെ സ്തോത്രക്കാഴ്ചയിൽ എല്ലാവരും ഉദാരമായി സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഒരിക്കൽക്കൂടി എല്ലാവർക്കും മതബോധന ഞായറിന്റെ ആശംസകൾ നേരുന്നു. കുഞ്ഞുങ്ങൾ "ബാലനായ ഈശോയെപ്പോലെ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും സംപ്രീതിയിലും" വളർന്നുവരാൻ നസ്രത്തിലെ തിരുക്കുടുംബം കൃപനല്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. വിശ്വാസപരിശീലനരംഗത്ത് പ്രവർത്തിക്കുന്ന എല്ലാവരെയും വിശ്വാസപരിശീലനത്തിൽ ഏർപ്പെടുന്ന കുഞ്ഞുങ്ങളെയും ഞാൻ ആശീർവ്വദിക്കുന്നു.

സ്നേഹാശംസകളോടെ,

നിങ്ങളുടെ വത്സലപിതാവ്

തലശ്ശേരി **മാർ ജോർജ് ഞറളക്കാട്ട്**
24-04-2019 തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത

---

**പ്രത്യേക ശ്രദ്ധയ്ക്ക് :** ഈ സർക്കുലർ മെയ് 26 ഞായറാഴ്ച എല്ലാ പള്ളികളിലും വി. കുർബ്ബാനമധ്യേ വായിക്കേണ്ടതാണ്. ജൂൺ 02 ലെ സ്തോത്രക്കാഴ്ച്ച മതബോധന പ്രവർത്തനങ്ങൾക്കായി രൂപതാകേന്ദ്രത്തിൽ എത്തിച്ചുതരേണ്ടതുമാണ്.




## 1. ബഹു. വൈദികരുടെ സ്ഥലംമാറ്റം

തലശ്ശേരി അതിരൂപതയിലെ വൈദികരുടെ സ്ഥലംമാറ്റം ഈ വർഷം മെയ് മാസം 11-ാം തീയതി ശനിയാഴ്ചയായിരിക്കും. 11ന് പുതിയ സ്ഥലങ്ങളിൽ എത്തിച്ചേർന്ന് 12-ാം തീയതി ഞായറാഴ്ച നിയമന പത്തോന്തി വായിച്ച് ചുമതല ഏല്ക്കേണ്ടതാണ്. സ്ഥലം മാറ്റമുള്ള എല്ലാ വൈദികരും സ്ഥലംമാറിപ്പോകുന്നതിനുമുമ്പ് വികാരിമാറ്റ റിപ്പോർട്ട് തയ്യാറാക്കി, ഒപ്പിട്ട്, നടത്തുകൈക്കാരനെക്കൊണ്ടും ഒപ്പിടുവിച്ച് പുതിയ വികാരിയെ ഏല്പിക്കാനുള്ള ക്രമീകരണങ്ങൾ ചെയ്യണം. പുതിയ വികാരി ഉത്തരവാദിത്വം ഏറ്റെടുത്ത് തൊട്ടടുത്ത ദിവസം തന്നെ വികാരിമാറ്റ റിപ്പോർട്ട് ഒപ്പിട്ട് അതിരൂപതാ കച്ചേരിയിലേയ്ക്ക് ഒരു കോപ്പി അയച്ചുതരണം. ഒരു കോപ്പി ഇടവക ഫയലിൽ സൂക്ഷിക്കണം. സ്ഥലം മാറുന്ന വികാരിമാർക്ക് പത്തോന്തിയോടൊപ്പം വികാരിമാറ്റ റിപ്പോർട്ടിന്റെ ഓരോ ഫോം കൂടി അയയ്ക്കുന്നുണ്ട്. കുരിശുപള്ളികൾ ഉള്ളവർ പ്രസ്തുത ഫോമിന്റെ ഫോട്ടോ കോപ്പി എടുത്ത് ഉപയോഗിക്കേണ്ടതാണ്.

വൈദികർ സ്ഥലം മാറുന്ന മാസത്തെ അലവൻസിന്റെ പകുതി ഇപ്പോൾ ജോലി ചെയ്യുന്ന സ്ഥലത്തുനിന്നും ബാക്കി പകുതി പുതിയ സ്ഥലത്തു നിന്നും സ്വീകരിക്കേണ്ടതാണ്.

## 2. ബഹു. ഡീക്കന്മാരുടെ സമ്മേളനം

2019 സെപ്റ്റംബർ മുതൽ 2020 ഓഗസ്റ്റ്വരെയുള്ള കാലയളവിൽ പൗരോഹിത്യം സ്വീകരിക്കാൻ ഒരുങ്ങുന്ന എല്ലാ ബഹു. ശെമ്മാശന്മാരു ടെയും അവരുടെ മാതാപിതാക്കളുടെയും ഒരു സമ്മേളനം 2019 മെയ് 6-ാം തീയതി തിങ്കളാഴ്ച രാവിലെ 10.30ന് തലശ്ശേരി മൈനർ സെമിനാരിയിൽ വച്ച് ചേരുന്നതാണ്. ഏതെങ്കിലും ഇടവകയിൽ ഈ വർഷം തിരുപ്പട്ടം സ്വീകരിക്കുന്ന ഡീക്കന്മാർ ഉണ്ടെങ്കിൽ അവരെയും മാതാപിതാക്കന്മാരെയും പറഞ്ഞയയ്ക്കാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ. വരുന്നവരുടെ വിവരം മൈനർ സെമിനാരിയിൽ അറിയിക്കണം.

## 3. ജൂണിയർ സിസ്റ്റേഴ്സിനുള്ള കോഴ്സ്

തലശ്ശേരി അതിരൂപതയിൽ ജനറൽ/പ്രൊവിൻഷ്യൽ ഹൗസുകളുള്ള സന്യാസസമൂഹങ്ങളിലെ 2016-17, 2017-18, 2018-19 വർഷങ്ങളിൽ പ്രഥമ

വ്രതവാഗ്ദാനം നടത്തിയ എല്ലാ സിസ്റ്റേഴ്സിനും മറ്റ് സന്യാസസമൂഹങ്ങളിലെ തലശ്ശേരി അതിരൂപതയിൽ സേവനം ചെയ്യുന്ന ജൂണിയർ സിസ്റ്റേഴ്സിനുംവേണ്ടി ഒരു കോഴ്സ് 2019 മെയ് 24 മുതൽ 31 വരെ തലശ്ശേരി സന്ദേശഭവനിൽ വച്ച് നടത്തുന്നു. ഇനിയും പേരുവിവരങ്ങൾ നല്കാനുള്ളവർ എത്രയും പെട്ടെന്ന് സന്ദേശഭവൻ ഡയറക്ടറെ അറിയിക്കേണ്ടതാണ്.

## 4. ജൂണിയർ വൈദികരുടെ കോഴ്സ്

2009-2010 വർഷം തിരുപ്പട്ടം സ്വീകരിച്ചവർ മുതൽ 2018-19 വർഷം തിരുപ്പട്ടം സ്വീകരിച്ചവർ വരെയുള്ള പത്ത് ബാച്ചുകളിലെ വൈദികർക്കായി ഒരു പരിശീലനപരിപാടി 2019 ജൂൺ 10ന് വൈകുന്നേരം 5 മണി മുതൽ ജൂൺ 12ന് വൈകുന്നേരം 4 മണിവരെ തലശ്ശേരി സന്ദേശഭവനിൽ വച്ച് നടത്തുന്നതാണ്. പങ്കെടുക്കേണ്ടവരുടെ ലിസ്റ്റ് ഈ ലക്കം ഗിരിദീപത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## 5. മതബോധന ഞായർ

2019 ജൂൺ 2-ാം തീയതി ഞായറാഴ്ച നമ്മുടെ അതിരൂപതയിലെ എല്ലാ ഇടവകകളിലും മതപഠനക്ലാസ്സുകൾ ആരംഭിക്കുന്നു. അന്നേദിവസം തന്നെയാണ് മതബോധന ഞായറായും ആചരിക്കുന്നത്. മതബോധന ക്ലാസ്സുകൾ ആകർഷകമായ രീതിയിൽ ആരംഭിക്കുവാനുള്ള ക്രമീകരണങ്ങൾ ചെയ്യുമല്ലോ. അന്ന് വി. കുർബ്ബാന മധ്യേയെടുക്കുന്ന സ്തോത്രക്കാഴ്ച അതിരൂപതയിലെ മതബോധനപ്രവർത്തനങ്ങളെ സഹായിക്കാൻ വേണ്ടിയുള്ളതാണ്.

## 6. ആദരാഞ്ജലികൾ

**ശ്രീ ജോസഫ് (അപ്പച്ചൻ) മണ്ണൂർ (70) :** ബഹു. എബി മണ്ണൂർ അച്ചന്റെ വത്സലപിതാവ് ശ്രീ ജോസഫ് മണ്ണൂർ 2019 മാർച്ച് 29-ാം തീയതി നിര്യാതനായി. മൃതസംസ്ക്കാര ശുശ്രൂഷകൾ 30-ാം തീയതി ശനിയാഴ്ച അങ്ങാടിക്കടവ് സേക്രട്ട് ഹാർട്ട് ദൈവാലയത്തിൽനടന്നു. ഭവനത്തിലെ ശുശ്രൂഷകൾക്ക് ആർച്ചുബിഷപ്പ് മാർ ജോർജ് ഞറളക്കാട്ടും ദൈവാലയത്തിൽ നടന്ന ചടങ്ങുകൾക്ക് മാർ ജോർജ് വലിയമറ്റവും നേതൃത്വം നല്കി. പരേതന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുകയും സന്തപ്ത കുടുംബാംഗങ്ങളെ അനുശോചനം അറിയിക്കുകയും ചെയ്യുന്നു.

**ലൂക്ക് കരിനാട്ട് (69) :** ബഹു. ജോസഫ് കരിനാട്ടച്ചന്റെ വത്സല സഹോദരൻ ലൂക്ക് കരിനാട്ട് 2019 ഏപ്രിൽ 23-ന് നര്യാതനായി. മൃതസംസ്ക്കാര കർമ്മങ്ങൾ ഏപ്രിൽ 25-ന് ഉദയഗിരി സെന്റ് മേരീസ് ദൈവാലയത്തിൽ നടന്നു. മാർ ജോർജ് വലിയമറ്റം മൃതസംസ്കാര ശുശ്രൂഷകൾക്ക് നേതൃത്വം നല്കി. പരേതന് നിത്യശാന്തി ലഭിക്കട്ടെ എന്ന്

പ്രാർത്ഥിക്കുകയും സന്തപ്തകുടുംബാംഗങ്ങളെ അനുശോചനം അറിയിക്കുകയും ചെയ്യുന്നു.

**ഫാ. ജേക്കബ് നരിക്കുഴി (91) :** മാനന്തവാടി രൂപതാംഗവും തലശ്ശേരി രൂപതയിലെ ആദ്യകാല വൈദികരിൽ ഒരാളുമായ 'ഗിരിദീപം' മാസികയുടെ



സ്ഥാപക പത്രാധിപരുമായ റവ. ഫാ. ജേക്കബ് നരിക്കുഴി 2019 ഏപ്രിൽ 15-ന് നിര്യാതനായി. 1956 മാർച്ച് 15-ന് പൗരോഹിത്യം സ്വീകരിച്ച അദ്ദേഹം പാലാരൂപതയിലെ മറ്റക്കര, മല്ലികശ്ശേരി, അയ്യംപാറ ഇടവകകളിലെ സേവനത്തിനുശേഷം തലശ്ശേരി രൂപതയിൽ ചേർന്ന് മാനന്തവാടി സെന്റ് ജോസഫ്സ് പ്രസ് മാനേജർ, കല്ലാനോട്, കൂടരഞ്ഞി, മുള്ളൻകൊല്ലി, നിലമ്പൂർ, തരിയോട്, കല്ലോടി, കല്പറ്റ, കൊളവയൽ എന്നീ ഇടവകകളിൽ വികാരിയായും സേവനമനുഷ്ഠിച്ചു. 1961-ൽ ഒരു സാഹിത്യ മാസികയായി അദ്ദേഹം പ്രസിദ്ധീകരണം ആരംഭിച്ച 'ഗിരിദീപം' പിന്നീട് തലശ്ശേരി രൂപതയുടെ മുഖപ്രസിദ്ധീകരണമായി മാറി. നരിക്കുഴി അച്ചൻ 2005 മുതൽ ബത്തേരിയിലുള്ള കരുണ ഹോസ്പിറ്റലിൽ വിശ്രമ ജീവിതം നയിച്ചുവരികയായിരുന്നു. 2019 ഏപ്രിൽ 17-ന് അദ്ദേഹത്തിന്റെ മൃതസംസ്ക്കാര ശുശ്രൂഷകൾ ബത്തേരി അസംപ്ഷൻ ഫൊറോന പള്ളിയിൽ നടന്നു. അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവ് സംസ്ക്കാര ശുശ്രൂഷകളിൽ സംബന്ധിച്ചു. ഫാ. ജേക്കബ് നരിക്കുഴിയുടെ നിര്യാണ ത്തിൽ തലശ്ശേരി അതിരൂപതയുടെയും ഗിരിദീപം മാസികയുടെയും അനുശോചനം അറിയിക്കുകയും പരേതന്റെ നിത്യശാന്തിക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

## 7. സ്നേഹസ്മൃതി

1. റവ. ഫാ. ജോസഫ് മാടക്കച്ചേരി - 05-05-2002
2. റവ. ഫാ. അബ്രാഹം കാവളക്കാട്ട് - 06-05-1991
3. റവ. ഫാ. ജോസഫ് മാമ്പുഴ - 13-05-2007
4. മോൺ. ജേക്കബ് പുത്തേട്ട് - 16-05-1989
5. മോൺ. തോമസ് പഴേപറമ്പിൽ - 22-05-1992
6. റവ. ഫാ. ജോൺ മണ്ണനാൽ - 23-05-2008
7. റവ. ഫാ. ജോസ് മാരാംകുഴ - 23-05-2012
8. റവ. ഫാ. മാത്യു നടുവിലേക്കുറ്റ് - 24-05-1997
9. റവ. ഫാ. ഫിലിപ്പ് മുറിഞ്ഞകല്ലേൽ (ജൂനി.) - 25-05-2003
10. റവ. ഫാ. ജോർജ് താമരശ്ശേരി - 26-05-2008
11. റവ. ഫാ. ജോസഫ് മേമന - 27-05-2013

**ഫാ. തോമസ് തെങ്ങുംപള്ളിൽ**

ചാൻസലർ

## ജൂണിയർ വൈദികർക്കുള്ള പരിശീലനപരിപാടിയിൽ പങ്കെടുക്കേണ്ടവർ (ജൂൺ 10-12)

**Rev. Fathers**

Anachari Joseph
Anakuthiyil Mathew
Ananickal Jose
Chakeyarath Mathew
Chakkittamuriyil Thomas
Chalil George
Chempananickal John
Cheruvil Thomas
Chittettu Antony
Edathinakath Paul
Edayadiyil Sebastian
Edukunnel Elias
Elempurayidathil Joseph
Ezhuparayil Joseph
Ezhuparayil Sebastian
Kalapurackal Joseph
Kalapurackal Varghese
Kandathil Paul
Kanjirathinkal Joseph
Kannamkulathel Joseph
Karakkattu Kuriakose
Karikkathadathil George
Kochupurackal Abraham
Kochuveettil Peter Joseph
Koluthappally Joseph
Konickal Mathew
Koovaparayil John
Kottarathil Joseph
Koyipuram Joseph
Kulathara Joseph
Kunnath Varghese
Kunnel Mathew
Kurisumoottil Joseph
Madassery Lukose
Malakkaran Joseph
Manjalamkunnel Joseph
Menappattupadickal Thomas
Mukkuzhy Mathew
Mullappallil Mathew
Muttumannil Philip
Naduvilekkuttu Thomas
Nellithanathil Dennis
Nirappel Alex
Nirappel Joseph
Njamatholil Abraham
Orathel Joseph
Ottaplackal Abraham
Vadakkeparambil Joseph
Padinjareanisseril George
Pandaraparambil Joseph
Panthalanickal Thomas
Pazheparambil George
Plavunilkumparambil Kuriakose
Poovathanickal John Paul
Poovathanikunnel Scaria
Pottananiyil Joseph
Pravarthummalayil Mathew
Puliyurumbil Johnson
Pullolickal Thomas
Punchatharappel George
Puthukulangara Kuriakose
Rathappillil Joseph
Thekkedath Sebastian
Thuruthippally Joseph
Valiaparambil Mathew
Valiplackal Thomas
Vanderkunnel Joseph
Varambakath Scaria
Vayalunkal Joseph
Vemmenikattayil Sebastian
Vengakunnel Joseph
Vengaparambil Johnson
Vettiyanickal Antony
Vettiyanickal Varghese
Vettuvayalil Mathew

# സെമിനാരി വാർത്തകൾ

## ദൈവവിളി -റീജണൽ ക്യാമ്പ്

ഈ വർഷത്തെ ദൈവവിളി ക്യാമ്പ് ദൈവാനുഗ്രഹത്താൽ വിജയകരമായി പൂർത്തിയാക്കുവാൻ സാധിച്ചു. ഏപ്രിൽ 7 മുതൽ 10 വരെ 5 സെന്ററുകളിലായി നടന്ന ക്യാമ്പിൽ ആൺകുട്ടികളും പെൺകുട്ടികളുമായി 465 പേർ പങ്കെടുത്തു. ആൺകുട്ടികൾക്ക് കുന്നോത്ത്, പൈസക്കരി, പടന്നക്കാട്, തോമാപുരം എന്നീ സെന്ററുകളിൽ എല്ലാ ക്രമീകരണങ്ങളും ചെയ്ത ഡയറക്ടർമാരെയും ഫൊറോന വികാരിയച്ചന്മാരെയും നന്ദിപൂർവ്വം സ്മരിക്കുന്നു. 4 സെന്ററുകളിൽ ക്യാമ്പിനു നേതൃത്വം നല്കിയ ഫാ. മാത്യു ഇളംതുരുത്തിപ്പടവിൽ, ഫാ. വിപിൻ വെമ്മേനിക്കട്ടയിൽ, ഫാ. ജെയ്സ് കുരിശുംമൂട്ടിൽ, ഫാ. ജോബിൻ വലിയപറമ്പിൽ എന്നിവരെയും ഇവരുടെകൂടെ പ്രവർത്തിച്ച എല്ലാ ബഹു. വൈദികരെയും സിസ്റ്റേഴ്സിനെയും അല്മായ പ്രേഷിതരെയും നന്ദിയോടെ ഓർക്കുകയും അഭിനന്ദിക്കുകയും ചെയ്യുന്നു.നാല് സെന്ററുകളിലായി നടന്ന ക്യാമ്പിൽ 333 ആൺകുട്ടികൾ പങ്കുചേർന്നു.

മദർഹോമിൽ വച്ച് നടന്ന പെൺകുട്ടികളുടെ ക്യാമ്പിൽ 132 കുട്ടികൾ പങ്കെടുത്തു. എല്ലാ ക്രമീകരണങ്ങളും ചെയ്ത മദർഹോം ഡയറ ക്ടറച്ചനെ നന്ദിപൂർവ്വം ഓർക്കുന്നു. ക്യാമ്പിന് സഹായിച്ച ബഹു. ജിൻസ് വാളിപ്ലാക്കലച്ചനെയും ടീം അംഗങ്ങളെയും ഹൃദയപൂർവ്വം അഭിനന്ദി ക്കുകയും നന്ദി അറിയിക്കുകയും ചെയ്യുന്നു. കുട്ടികളെ റീജണൽ ക്യാമ്പിന് പറഞ്ഞയച്ച ബഹു. വികാരിയച്ചന്മാരെയും സിസ്റ്റേഴ്സിനെയും മാതാപിതാ ക്കളെയും വൊക്കേഷൻ ബ്യൂറോയുടെ പേരിലുള്ള ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു.

## സെലക്ഷൻ ക്യാമ്പ്

അതിരൂപതയുടെ നാല് സെന്ററുകളിലായി നടത്തിയ റീജണൽ വൊക്കേഷൻ ക്യാമ്പിൽനിന്നും തിരഞ്ഞെടുത്ത 61 ആൺകുട്ടികൾ അതിരൂപതാ സെലക്ഷൻ ക്യാമ്പിൽ പങ്കുചേർന്നു. ഏപ്രിൽ 11 മുതൽ 14 വരെ നടന്ന ക്യാമ്പിൽനിന്നും 44 പേരെ അഭിവന്ദ്യപിതാവുമൊത്തുള്ള ഇന്റർവ്യൂവിന് ക്ഷണിച്ചു. ക്യാമ്പിനു നേതൃത്വം നല്കിയ ബഹു. സോണി വടശ്ശേരി അച്ചനും മറ്റ് ടീം അംഗങ്ങൾക്കും അവാച്യമായ നന്ദിയും അഭിനന്ദ നങ്ങളും.

## ഇന്റർവ്യൂ

നമ്മുടെ അതിരൂപതയ്ക്കുവേണ്ടിയുള്ള കുട്ടികളുടെ അഭിവന്ദ്യപിതാവുമായുള്ള ഇന്റർവ്യൂ ഏപ്രിൽ 16 ന് പൂർത്തിയായി. 41 പേർ ഇന്റർവ്യൂവിൽ പങ്കെടുത്തു 35 മിടുക്കരായ കുട്ടികളെ അഭിവന്ദ്യപിതാവ് നമ്മുടെ അതിരൂപതയ്ക്കുവേണ്ടി തിരഞ്ഞെടുത്തു.

## മേജർ സെമിനാരി വാർത്തകൾ

നമ്മുടെ അതിരൂപതയ്ക്കുവേണ്ടി മേജർ സെമിനാരിയിൽ പഠിക്കുന്ന 5 വൈദികവിദ്യാർത്ഥികൾ മ്ശംശാനപട്ടവും 14 പേർ സബ്ഡീക്കൻ പട്ടവും, 11 പേർ കാറോയ പട്ടവും സ്വീകരിച്ചു. മേജർ-മൈനർ പട്ടങ്ങൾ സ്വീകരിച്ച എല്ലാ വൈദികവിദ്യാർത്ഥികൾക്കും അഭിനന്ദനങ്ങൾ.

## ഡീക്കൻപട്ടം സ്വീകരിച്ചവർ

| പേര്, വീട്ടുപേര് | ഇടവക | സെമിനാരി |
|---|---|---|
| 1. മഞ്ഞക്കുന്നേൽ മൈക്കിൾ | ചൂരപ്പടവ് | കുന്നോത്ത് |
| 2. പടിഞ്ഞാറയിൽ ജേക്കബ് | നീലേശ്വരം | സത്ന |
| 3. പഞ്ഞിക്കുന്നേൽ ജേക്കബ് | കൊട്ടോടി | കോട്ടയം |
| 4. വള്ളിയിൽ തോമസ് | ചെറുപാറ | ആലുവ |
| 5. വെള്ളൂർ പുത്തൻപുരയിൽ തോമസ് | ചായോത്ത് | സത്ന |

## സബ് ഡീക്കൻപട്ടം സ്വീകരിച്ചവർ

| പേര്, വീട്ടുപേര് | ഇടവക | സെമിനാരി |
|---|---|---|
| 1. ആനക്കല്ലിൽ ജോസഫ് | വെളിമാനം | ആലുവ |
| 2. ചക്കാംകുന്നേൽ അഗസ്റ്റിൻ | ചന്ദനക്കാംപാറ | ആലുവ |
| 3. ചെരിയംകുന്നേൽ ജോസഫ് | കരിക്കോട്ടക്കരി | സത്ന |
| 4. ചെറുശ്ശേരി ജോസഫ് | ഉളിക്കൽ | കുന്നോത്ത് |
| 5. ചിരണയ്ക്കൽ സ്കറിയ | വെളിമാനം | കോട്ടയം |
| 6. കടക്കുഴയിൽ ജൂഡ് | പുല്ലടി | കോട്ടയം |
| 7. കോയിപ്പുറം ജോസഫ് | ചെട്ടിയാംപറമ്പ് | ആലുവ |
| 8. കുടിലിൽ മാത്യു | എടൂർ | ആലുവ |
| 9. മണ്ണൂർ ജോൺ | പൈസക്കരി | കുന്നോത്ത് |
| 10. മുണ്ടപ്ലാക്കൽ ജോസ് | എടക്കോം | കോട്ടയം |
| 11. മുക്കുഴിയിൽ മാത്യു | ചെമ്പന്തൊട്ടി | കുന്നോത്ത് |
| 12. പാലക്കീയിൽ ജോസഫ് | ഭീമനടി | കുന്നോത്ത് |
| 13. പൂവൻപുഴ തോമസ് | മേരിഗിരി | കുന്നോത്ത് |
| 14. തെക്കേവയലിൽ ജോർജ് | മാലോം | കോട്ടയം |

## കാറോയപട്ടം സ്വീകരിച്ചവർ

| പേര്, വീട്ടുപേര് | ഇടവക | സെമിനാരി |
|---|---|---|
| 1. ഐക്കരപ്പറമ്പിൽ ജോസഫ് | ചെറീയഅരീക്കമല | സത്ന |
| 2. കളത്തിൽ തോമസ് | പടുപ്പ് | സത്ന |
| 3. മടപ്പാംതോട്ടുകുന്നേൽ ജോസഫ് | മുണ്ടാജെ | കോട്ടയം |
| 4. മരശ്ശേരി തോമസ് | നിർമ്മലഗിരി | കോട്ടയം |
| 5. മറ്റക്കോട്ടിൽ ആന്റണി | കുന്നുംകൈ | സത്ന |
| 6. മുണ്ടൻകുന്നേൽ ജോർജ് | എടൂർ | ആലുവ |
| 7. പന്തല്ലൂപറമ്പിൽ കുര്യാക്കോസ് | വെളിമാനം | കുന്നോത്ത് |
| 8. പരിയാനിക്കൽ മാത്യു | പുഞ്ച | കോട്ടയം |
| 9. പുതുമന ജോസഫ് | തോമാപുരം | കുന്നോത്ത് |
| 10. തുരുത്തേൽ ജോസഫ് | കരിക്കോട്ടക്കരി | കോട്ടയം |
| 11. വട്ടംകാട്ടേൽ തോമസ് | മണിക്കടവ് | കുന്നോത്ത് |

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് വയലുങ്കൽ**
വൊക്കേഷൻ പ്രൊമോട്ടർ 8547128523

**ഫാ. ജോർജ് കരോട്ട്**
റെക്ടർ 8304871142

## സിജോ അമ്പാട്ടിന് അഭിനന്ദനങ്ങൾ

സീറോ മലബാർ സഭയുടെ വക്താക്കളുടെ സമിതിയിൽ നിയമിതനായിരിക്കുന്ന തലശ്ശേരി അതിരൂപതാംഗം ശ്രീ സിജോ അമ്പാട്ടിന് അഭിനന്ദനങ്ങൾ.

സീറോ മലബാർ സഭയുടെ വിവിധ മാധ്യമ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനു സിനഡ് രൂപീകരിച്ച മീഡിയ കമ്മീഷനു പുതിയ ഭാരവാഹികളെയും വാക്താക്കളുടെ സമിതിയെയും നിയമിച്ചു. സഭയുടെ വൈസ് ചാൻസലർ കൂടിയായ റവ. ഡോ. ഏബ്രഹാം കാവിൽപുരയിടത്തിലാണു പി.ആർ.ഒ. ഫാ. ആന്റണി തലച്ചെല്ലൂർ മീഡിയാ കമ്മീഷൻ സെക്രട്ടറിയായും നിയമിതനായി.

വക്താക്കളുടെ സമിതിയിലേക്കു റവ. ഡോ ആന്റു ആലപ്പാടൻ, ഫാ. സെബാസ്റ്റ്യൻ ചെമ്പുകണ്ടത്തിൽ, ഡോ. മേരി റജീന, ഡോ. കൊച്ചുറാണി ജോസഫ്, ഡോ. രേഖ ജിജി കൂട്ടുമ്മേൽ, ഡോ. ചാക്കോ കാളംപറമ്പിൽ, അഡ്വ. അജി ജോസഫ് കോയിക്കൽ, അഡ്വ. ബിജു പറയന്നിലം, ആന്റണി പട്ടശേരി, സാജു അലക്സ്, സിജോ അമ്പാട്ട് എന്നിവരെ നിയമിച്ചു. സീറോ മലബാർ സഭയുടെ ഔദ്യോഗിക പ്രതിനിധികളായി മാധ്യമങ്ങളിൽ ഇടപെടുന്നതു വക്താക്കളാണ്.

# വിശ്വാസപരിശീലനം

**"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്ക 2:52).**

## 1. 2019 മതബോധന ഞായർ ജൂൺ 02

2019-20 അധ്യയന വർഷത്തെ വിശ്വാസപരിശീലനപ്രവർത്തനങ്ങൾ ആരംഭിക്കുന്നത് ജൂൺ 02 നായിരിക്കും. കഴിഞ്ഞ അധ്യയനവർഷത്തിൽ നല്കിയ സഹകരണത്തിനും പ്രോത്സാഹനത്തിനും പ്രത്യേകം നന്ദി പറയുന്നു. പുതിയ അധ്യയന വർഷാരംഭത്തിനുമുമ്പ് ബഹു. വികാരിയച്ചന്റെ അധ്യക്ഷതയിൽ സ്റ്റാഫ് മീറ്റിംഗ് കൂടുകയും സ്റ്റാഫ് ഫിക്സേഷൻ നടത്തുകയും പുതിയ അധ്യയനവർഷം നടപ്പിലാക്കേണ്ട കർമ്മപദ്ധതികൾക്ക് രൂപം കൊടുക്കുകയും ചെയ്യുമല്ലോ

## 2. ആമുഖസെമിനാർ മെയ് 1-4

നിലവിൽ പഠിപ്പിച്ചുകൊണ്ടിരിക്കുന്ന (ഇതുവരെയും ആമുഖ സെമിനാറിൽ പങ്കെടുക്കാൻ സാധിച്ചിട്ടില്ലാത്ത) വിശ്വസപരിശീലകർക്കായി മെയ് 1 മുതൽ 4 വരെയുള്ള തീയതികളിലായി ആമുഖസെമിനാർ സന്ദേശ ഭവനിൽ വച്ച് സംഘടിപ്പിക്കുന്നു. സെമിനാർ മെയ് മാസം 1-ാം തീയതി ബുധനാഴ്ച്ച വൈകുന്നേരം 6 മണിക്ക് ആരംഭിച്ച് 4-ാം തീയതി ശനിയാഴ്ച്ച ഉച്ചയ്ക്ക് 1 മണിക്ക് അവസാനിക്കുന്നതാണ്. ഫീസ് 1000 രൂപയായിരിക്കും.

## 3. ഹെഡ്മാസ്റ്റേഴ്സ് കോൺഫറൻസ് ജൂൺ 7-8 (വെള്ളി, ശനി)

2019-2020 അധ്യയനവർഷത്തെ ഹെഡ്മാസ്റ്റേഴ്സ് കോൺഫറൻസ് ജൂൺ 8ന് വെള്ളിയാഴ്ച്ച വൈകുന്നേരം 5 മണിക്ക് ആരംഭിച്ച് ജൂൺ 9 ശനിയാഴ്ച്ച ഉച്ചക്ക് 1.00 മണിക്ക് സമാപിക്കുന്നതാണ്. എല്ലാ ഹെഡ്മാസ്റ്റർമാരും നിർബന്ധമായും കോൺഫറൻസിൽ സംബന്ധിക്കേണ്ടതാണ്.

## 4. ജൂബിലി

മതാധ്യാപനരംഗത്ത് 25/50 വർഷം പൂർത്തിയാക്കിയവരുടെയും അധ്യാപനരംഗത്തുനിന്ന് വിരമിക്കുന്ന അധ്യാപകരുടെയും പേരും വീട്ടുപേരും ഫോട്ടോയും ഫോൺ നമ്പറും മെയ് 10 നുള്ളിൽ ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്. ഹെഡ്മാസ്റ്റേഴ്സ് കോൺഫറൻസ് നേരത്തെ ആയതിനാൽ ഓഫീസിൽനിന്ന് ആവശ്യപ്പെട്ടിരിക്കുന്ന എല്ലാ കാര്യങ്ങളും കൃത്യസമയത്ത് തന്നെ ചെയ്ത് സഹകരിക്കുമല്ലോ. കൂടാതെ ഹെഡ്മാസ്റ്റേഴ്സ് കോൺഫറൻസിനോടനുബന്ധിച്ച് ജൂൺ 9ന് ശനിയാഴ്ച്ച അഭിവന്ദ്യ

ഞറളക്കാട്ട് പിതാവിന്റെ അദ്ധ്യക്ഷതയിൽ ചേരുന്ന പൊതുയോഗത്തിൽ (11.00 മണിക്ക്) സംബന്ധിക്കുവാൻ അവരെ അറിയിക്കേണ്ടതാണ്.

## 5. ഹാജറിന് വിശിഷ്ട സമ്മാനം കുട്ടികൾക്ക്

12 വർഷവും എല്ലാ ഞായറാഴ്ച്ചകളിലും മുടങ്ങാതെ സൺഡേ സ്കൂളിൽവന്ന് പഠനം പൂർത്തിയാക്കിയ കുട്ടികൾക്ക് വിശ്വാസപരിശീലന കേന്ദ്രം പ്രത്യേക പ്രോത്സാഹനസമ്മാനം നല്കുന്നു. ബഹു. വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയ കത്തോടുകൂടി കുട്ടികളുടെ പേര് വിവരങ്ങൾ ഫോട്ടോ സഹിതം ഹെഡ്മാസ്റ്റർ മെയ് മാസം 10ന് മുമ്പായി ഓഫീസിലേക്ക് അയച്ചു തരേണ്ടതാണ്.

## 6. ഹാജറിന് വിശിഷ്ട സമ്മാനം അധ്യാപകർക്കും

12 വർഷവും എല്ലാ ഞായറാഴ്ച്ചകളിലും മുടങ്ങാതെ സൺഡേ സ്കൂളിൽ ഹാജരായി അധ്യാപനം നടത്തിയ അധ്യാപകർക്കും വിശ്വാസ പരിശീലനകേന്ദ്രം പ്രത്യേക പ്രോത്സാഹനസമ്മാനം നല്കുന്നു. ബഹു. വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയ കത്തോടുകൂടി അധ്യാപകരുടെ പേര് വിവരങ്ങൾ ഫോട്ടോ സഹിതം ഹെഡ്മാസ്റ്റർ മെയ് മാസം 10ന് മുമ്പായി ഓഫീസിൽ എത്തിക്കുമല്ലോ.

## 7. റവ. ബ്രദർ മാത്യു കാവുങ്കൽ സ്കോളർഷിപ്പ്

XII-ാം ക്ലാസ് കഴിഞ്ഞ കുട്ടികൾക്ക് ഉപരിപഠനാർത്ഥം ഏർപ്പെടുത്തിയിരിക്കുന്ന ബ്രദർ മാത്യു കാവുങ്കൽ സ്കോളർഷിപ്പിനുള്ള അപേക്ഷ മെയ് 10ന് മുമ്പ് ഓഫീസിൽ എത്തിക്കേണ്ടതാണ്. ഒരു ഇടവകയിൽനിന്ന് പരമാവധി രണ്ട് അപേക്ഷകളേ സ്വീകരിക്കുകയുള്ളൂ. ആദ്യം ലഭിക്കുന്ന ഇരുപത് അപേക്ഷകളാണ് പരിഗണിക്കുന്നത്.

## 8. ഹൃദയപൂർവ്വം നന്ദി

അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളിപിതാവിന്റെ 13-ാം ചരമവാർഷികത്തോടനുബന്ധിച്ച് നടത്തിയ കബറിടതീർത്ഥാടനത്തിനും കുടിയേറ്റ അനുസ്മരണ എക്സിബിഷനിലും പങ്കെടുക്കുവാനായി തലശ്ശേരിയിൽ വന്ന 10-ാം ക്ലാസിൽ വിശ്വാസപരിശീലനം പൂർത്തിയാക്കിയ എല്ലാ കുട്ടികൾക്കും അവരെ കൊണ്ടുവന്ന വിശ്വാസപരിശീലകർക്കും കുട്ടികളെ പറഞ്ഞയച്ച ബഹു. വികാരിയച്ചന്മാർക്കും ഹൃദയപൂർവ്വം നന്ദി പറയുന്നു. തീർത്ഥാടനം വിജയമാക്കുന്നതിനുവേണ്ടി അക്ഷീണം പ്രയത്നിച്ച ബിഷപ്പ്സ് ഹൗസ്, സന്ദേശഭവൻ, മൈനർ സെമിനാരി എന്നിവിടങ്ങളിലെ ബഹു. വൈദികർ, സിസ്റ്റേഴ്സ്, ബ്രദേഴ്സ്, സ്റ്റാഫ് അംഗങ്ങൾ എന്നിവരെ നന്ദിയോടെ ഓർമ്മിക്കുന്നു.

## 9. പാഠപുസ്തക - ഉപപാഠപുസ്തക വിതരണം

പാഠപുസ്തകങ്ങളുടെയും ഓഫീസിലേക്ക് ആവശ്യമായ മറ്റു ബുക്കുകളുടേയും വിലകളടങ്ങുന്ന ലിസ്റ്റ് മെയ് 20ന് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. പുസ്തകങ്ങൾ ജൂൺ 3 നുശേഷം ഫൊറോനാ അടിസ്ഥാനത്തിലാണ് വിതരണം ചെയ്യുന്നത്. പ്രസ്തുത വിവരങ്ങളും വെബ്സൈറ്റിലൂടെ അറിയിക്കുന്നതായിരിക്കും.

## 10. വിവിധ കുടിശികകൾ

2018-2019 വർഷത്തെ കുട്ടികളുടെ ഫണ്ട്, ചോദ്യപേപ്പർ തുക, ഗിരിദീപം വരിസംഖ്യ എന്നിവ അടയ്ക്കാത്തവർ അടച്ചു സഹകരിക്കുമല്ലോ. ഓഫീസിൽ അടയ്ക്കുവാനുള്ള തുകകൾ ബാങ്കുവഴി ട്രാൻസ്ഫർ ചെയ്യാൻ സാധിക്കും. അപ്രകാരം ചെയ്യുന്നവർ പണം അടച്ചതിനുശേഷം ഓഫീസിൽ വിളിച്ച് അറിയിക്കേണ്ടതാണ്. രസീത് അയച്ചുതരുന്നതാണ് (ഫോൺ: 0490 2344430). താഴെ കൊടുത്തിരിക്കുന്ന അക്കൗണ്ടിലേയ്ക്കാണ് തുകകൾ അയക്കേണ്ടത്.

A/c Holder : Department of Catechesis
A/c No : 0078053000073503, IFSC : SIBL 0000078
Bank : South Indian Bank, Thalassery

## 11. സഭാവിജ്ഞാനീയ ക്വിസ്

സഭയും സുവിശേഷവത്കരണവും എന്ന പുസ്തകത്തെ ആസ്പദമാക്കി വിശ്വാസപരിശീലകർക്കായി ഏപ്രിൽ 13 ശനിയാഴ്ച്ച തളിപ്പറമ്പിൽ വച്ച് സഭാവിജ്ഞാനീയ ക്വിസ് സംഘടിപ്പിച്ചു. പങ്കെടുത്ത എല്ലാ വിശ്വാസപരിശീലകർക്കും അവരെ ഒരുക്കി പറഞ്ഞയച്ച ബഹു. വികാരിയച്ചന്മാർക്കും നന്ദി. സമ്മാനാർഹരായ വിശ്വാസപരിശീലകർക്ക് അതിരൂപത വിശ്വാസപരിശീലന കുടുംബാംഗങ്ങളുടെ അഭിനന്ദനങ്ങൾ.

| | | |
|---|---|---|
| 1. മോളി കാരക്കടയിൽ | ജയഗിരി | ഒന്നാം റാങ്ക് |
| 2. ബിൻസി വല്ലനാട്ട് | വിജയഗിരി | രണ്ടാം റാങ്ക് |
| 3. ജോസ് കലയത്തിനാക്കുഴി | കരിക്കോട്ടക്കരി | മൂന്നാം റാങ്ക് |

## 12. ഡിപ്ലോമ പരീക്ഷാഫലം

XII-ാം ക്ലാസ്സിലെ കുട്ടികളുടെ ഡിപ്ലോമ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പരീക്ഷാഫലം അറിയുവാനായി www.catechismthalassery.org എന്ന വെബ്സൈറ്റിൽ ഹെഡ്മാസ്റ്റർമാർക്ക് നല്കിയിരിക്കുന്ന user name & password ഉപയോഗിച്ച് ലോഗിൻ ചെയ്യുക. വെബ്സൈറ്റ് വഴി ലഭിക്കുന്ന മാർക്ക്ലിസ്റ്റ് ബഹു. വികാരിയച്ചന്റെയും ഹെഡ്മാസ്റ്ററിന്റെയും ഒപ്പോടുകൂടി പരസ്യപ്പെടുത്തേണ്ടതാണ്.

ഡിപ്ലോമ പരീക്ഷയിൽ ജയിക്കണമെങ്കിൽ ഒന്നാം ഗ്രൂപ്പിൽ **24** മാർക്കും രണ്ടാം ഗ്രൂപ്പിൽ **6** മാർക്കും മൂന്നാം ഗ്രൂപ്പിൽ **10** മാർക്കും ലഭിക്കണം (മൊത്തം

40 മാർക്ക്). മൂല്യനിർണ്ണയം സംബന്ധിച്ച് എന്തെങ്കിലും പരാതിയുണ്ടെങ്കിൽ ബഹു. വികാരിയച്ചന്റെ ഒപ്പോടുകൂടിയ അപേക്ഷ ഓഫീസിൽ മെയ് 6നു മുമ്പ് എത്തിക്കേണ്ടതാണ്. കൂടാതെ 100 രൂപ ഫീസും അടക്കേണ്ടതാണ്. ഡിപ്ലോമ സർട്ടിഫിക്കറ്റ്/കോഴ്സ് സർട്ടിഫിക്കറ്റ് എന്നിവ ഹെഡ്മാസ്റ്റേഴ്സ് കോൺഫറൻസിൽ വിതരണം ചെയ്യുന്നതാണ്. കുട്ടികളുടെ പേര് വിവരങ്ങളിൽ എന്തെങ്കിലും തിരുത്തലുകൾ ആവശ്യമുണ്ടെങ്കിൽ മെയ് 6നുള്ളിൽ ഓഫീസിലറിയിച്ച് തിരുത്തേണ്ടതാണ്. സർട്ടിഫിക്കറ്റുകളുടെ വിതരണത്തിനുശേഷം വരുന്ന തിരുത്തലുകൾക്കും പുതിയ സർട്ടിഫിക്കറ്റിനും 25രൂപ ഓഫീസിൽ അടക്കേണ്ടതാണ്.

## 13. ഡിപ്ലോമ പരീക്ഷാഫലം

2018-2019 അധ്യയനവർഷത്തിലെ XII-ാം ക്ലാസിലെ ഡിപ്ലോമ പരീക്ഷാഫലം താഴെ ചേർക്കുന്നു.

| അതിരൂപതാ റാങ്ക് ലിസ്റ്റ് | | |
|---|---|---|
| 1. അന്ന കുന്നപ്പള്ളിൽ | കിളിയന്തറ | ഒന്നാം റാങ്ക് |
| 2. മേരി നരിമറ്റത്തിൽ | കച്ചേരിക്കടവ് | രണ്ടാം റാങ്ക് |
| 3. മരിയ നൂറനാനിക്കൽ | കണ്ണിവയൽ | മൂന്നാം റാങ്ക് |
| **ഫൊറോന റാങ്ക് ലിസ്റ്റ്** | **ഇടവക** | **ഫൊറോന** |
| 1. അന്ന വേക്കത്താനത്ത് | ആലക്കോട് | ആലക്കോട് |
| 2. ലിസ്മരിയ കുറ്റ്യാത്ത് | ചെമ്പന്തൊട്ടി | ചെമ്പന്തൊട്ടി |
| 3. ഏലിയാമ്മ പൂവംനിക്കുന്നതിൽ | കുടിയാന്മല | ചെമ്പേരി |
| 4. മേരി അരീക്കാടൻ | അരവഞ്ചാൽ | ചെറുപുഴ |
| 5. തോമസ് നെല്ലൂർ | ചെടിക്കുളം | എടൂർ |
| 6. എലിസബത്ത് ഐക്കരക്കാനായിൽ | കാസർഗോഡ് | കാഞ്ഞങ്ങാട് |
| 7. ജോസഫ് തെങ്ങുംപള്ളിൽ | എടക്കാനം | കുന്നോത്ത് |
| 8. റോസമ്മ പ്ലാത്തോട്ടത്തിൽ | പെരുമ്പടവ് | മേരിഗിരി |
| 9. തദേവൂസ് വടക്കേടത്ത് | ആനറ | നെല്ലിക്കാംപൊയിൽ |
| 10. അന്ന ചിറമാട്ടേൽ | ചുണ്ടപ്പറമ്പ് | പൈസക്കരി |
| 11. ജോസഫ് കുന്നത്തുളയിൽ | കള്ളാർ | പനത്തടി |
| 12. മരിയ കോക്കാട്ട് | കല്ലുമുതിരക്കുന്ന് | പേരാവൂർ |
| 13. അന്നമ്മ നെടുംകല്ലേൽ | തലശ്ശേരി | തളിപ്പറമ്പ് |
| 14. ആൻമരിയ കോട്ടയിൽ | തോമാപുരം | തോമാപുരം |
| 15. ജോസഫ് കുന്നംകോട്ട് | അൽഫോൻസഗിരി | വായാട്ടുപറമ്പ് |
| 16. അന്നമ്മ പുത്തൻപുരക്കൽ | ബളാൽ | വെള്ളരിക്കുണ്ട് |

സ്നേഹത്തോടെ,

**ഫാ. ജോസഫ് വേങ്ങക്കുന്നേൽ**
അസി. ഡയറക്ടർ

**ഫാ. ജേക്കബ് വെണ്ണായപ്പിള്ളിൽ**
ഡയറക്ടർ, 9447952958

# കുടുംബ കൂട്ടായ്മ
# തലശ്ശേരി അതിരൂപത

## FAMILY RENEWAL UNITS IN THALASSERY (FRUITS)

**കുടുംബ കൂട്ടായ്മയുടെ ഓഫീസിൽ നിന്നും ആശംസകൾ!**

കുടുംബ കൂട്ടായ്മ വർഷാചരണത്തിന്റെ ഔദ്യോഗിക ഉദ്ഘാടനം മാർച്ച് 24 ഞായറാഴ്ച അഭിവന്ദ്യ ആർച്ച് ബിഷപ്പ് മാർ ജോർജ് ഞറളക്കാട്ട് കത്തീഡ്രൽ ദൈവാലയത്തിൽ ദിവ്യബലി അർപ്പിച്ച് ദീപം കൊളുത്തി പേപ്പൽ പതാക കൈമാറി നിർവ്വഹിച്ചു. എല്ലാ ഇടവകാ ദൈവാലയങ്ങളിലും കുടുംബ കൂട്ടായ്മ വർഷാചരണത്തിന്റെ ബോർഡ് സ്ഥാപിക്കുകയും വർഷാ ചരണം പ്രഖ്യാപിക്കുകയും ചെയ്തു. അന്ന് സായാഹ്നത്തിൽ അതിരൂപത യിലെ 3200 റോളം യൂണിറ്റുകളിൽ തിരികൊളുത്തി, ജപമാല ചൊല്ലി ജന ത്തിന്റെ സംഘടിതബോധത്തിന്റെയും സഭാത്മക ജീവിതത്തിന്റെയും പ്രക ടനമായി പതാക ഉയർത്തി പുതിയ വർഷത്തിലേയ്ക്ക് പ്രവേശിച്ചു. വളരെ ആവേശത്തോടെ അതിരൂപത മുഴുവനും ഇതിൽ പങ്കുചേർന്നു എന്നത് വളരെ അഭിമാനകരമാണ്.

ഓരോ ഇടവകയ്ക്കും ആവശ്യമായ ബോർഡുകളും പതാകകളും തയാ റാക്കി സമയത്തുതന്നെ വിവിധ കേന്ദ്രങ്ങളിൽ എത്തിക്കുവാൻ സാധിച്ചു. മൂവായിരത്തോളം പതാകകൾ ഉണ്ടാക്കാൻ സഹായിച്ചത് ആരാധന സഭ യിലെയും നസ്രത്ത് സഭയിലെയും സിസ്റ്റേഴ്സാണ്. ബോർഡുകളും പതാ കകളും ലഘുലേഖകളും കൂട്ടായ്മകളിൽ എത്തിക്കുവാൻ കഠിനാധ്വാനം ചെയ്ത കുടുംബ കൂട്ടായ്മ കേന്ദ്ര സമിതി അംഗങ്ങളോടും സഹകരിച്ച എല്ലാവരോടും ഹൃദയപൂർവ്വം നന്ദിപറയുന്നു.

### വള്ളോപ്പിള്ളി പിതാവിന്റെ ഓർമ്മയാചരണം

അഭിവന്ദ്യ വള്ളോപ്പിള്ളി പിതാവിന്റെ ഓർമ്മ ഓരോ കൂട്ടായ്മയിലും ആചരിക്കുവാൻ നാം പരിശ്രമിച്ചു. മതബോധന കേന്ദ്രം തയ്യാറാക്കിയ പഠ നവും ചിന്തകളും ഓരോ യൂണിറ്റിലും എത്തിക്കുവാൻ സഹായിച്ചു. ഇന്ന് കാണുന്ന സമൃദ്ധിയിലേക്ക് ഒരു ജനതയെ നയിച്ച മലബാറിന്റെ മോശയുടെ ഓർമ്മ സജീവമായി നിർത്തുവാൻ നാം പരിശ്രമിക്കണം.

### മെയ് മാസത്തെ ചർച്ചകളും പ്രവർത്തനങ്ങളും

1. മെയ് മാസം പരിശുദ്ധ ദൈവമാതാവിന്റെ വണക്കമാസം ഭക്തിയോടെ നാം ആചരിക്കണം. കുടുംബങ്ങളിലും കൂട്ടായ്മകളിലും വണക്കമാസ പ്രാർത്ഥനകൾ ചൊല്ലുന്നത് പ്രോത്സാഹിപ്പിക്കണം. മെയ് മാസത്തെ കൂട്ടായ്മകളിൽ പരിശുദ്ധ മാതാവിന്റെ രൂപം അലങ്കരിക്കുകയും ജപമാല ചൊല്ലുകയും ചെറിയ രീതിയിൽ ആഘോഷം നടത്തുകയും ചെയ്യുക.
2. ജൂൺ ആദ്യ ആഴ്ചയിൽ ആരംഭിക്കുന്ന മതബോധനത്തെക്കുറിച്ച് കൂട്ടാ യ്മയിൽ ചർച്ച നടത്തണം. മുഴുവൻ കുട്ടികളും മുടങ്ങാതെ ആദ്യ ഞായ

റാഴ്ചത്തെ മതബോധനത്തിൽ പങ്കുചേരാൻ ശ്രദ്ധിക്കണം. മതബോധന ത്തിനു നേതൃത്വം കൊടുക്കുന്ന മതാധ്യാപകരെ അഭിനന്ദിക്കുകയും നന്ദി പറയുകയും ചെയ്യുന്നു.

3. മനുഷ്യത്വ വികാസത്തിന്റെ ഔന്നത്യമായ വിദ്യാഭ്യാസത്തിന് തുടക്കം കുറിച്ചുകൊണ്ട് സ്കൂളുകൾ തുറക്കുകയാണ്. ഹൈസ്ക്കൂളുകളിൽ മെയ് മാസത്തിൽ തന്നെ ക്ലാസ്സുകൾ ആരംഭിക്കുമല്ലോ. പുത്തൻ വർണ്ണങ്ങളും പ്രതീക്ഷകളും ആരംഭിക്കുന്ന സ്കൂൾ വർഷത്തിനും വിദ്യാർത്ഥികൾക്കും ആശംസകൾ നേരുന്നു.

4. **വിദ്യാരംഭം :** നമ്മുടെ വിശ്വാസപ്രകാരം ജ്ഞാനത്തിന്റെ ഉറവിടം പരിശുദ്ധാത്മാവാണ്. പരിശുദ്ധാത്മാവിന്റെ ആഗമനത്തെ പ്രത്യേകം അനു സ്മരിക്കുന്ന പന്തക്കുസ്ത വിദ്യാരംഭമായി ജൂൺ 9 ഞായറാഴ്ച ആചരി ക്കാം. ഈ വർഷം സ്കൂളിൽ ആദ്യമായി പോകുന്ന കുട്ടികൾക്കായി പ്രത്യേക പ്രാർത്ഥന നടത്താവുന്നതാണ്. അരിയിൽ ഈശോ എന്നെഴു തിച്ചും തലയിൽ കൈവെച്ച് അനുഗ്രഹിച്ചും വൈദികർ കുഞ്ഞുങ്ങളെ അക്ഷര ലോകത്തിലേയ്ക്ക് കൈപിടിച്ച് നടത്തട്ടെ.

## ഇടവകാ കോർഡിനേറ്റർമാരുടെ സമ്മേളനം

**മെയ് 25 ശനിയാഴ്ച രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 2 മണി വരെ അതിരൂപതയിലെ എല്ലാ കോർഡിനേറ്റർമാരുടെയും ഒരു സമ്മേ ളനം തളിപ്പറമ്പ് സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽ ചേരുന്നു.** കുടുംബ കൂട്ടായ്മയുടെ ഇതുവരെയുള്ള പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും പദ്ധതികൾ ആസൂത്രണം ചെയ്യുന്ന തിനുമുള്ള ഈ സമ്മേളനത്തിൽ നിർബന്ധമായും എല്ലാ കോർഡിനേറ്റർമാ രും പങ്കെടുക്കണം. അവരെ പറഞ്ഞയക്കണമെന്ന് ബഹുമാനപ്പെട്ട വികാരി യച്ചന്മാരോട് അഭ്യർത്ഥിക്കുന്നു.

കുടുംബ കൂട്ടായ്മകൾ മുടങ്ങാതെ നടക്കുന്നുവെന്നും മുഴുവൻ ആളു കളും താല്പര്യത്തോടെ പങ്കുചേരുന്നുവെന്നും കരുതുന്നു. അടുത്ത 2 മാസ ങ്ങളിലെ കൂട്ടായ്മകൾ ചേരുന്ന ഭവനങ്ങളും തീയതിയും ഇപ്പോൾ തന്നെ തീരുമാനിക്കണം. അടുത്ത മാസം കൂട്ടായ്മ നടത്തുന്ന കുടുംബത്തിന് പതാ കയും തിരിയും രൂപവും കൈമാറുകയും പതാക ആ ഭവനത്തിന്റെ മുൻപിൽ പ്രതിഷ്ഠിക്കുകയും വേണം. നമ്മുടെ കൂട്ടായ്മയുടെ യോജിപ്പും സാമുദാ യികബോധവും പ്രകടിപ്പിക്കാനുള്ള അവസരമാണ് ഓരോ കൂട്ടായ്മകളും. കൂട്ടായ്മകൾക്ക് നേതൃത്വം കൊടുക്കുന്ന ബഹുമാനപ്പെട്ട വൈദികർക്കും സിസ്റ്റേഴ്സിനും കൂട്ടായ്മ ഭാരവാഹികൾക്കും സ്നേഹപൂർവ്വം നന്ദിയും അഭിനന്ദനങ്ങളും അർപ്പിക്കുന്നു.

സ്നേഹപൂർവ്വം,

**ഫാ. മാത്യു ആശാരിപറമ്പിൽ**
ഡയറക്ടർ

# ബൈബിൾ അപ്പൊസ്തൊലേറ്റ്
# &
# ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

## 1. റസിഡൻഷ്യൽ ക്ലാസ്സ്

ദൈവശാസ്ത്രത്തിൽ ബിരുദവും മാസ്റ്റർ ബിരുദവും നേടുന്നവർക്കായി തലശ്ശേരി ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് രണ്ട് ദിവസത്തെ റസിഡൻഷ്യൽ ക്ലാസ്സ് സംഘടിപ്പിക്കുന്നു. മെയ് 13 തിങ്കളാഴ്ചയും മെയ് 14 ചൊവ്വാഴ്ചയു മാണ് ക്ലാസ്സുകൾ.

2018 – 19 അദ്ധ്യായന വർഷത്തിൽ നടത്തപ്പെട്ട രണ്ട് സെമസ്റ്ററിലെ എല്ലാ വിഷയങ്ങളും മെയ് 13-ാം തീയ്യതിയിൽ ക്ലാസ്സുകൾ നൽകുന്നു. ഏതെങ്കിലും വിഷയങ്ങൾ കൂടാൻ സാധിക്കാതെ വന്നവർക്കെല്ലാം അന്നേ ദിവസം ക്ലാസ്സിൽ പങ്കെടുക്കാവുന്നതാണ്. ക്ലാസ്സിൽ പങ്കെടുക്കാതെ പരീക്ഷ എഴുതിയവർക്കും അന്നേ ദിവസം ക്ലാസ്സിൽ സംബന്ധിച്ചാൽ ഇന്റേണൽ മാർക്ക് നൽകുന്നതായിരിക്കും.

14-ാം തീയ്യതി ചൊവ്വാഴ്ച മാസ്റ്റർ ബിരുദക്കാർക്കുവേണ്ടിയുള്ള സ്പെഷ്യലൈസേഷൻ വിഷയങ്ങളടങ്ങുന്ന ക്ലാസ്സുകളാണ്. എം.റ്റി.എച്ച് ചെയ്യുന്ന എല്ലാ വിദ്യാർത്ഥികളും ഇന്റഗ്രേറ്റഡ് എം.എ. ചെയ്യുന്നവരും ആ ദിവസത്തെ ക്ലാസ്സിൽ പങ്കെടുക്കേണ്ട താണ്. വിഷയങ്ങളും സമയവും താഴെ കൊടുക്കുന്നു.

**13-05-2019 (Monday)**

| Sl. No. | Subject | Time |
|---|---|---|
| 01 | Introduction to Theology | 09.00am - 09.30am |
| 02 | Theology of other Religion | 09.30am - 10.15am |
| 03 | Morality of Life | 10.15am - 11.00am |
| 04 | Wisdom Literature | 11.15am – 12.00pm |
| 05 | Book of Revelation | 12.00pm – 12.45pm |
| 06 | On the ways of Prophets | 01.30pm - 02.15pm |
| 07 | The Universal Letters | 02.15pm - 03.00pm |
| 08 | Indian Church History II | 03.00pm - 03.45pm |
| 09 | Biblical Hebrew | 04.00pm - 05.00pm |

## MTh & IMA Specialization Subjects

### 1. Biblical Theology

| Sl. No. | Subject | Date | Time |
|---|---|---|---|
| 01 | Historical Approaches in the Bible | 14-05-2019 | 09.30 am – 11.00 am |
| 02 | Greek II | 14-05-2019 | 11.30 am - 01.15 pm |
| 03 | New Trends in Hermeneutics | 14-05-2019 | 02.30 pm – 04.30 pm |

### 2. Moral Theology

| Sl. No. | Subject | Date | Time |
|---|---|---|---|
| 01 | Veritatis Splendor | 14-05-2019 | 09.30 am – 11.00 am |
| 02 | Media Ethics | 14-05-2019 | 11.30 am - 01.15 pm |
| 03 | Business Ethics | 14-05-2019 | 02.30 pm – 04.30 pm |

### 3. Dogmatic Theology

| Sl. No. | Subject | Date | Time |
|---|---|---|---|
| 01 | Theology of Eucharist | 14-05-2019 | 09.30 am – 11.00 am |
| 02 | Latin Language | 14-05-2019 | 11.30 am - 01.15 pm |
| 03 | New Trends in Hermeneutics | 14-05-2019 | 02.30 pm – 04.30 pm |

### 2. ഹീബ്രു പരീക്ഷ

ഈ സെമസ്റ്ററിലെ വിഷയമായ ഹീബ്രുവിന്റെ പരീക്ഷ മെയ് 5-ാം തീയ്യതി ഞായറാഴ്ച അതാത് സെന്ററുകളിൽ നടത്തപ്പെടുന്നു. ഉച്ച കഴിഞ്ഞ് 2.30-4.30 വരെയാണ് പരീക്ഷാ സമയം.

### 3. ഇന്ത്യൻ സഭാചരിത്രം II പരീക്ഷ

ഇന്ത്യൻ സഭാചരിത്രം രണ്ടാം ഭാഗത്തിന്റെ ആസ്പെക്ട് പരീക്ഷ ചെയ്യാത്ത ദൈവശാസ്ത്ര വിദ്യാർത്ഥികൾക്കായുള്ള പരീക്ഷ മെയ് 18 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2 മുതൽ 4 വരെ അതാത് സെന്ററുകളിൽ നടത്തപ്പെടുന്നു.

### 4. സപ്ലിമെന്ററി പരീക്ഷ

മെയ് 18 ശനിയാഴ്ച്ച രാവിലെ 9 മണി മുതൽ വൈകുന്നേരം 4 മണി വരെ ആൽഫയുടെ ല്യൂമെൻ എക്ലേസിയാ കേന്ദ്രങ്ങളിൽവച്ച് എല്ലാ വിഷയങ്ങളുടെയും സപ്ലിമെന്ററി പരീക്ഷകൾ നടത്തപ്പെടുന്നതാണ്. ബിരുദ കോഴ്സിലെ മുടങ്ങിപ്പോയിട്ടുള്ള പരീക്ഷകൾ എഴുതാൻ പഠിതാക്കൾക്ക് ഈ അവസരം പ്രയോജനപ്പെടുത്താവുന്നതാണ്.

സപ്ലിമെന്ററി പരീക്ഷ എഴുതുന്നവർ നിർബന്ധമായും മെയ് 11 മുമ്പായി ആൽഫാ ഓഫീസിൽ വിളിച്ച് (*ഫോൺ: 0490 2344727, 2343707, 8086312826*) പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്റ്റർ ചെയ്യാത്ത വിദ്യാർത്ഥികൾക്ക് പരീക്ഷ എഴുതാൻ സാധിക്കുന്നതല്ല.

## സപ്ലിമെന്ററി പരീക്ഷാകേന്ദ്രങ്ങൾ

1. പേരാവൂർ, 2. ഇരിട്ടി, 3. ചെമ്പേരി, 4. ആലക്കോട്, 5. ചെറുപുഴ
6. തോമാപുരം, 7. വെള്ളരിക്കുണ്ട്, 8. പനത്തടി, 9. പടുപ്പ്

സ്നേഹപൂർവ്വം,

**ഡയറക്ടർ**


## START-ൽ അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു.

ഉന്നതനിലവാരം പുലർത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അഡ്മിഷൻ നേടാനും മികവോടെ പഠനം പൂർത്തിയാക്കി ഉന്നതപദവികളിൽ എത്തിച്ചേരാനും പ്രത്യേകം തെരഞ്ഞെടുക്കുന്ന കുട്ടികളെ ഒരുക്കുക എന്ന ലക്ഷ്യത്തോടെ താമരശ്ശേരി രൂപതയുടെ ആഭിമുഖ്യത്തിൽ St Thomas Academy for Research and Training (START)എന്ന പേരിൽ ഒരു പരിശീലനകേന്ദ്രം 2006 മുതൽ കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിച്ചുവരുന്നു. STARTന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന പരിശീലനപരിപാടികളിൽഏറ്റവും പ്രധാനപ്പെട്ടത് പ്ലസ്ടുകഴിഞ്ഞ കുട്ടികൾക്കു വേണ്ടി സംഘടിപ്പിച്ചുവരുന്ന ഏകവത്സര തീവ്രപരിശീലന കോഴ്സാണ്. സ്റ്റാർട്ടിൽ താമസിച്ചുകൊണ്ടുള്ള Master Training Course (MTC) എന്ന പരിശീലനപരിപാടിയിലേക്ക് അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു.

**കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക : 0495 2357843, 9846846816.**

**ഫാ. ഡോ. ആന്റണി കൊഴുവനാൽ**

ഡയറക്ടർ, സ്റ്റാർട്ട് 9447244123

# ചെറുപുഷ്പ മിഷൻലീഗ്

സ്നേഹ ബഹു. അച്ചാ, സിസ്റ്റേഴ്സ്, മിഷനറിമാരെ,

അനുഗ്രഹദായകമായ ഒരു പ്രവർത്തന വർഷംകൂടി നാം പിന്നിടുമ്പോൾ സ്നേഹത്തിലധിഷ്ഠിതമായ ജീവിതചര്യയിലൂടെ മുന്നേറുവാൻ നമ്മെ ഓരോരുത്തരെയും അനുവദിച്ച നല്ല ദൈവത്തിനുമുൻപിൽ ശിരസ് നമിക്കാം. കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തനങ്ങളെ വിലയിരുത്തുമ്പോൾ കുഞ്ഞുമിഷനറിമാരുടെ പ്രേഷിത തീക്ഷ്ണതയും അവരുടെ തളരാത്ത ആത്മവിശ്വാസവും, നിരന്തരമായ പരിശ്രമവും, അചഞ്ചലമായ നിശ്ചയ ദാർഢ്യവും, പതറാത്ത കാൽവെയ്പും നമ്മുടെ സംഘടനയുടെ വളർച്ചയിൽ ഒരു നാഴികക്കല്ലായി മാറി എന്ന് പറയുന്നതിൽ സംശയമില്ല. സ്നേഹമുള്ള കുഞ്ഞുമക്കളേ 'ചെറുപുഷ്പ മിഷൻ ലീഗ് ദൈവവിളിയുടെ വിത്തു വിതയ്ക്കാനും വിളകൊയ്യാനും' എന്ന വരുംവർഷത്തെ ആപ്തവാക്യത്തെ നെഞ്ചോട് ചേർത്ത് വച്ച് ഊർജ്ജ്വസ്വലതയോടെ പ്രവർത്തിക്കാൻ എല്ലാ മക്കൾക്കും സാധിക്കട്ടെ എന്ന് ആശംസിക്കുന്നു പ്രാർത്ഥിക്കുന്നു... അനുസ്മരിക്കുന്ന തിരുനാൾ : വി. യൗസേപ്പ് പിതാവ്

| | |
|---|---|
| അനുസ്മരിക്കുന്ന വിശുദ്ധൻ | : വി. ഡൊമിനിക് സാവിയോ |
| പ്രാർത്ഥനാ നിയോഗം | : മാതൃരാജ്യത്തിനും ഭരണാധികാരികൾക്കും |
| വചനഭേരി | : പ്രഭാഷകൻ 48-51 അധ്യായങ്ങൾ മന:പാഠമാക്കുക |
| സുകൃതം | : 71 സ്വർഗ്ഗ, 71നന്മ, 71 ത്രിത്വസ്തുതി. |
| ദിയാക്കോണിയ | : നേതൃത്വപരിശീലനം |

## ശാഖകൾ ശ്രദ്ധിക്കാൻ

| | |
|---|---|
| 01 ബുധൻ | : തൊഴിലാളികളുടെ മദ്ധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെ തിരുനാൾ |
| 08-11 | : ദി ലീഡർ (സന്ദേശഭവനിൽ വച്ച്) |
| 15-18 | : ദി ലീഡർ (പടന്നക്കാട് വച്ച്) |
| 20-24 | : പഠന ഒരുക്ക ധ്യാനം (പരിയാരം മദർഹോമിൽവച്ച്) |
| 20 | : ശാഖാവാർഷിക റിപ്പോർട്ട് മേഖലയിൽ എത്തിക്കുക. |
| 21 | : തലശ്ശേരി അതിരൂപത പ്രഥമ പ്രസിഡന്റ് തോമസ് തോണിപ്പാറ സാറിന്റെ 4-ാം ചരമവാർഷികം |
| 31 | : ശാഖാ - മേഖല വാർഷിക റിപ്പോർട്ട് അതിരൂപതയിൽ എത്തിക്കേണ്ട അവസാന ദിവസം |

## മേഖലകൾ ശ്രദ്ധിക്കാൻ

എക്സിക്യൂട്ടീവ്, എയ്ഞ്ചൽസ്മീറ്റ്, ക്യാമ്പ്, സെമിനാർ, ശാഖ-മേഖലാ വാർഷിക റിപ്പോർട്ട് മെയ് 31ന് അതിരൂപതയിൽ എത്തിക്കുക.

## പഠന ഒരുക്കധ്യാനം

ചെറുപുഷ്പ മിഷൻ ലീഗിന്റെയും മലബാർ ക്രിസ്റ്റീന്റെയും മദർ ഹോമിന്റെയും നേതൃത്വത്തിൽ മെയ് 20-24 വരെ പരിയാരം മദർഹോമിൽ വച്ച് പഠന ഒരുക്കധ്യാനം നടത്തപ്പെടുന്നു. രജിസ്ട്രേഷൻ ഫീസ് 500 രൂപ. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ താഴെകൊടുത്തിരിക്കുന്ന നമ്പറിൽ ബന്ധപ്പെടുക. ഫോൺ നമ്പർ : 9446567101

## ദി ലീഡർ (നേതൃത്വ പരിശീലന ശില്പശാല)

2019 മെയ് 8-11വരെ തലശ്ശേരി സന്ദേശഭവനിലും മെയ് 15-18വരെ പട ന്നക്കാട് പാസ്റ്ററൽ സെന്ററിലും വെച്ച് അതിരൂപതയിലെ മതബോധന വിദ്യാർത്ഥികളെയും ചെറുപുഷ്പ മിഷൻലീഗ് പ്രവർത്തകരെയുമാണ് ഇതി ലേക്ക് പ്രതീക്ഷിക്കുന്നത്. ആറാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെ പഠി ക്കുന്ന ആദ്യം പേരുനല്കുന്ന 80 കുട്ടികൾക്കായി സാൻജോസ് അക്കാഡ മിയും ചെറുപുഷ്പ മിഷൻലീഗും ചേർന്ന് നേതൃത്വപരിശീലന ശില്പശാല നടത്തുന്നു. രജിസ്ട്രേഷൻ ഫീസ് 900 രൂപ. പങ്കെടുക്കുവാൻ ആഗ്രഹിക്കു ന്നവർ താഴെകൊടുത്തിരിക്കുന്ന നമ്പറിൽ ബന്ധപ്പെടുവാൻ ശ്രദ്ധിക്കുമല്ലോ.

സാൻജോസ് അക്കാഡമി ഫോൺ: 9496850441, 8281750777
മിഷൻ ലീഗ് ഓഫീസ് ഫോൺ : 8281255847, 9496900845

## എച്ച്.സി.സി. അവാർഡ്

എച്ച്.സി.സി. (മതബോധനം 12-ാം ക്ലാസ്) പരീക്ഷയിൽ ഏറ്റവും കൂടു തൽ മാർക്ക് നേടിയ മിഷൻ ലീഗ് അംഗത്തിനുള്ള ബിഷപ്പ് വള്ളോപ്പിള്ളി പൗരോഹിത്യ സുവർണ്ണ ജൂബിലി സ്മാരക അവാർഡിനുള്ള അപേക്ഷ കൾ ജൂൺ 30നു മുമ്പ് ഓഫീസിൽ എത്തിക്കുമല്ലോ. മാർക്ക് ലിസ്റ്റിന്റെ കോപ്പി, അംഗത്വകാർഡിന്റെ കോപ്പി, വികാരിയച്ചന്റെ കത്ത് എന്നിവ അപേ ക്ഷയോടൊപ്പം ഉണ്ടായിരിക്കേണ്ടതാണ്.

## ശാഖാ വാർഷിക റിപ്പോർട്ട്

ശാഖാ വാർഷിക റിപ്പോർട്ടിന്റെ ഫോം എല്ലാശാഖകളിലും ലഭിച്ചു എന്ന് വിശ്വസിക്കുന്നു. പ്രസ്തുത ഫോം പൂരിപ്പിച്ച് മെയ് 15ന് മുമ്പ് മേഖലാ ഡയറ ക്ടർ അച്ചൻമാരെ ഏല്പിക്കേണ്ടതാണ്. സ്ഥലംമാറ്റമുള്ള ബഹു. വൈസ് ഡയ റക്ടേഴ്സ് വാർഷിക റിപ്പോർട്ട് പൂരിപ്പിച്ച് പുതിയ വൈസ് ഡയറക്ടറിനെ ഏൽപ്പി ക്കുമല്ലോ. ഫോം കിട്ടാത്തവർക്ക് രൂപത സി.എം.എൻ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്.

## മേഖലാ വാർഷിക റിപ്പോർട്ട്

മേഖലാ വാർഷികറിപ്പോർട്ടിന്റെ ഫോം എല്ലാ മേഖലകളിലും ലഭിച്ചു എന്ന് കരുതുന്നു. പ്രസ്തുത ഫോം പൂരിപ്പിച്ച് ജൂൺ ആദ്യആഴ്ച തന്നെ

2019 ഏപ്രിൽ 23 മുതൽ 26 വരെ താബോറിൽവച്ച് നടന്ന അതിരൂപത എം.റ്റി.സി. ക്യാമ്പ് ഫൊറോന വികാരി വെരി. റവ. ഫാ. ജോർജ് വണ്ടർകുന്നേൽ ഉദ്ഘാടനം ചെയ്തു. ഏപ്രിൽ 23 ന് വൈകുന്നേരം 6 മണിക്ക് അതിരൂപതാ പ്രസിഡന്റ് ശ്രീ ബേബി പ്ലാശ്ശേരി പതാക ഉയർത്തിക്കൊണ്ട് ക്യാമ്പിന് തുടക്കം കുറിച്ചു. തുടർന്ന് നടന്ന പൊതുസമ്മേളനത്തിൽ അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് വേങ്ങക്കുന്നേൽ ക്യാമ്പിനെക്കുറിച്ച് അവലോകനം ചെയ്ത് സംസാരിച്ചു. തുടർന്ന് തബോർ ശാഖാ ഡയറക്ടർ ഫാ. ആന്റണി ചാണക്കാട്ട്, മേഖലാ ഡയറക്ടർ, ഫാ. അനീഷ് ചക്കിട്ടമുറിയിൽ, അതിരൂപതാ യൂണിറ്റ് പ്രസിഡന്റ് അക്ഷയ് ചിറത്തലയാട്ട്, ജൂണിയർ വൈസ് പ്രസിഡന്റ് ബീന ചേറാടിയിൽ എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. നാല് ദിവസത്തെ ക്യാമ്പിൽ കുട്ടികളുടെ വ്യക്തിത്വ വികസനത്തിനും സ്വഭാവരൂപീകരണത്തിനും ഉപകരിക്കുന്ന വിവിധപ്രവർത്തനങ്ങൾ, ഭവനസന്ദർശനം, പ്രകൃതിപഠന യാത്ര എന്നിവയും ഉണ്ടായിരുന്നു.

16 മേഖലകളിൽനിന്നായി ക്യാമ്പിൽ പങ്കെടുക്കുന്ന 96 കുട്ടികളിൽനിന്ന് 35 കുട്ടികൾ അദീലാബാദ് തീർത്ഥയാത്രയ്ക്കായി തെരഞ്ഞെടുക്കപ്പെട്ടു. ക്യാമ്പിന്റെ വിജയത്തിനായി എല്ലാവിധ സൗകര്യങ്ങളും സഹായങ്ങളും ചെയ്തുതന്ന താബോർ ശാഖാ ഡയറക്ടർ ബഹു. ആന്റണി ചാണക്കാട്ടിൽ അച്ചനും ബഹു. സിസ്റ്റേഴ്സിനും ഇടവകാംഗങ്ങൾക്കും അതിരൂപതാകുടുംബത്തിന്റെ നന്ദി.

## അതിരൂപതാ മാനേജിംഗ് കമ്മിറ്റി

2018-19 വർഷത്തെ പ്രവർത്തനങ്ങളെക്കുറിച്ച് വിലിയിരുത്തുന്നതിനും, 2019-20 വർഷത്തെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള പദ്ധതികൾ തയ്യാറാക്കുന്നതിനുമായി 2019 മാർച്ച് 30ന് തളിപ്പറമ്പ് സെന്റ് മേരീസ് ദൈവാലയത്തിൽ വച്ച് അതിരൂപതാ മാനേജിംഗ് കമ്മിറ്റി ചേരുകയും 77 മേഖലാ ഭാരവാഹികൾ പങ്കെടുക്കുകയും ചെയ്തു. അതിരൂപതാ പ്രസിഡന്റ് ശ്രീ ബേബി പ്ലാശ്ശേരിയുടെ അധ്യക്ഷതയിൽ ചേർന്ന മാനേജിംഗ് കമ്മിറ്റി മീറ്റിംഗ് തളിപ്പറമ്പ് ഫൊറോന വികാരി ഫാ. അബ്രാഹം പോണാട്ട് ഉദ്ഘാടനം ചെയ്തു. തുടർന്ന് അതിരൂപതാ സെക്രട്ടറി ശ്രീ. സുനിൽ കല്ലിടുക്കിൽ കണക്കും 2019-20 വർഷത്തെ കരട് ബഡ്ജറ്റും ജോ. സെക്രട്ടറി ഷേർളി പാമ്പനാൽ റിപ്പോർട്ടും അവതരിപ്പിച്ചു. അതിനുശേഷം 2018-19 വർഷത്തെ പ്രവർത്തനങ്ങളെ വിലയിരുത്തുകയും, 2019-20 വർഷത്തെ കരട് മാർഗ്ഗരേഖ അവതരിപ്പിച്ച് പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ചചെയ്തു. അതോടൊപ്പം ജനറൽ ഓർഗനൈസറായി ബിജു മണ്ണനാൽ സാറിനെ ഔദ്യോഗികമായി തിരഞ്ഞെടുക്കുകയും ചെയ്തു.

## മലബാർ റീജിയണൽ സംഗമം

13-ാം തീയതി ശനിയാഴ്ച ശ്രീപുരം പാസ്റ്ററൽ സെന്ററിൽവച്ച് നടന്ന മലബാർ റീജിയണൽ സംഗമത്തിൽ അതിരൂപതാ ഭാരവാഹികൾ പങ്കെടുത്തു.

## ക്രിസ്റ്റീൻ ധ്യാനം

5 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കായി പരിയാരം മദർ ഹോമിൽവച്ച് നടത്തപ്പെട്ട ക്രിസ്റ്റീൻ ധ്യാനത്തിൽ 503 കുട്ടികൾ പങ്കെടുത്തു. കുട്ടികളെ ധ്യാനത്തിനായി പറഞ്ഞയച്ച എല്ലാ ഡയറക്ടർ അച്ചന്മാർക്കും, സിസ്റ്റേഴ്സിനും ശാഖാ-മേഖലാ ഭാരവാഹികൾക്കും മാതാപിതാക്കൾക്കും പ്രത്യേകം നന്ദി. അതോടൊപ്പം ധ്യാനത്തിന്റെ വിജയത്തിനാവശ്യമായ എല്ലാ സഹായസഹകരണങ്ങളും ചെയ്തു തന്ന മദർ ഹോമിലെ ബഹുമാനപ്പെട്ട എല്ലാ വൈദികർക്കും, പ്രേഷിതർക്കും അതിരൂപതാ കുടുംബത്തിന്റെ നന്ദി.

## സംസ്ഥാനതല രൂപതാ ഡയറക്ടേഴ്സ്, വൈസ് ഡയറക്ടേഴ്സ് മീറ്റിംഗ്

കലൂർ റിന്യൂവൽസെന്ററിൽ വച്ച് നടന്ന സംസ്ഥാനതല രൂപതാ ഡയറക്ടേഴ്സ്, വൈസ് ഡയറക്ടേഴ്സ് മീറ്റിംഗിൽ ബഹു. ഡയറക്ടർ അച്ചനും, വൈസ് ഡയറക്ടർ സിസ്റ്ററും പങ്കെടുത്തു.

## വചനഭേരി മെഗാക്വിസ് വിജയികൾ

**ജൂണിയർ വിഭാഗം**

Ist - അൽഫോൻസ കാരന്താനം
ടോം പരിയാരത്ത് കുന്നേൽ (തളിപ്പറമ്പ് ശാഖ)

II nd - ലിൻസ് കാഞ്ഞിരത്ത്മൂട്ടിൽ
ജോസഫ് ചൂരക്കുന്നേൽ (പരപ്പ ശാഖ)

III rd - ജേക്കബ് കുളത്തിനാമ്പ്രയിൽ
കാതറിൻ പുതിയാംപുറം (കുന്നോത്ത് ശാഖ)

**സീനിയർ വിഭാഗം**

Ist - അതുല്യ പെരുമ്പ്രായിൽ
അലീന നിരപ്പേൽ (വിജയഗിരി ശാഖ)

II nd - മാത്യു പനയ്ക്കൽ
സെൽന പുഞ്ചായിൽ (തളിപ്പറമ്പ് ശാഖ)

IIIrd - അനിറ്റ കുറ്റിയാനിമറ്റത്തിൽ
തെരേസ് മുണ്ടയ്ക്കാത്തറപ്പേൽ (വെള്ളാട് ശാഖ)

## ഉണ്ണീശോയ്ക്കൊരുകട്ടിൽ

അദീലാബാദിലെ കുഞ്ഞുകൂട്ടുകാർക്ക് കട്ടിൽ വാങ്ങാൻ ഹൃദയപൂർവ്വം സഹകരിച്ചുകൊണ്ടിരിക്കുന്ന എല്ലാ ശാഖകൾക്കും സുമനസ്സുകൾക്കും ഒരായിരം നന്ദി. ഡെറിക്, റ്റിജോ എന്നീ വ്യക്തികൾക്കും കോലുവള്ളി, പയ്യാവൂർ എന്നീശാഖകൾക്കും അതിരൂപതാ കുടുംബത്തിന്റെ നന്ദി സ്നേഹപൂർവ്വം അറിയിക്കുന്നു.

## ബിഷപ്പ് മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി തീർത്ഥാടനം

തലശ്ശേരി അതിരൂപതാ പ്രഥമ മെത്രാൻ ബിഷപ്പ് മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ ചരമദിനത്തോടനുബന്ധിച്ച് സംഘടിപ്പിച്ച തീർത്ഥാടനത്തിലും കുടിയേറ്റ അനുസ്മരണത്തിലും പങ്കെടുത്ത എല്ലാ കുഞ്ഞുമിഷനറിമാർക്കും അവരെ പറഞ്ഞയച്ച ഡയറക്ടേഴ്സ്, വൈസ് ഡയറക്ടേഴ്സ്, മതാധ്യാപകർ എന്നിവർക്കും അതിരൂപതാ കുടുംബത്തിന്റെ നന്ദിയും പ്രാർത്ഥനാശംസകളും.

## നല്ലിടയൻപദ്ധതി

നല്ലിടയൻ പദ്ധതിയുടെ ഭാഗമായി കാഞ്ഞങ്ങാട് മേഖല കാലിച്ചാനടുക്കം ശാഖയിലെ റോയി ജോസഫ് പുതുശ്ശേരിയ്ക്കും, ആലക്കോട് മേഖല കുട്ടാപറമ്പ് ശാഖയിലെ റൂബി കോട്ടയിലിനും, പരപ്പ ശാഖയിലെ സെബാസ്റ്റ്യൻ പുലയൻ പറമ്പിലിനും ആടിനെ നല്കി. കാഞ്ഞങ്ങാട്, ആലക്കോട് മേഖലകൾക്ക് അഭിനന്ദനങ്ങൾ...

## മേഖലാസന്ദർശനങ്ങൾ

31.03.19ന് ചെമ്പന്തൊട്ടി മേഖല സന്ദർശിച്ചു. സുനിൽ കല്ലിടുക്കിൽ, മാണി കണിയാരോലിക്കൽ.

## മേഖലാതിരഞ്ഞെടുപ്പ്

8.4.19ന് ചെമ്പേരി മേഖല ഇലക്ഷൻ നടത്തി. 10.4.19ന് കുന്നോത്ത് മേഖലാ ഇലക്ഷൻ നടത്തി. 11.4.19ന് ആലക്കോട് മേഖലാ ഇലക്ഷൻ നടത്തി. പുതിയതായി തിരഞ്ഞെടുക്കപ്പെട്ട ചെമ്പേരി, കുന്നോത്ത്, ആലക്കോട്മേഖലകളിലെ ഭാരവാഹികൾക്ക് അഭിനന്ദനങ്ങളും, പ്രാർത്ഥനകളും...

## സെമിനാറുകൾ, ക്യാമ്പുകൾ

- 4.4.19ന് പെരിങ്കരി ശാഖയിൽ അതിരൂപതാ പ്രസിഡന്റ് ബേബിസാർ കുട്ടികൾക്ക് സെമിനാർ നടത്തി.
- 5.4.19ന് പയ്യാവൂർ ശാഖയിലെ കുട്ടികൾക്ക് ഡയറക്ടർ ധ്യനം നടത്തി.
- 7.4.19ന് രാജമുടിശാഖയിലെ കുട്ടികൾക്ക് അതിരൂപതാ പ്രസിഡന്റ് ബേബിസാർ ക്യാമ്പ് നടത്തി.
- 15.04.19 ന് തളിപ്പറമ്പ് മേഖല എം.ടി.സി. ക്യാമ്പിൽ ഡയറക്ടർ ക്ലാസ്സ് എടുത്തു.

## ആദരാഞ്ജലികൾ

വിടരും മുമ്പേ സ്വർഗ്ഗീയഭവനത്തിലേയ്ക്കു പറന്നുയർന്ന ആര്യപ്പറമ്പ് ശാഖയിലെ സ്റ്റീവ് ജെഫ്രിൻ മുണ്ടക്കാട്ടിന് അതിരൂപതയുടെ പേരിലുള്ള ആദരാഞ്ജലികൾ....

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് വേങ്ങക്കുന്നേൽ**
അതിരൂപതാ ഡയറക്ടർ

# തിരുബാലസഖ്യം

സ്നേഹ ബഹുമാനപ്പെട്ട അച്ചന്മാരെ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

ഈ അവധിക്കാലത്ത് കളികളുടെയും ആഘോഷങ്ങളുടെയും തിരക്കിനിടയിലും ഈശോയുടെ ഹൃദയഗുണങ്ങൾ സ്വന്തമാക്കി ഉണ്ണീശോയുടെ സ്നേഹിതരായി മാറാൻ എല്ലാ കൊച്ചുകൂട്ടുകാർക്കും സാധിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു..... ആശംസിക്കുന്നു...

## ഈശോയെപ്പോലെ വളരാം....വലുതാകാം.... Vol.1

തിരുബാലസംഖ്യം കുട്ടികളുടെ ഈശോയെപ്പോലെ വളരാം വലുതാകാം... എന്ന വർക്ക് ബുക്കിന്റെ ഒന്നാം ഭാഗം തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. തിരുബാലസഖ്യം മാർഗ്ഗരേഖ ഈ വർക്ക് ബുക്കിന്റെ തുടർച്ചയാണ് നൽകിയിരിക്കുന്നത്. 4-ാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് വേദപാഠബുക്കിന്റെ കൂടെ ഈ വർക്കുബുക്ക്കൂടി നൽകുവാൻ ബഹു. ആനിമേറ്റേഴ്സും ഹെഡമാസ്റ്റർമാരും ശ്രദ്ധിക്കുമല്ലോ. ബുക്കിന്റെ എണ്ണം ഈ മാസംതന്നെ ഓഫീസിൽ അറിയിക്കേണ്ടതാണെന്ന് ഓർമ്മിപ്പിക്കുന്നു.

## തിരുബാലസംഖ്യം കുട്ടികളുടെ പ്രോഗ്രാം (എയ്ഞ്ചൽസ്ഫെസ്റ്റ്)

തിരുബാലസംഖ്യം കുട്ടികളുടെ വിശ്വാസപരിശീലന വർക്ക്ബുക്കിനെ ആധാരമാക്കി കഥ, കവിത, ആംഗ്യപ്പാട്ട്, സ്കിറ്റ്, ഡാൻസ് പ്രസംഗം എന്നീ പ്രോഗ്രാമുകളെ ഉൾക്കൊള്ളിച്ചുകൊണ്ട് 30 മിനിറ്റ് സമയം എടുത്തുകൊണ്ട് ശാലോം ടിവിയിൽ പ്രോഗ്രാം നടത്തുന്നു. ഈ പ്രോഗ്രാം നടത്താൻ താൽപ്പര്യമുള്ളവർ ഈ മാസംതന്നെ അതിരൂപതാ ഓഫീസിൽ അറിയിക്കുമല്ലോ. ജൂൺ മാസം ആദ്യമായിരിക്കും ഷൂട്ടിങ്ങ് നടത്തുന്നത്.

## ഈശോയ്ക്ക് ഒരു കത്ത് - മത്സര വിജയികൾ

**മലയാള വിഭാഗം**

Ist - സെബാസ്റ്റ്യൻ മൂലയിൽ (വെള്ളാട് ശാഖ)

II nd - ജോസഫ് വട്ടംകണ്ടത്തിൽ (ഉദയപുരം ശാഖ)

III rd - അൻസ കൂത്തോട്ടിൽ (കാലിച്ചാമരം ശാഖ)

**ഇംഗ്ലീഷ് വിഭാഗം**

II nd - ലിനറ്റ്മരിയ കൂനങ്കിൽ (ഉളിക്കൽ ശാഖ)

Ist - ക്രിസ്റ്റി അറയ്ക്കൽ (വെള്ളാട് ശാഖ)

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് വേങ്ങക്കുന്നേൽ**
അതിരൂപതാ ഡയറക്ടർ

# കുടുംബ പ്രേഷിതത്വം

പ്രിയമുള്ള വൈദികരെ, സിസ്റ്റേഴ്സ്, മാതാപിതാക്കളെ,

മറിയം എലിസബത്തിനെ സന്ദർശിക്കുന്നത് സുവിശേഷ രഹസ്യമായി ജപമാലയിൽ നാം ധ്യാനിക്കുന്നുണ്ട്. ബന്ധങ്ങൾ ഊട്ടിയുറപ്പിക്കാനും ഊഷ്മളമാക്കാനും സന്ദർശനങ്ങൾ സഹായിക്കും. സന്ദർശിക്കുന്നയാൾ താൻ പരിഗണിക്കപ്പെടുന്നു, സ്നേഹിക്കപ്പെടുന്നു, ആദരിക്കപ്പെടുന്നു എന്നെല്ലാം തിരിച്ചറിയുന്നു. രോഗം, വിരഹം എന്നിവ അനുഭവിക്കുന്ന അവസരങ്ങളിൽ ഉറ്റവരുടെ സന്ദർശനം ഔഷധംപോലെ ഉപകാരപ്രദമാണ്. മറിയത്തിന്റെ യാത്രകളിലൊന്ന് അങ്ങനെയൊരു സന്ദർശനം ലക്ഷ്യമിട്ടുള്ളതായിരുന്നു. മറിയത്തിന് എലിസബത്ത് ആവശ്യത്തിലിരിക്കുന്നവളും ഗർഭിണിയുമാണ്. ഇത് വെറുമൊരു സന്ദർശനമല്ല സേവനവും ശുശ്രൂഷയും ചേർത്ത് അത് മനോഹരമായി തീരുന്നുണ്ട്. സ്നേഹവും ത്യാഗവും ആവശ്യപ്പെടുന്ന സന്ദർശനങ്ങൾ ബന്ധങ്ങളെ സുദൃഢമാക്കും. അതിന്റെ സുവിശേഷ മാതൃകയാണ് സേവനവും സന്ദർശനവും സമന്വയിപ്പിച്ച് യൂദയായിലെ മലമ്പ്രദേശത്തേക്ക് തിടുക്കത്തിൽ യാത്രചെയ്യുന്ന മറിയം. പരി.മറിയം നമുക്ക് മാതൃകയായിരിക്കട്ടെ.

## I മാര്യേജ് പ്രിപ്പറേഷൻ കോഴ്സ് (എം.പി.സി)

845, 846 എം.പി.സി കോഴ്സ് മാർച്ച് 26–28, ഏപ്രിൽ 9–11 എന്നീ തീയ്യതികളിൽ പേരാവൂർ മൗണ്ട് കാർമ്മൽ ആശ്രമത്തിൽ വച്ച് നടക്കുകയുണ്ടായി. കോഴ്സിൽ 117 ആൺകുട്ടികളും, 151 പെൺകുട്ടികളും ഉൾപ്പെടെ 268 പേർ കോഴ്സിൽ സംബന്ധിച്ച് വിവാഹത്തിനായി ഒരുങ്ങി. അവരുടെ മാതാപിതാക്കൾക്കുവേണ്ടി നടത്തിയ ക്ലാസിൽ 440 പേർ സംബന്ധിച്ചു. ആവശ്യമുള്ളവർക്കുവേണ്ടി പ്രീ-മാരിറ്റൽ കൗൺസലിംഗ് നടത്തി വിവാഹത്തിനായി ഒരുക്കി.

**MPC - 2019**

| MONTH | SANDESABHAVAN | PADANNAKKAD | PERAVOOR |
|---|---|---|---|
| MAY | 21 - 23 | 7 - 9 | Nil |
| JUNE | 25 - 27 | 11 - 13 | Nil |
| JULY | 9 – 11 | Nil | 23 - 25 |
| AUGUST | 6 – 8, 27 – 29 | Nil | Nil |
| SEPTEMBER | 24 – 26 | 17 – 19 | Nil |
| OCTOBER | 15 – 17 | Nil | 29 - 31 |
| NOVEMBER | 5 – 7 | 12 – 14 | 26 - 28 |
| DECEMBER | 10 – 12 | 17 – 19 | |

## പ്രത്യേക ശ്രദ്ധയ്ക്ക്:-

1. കെ.സി.ബി.സി ഫാമിലി കമ്മീഷൻ ആവശ്യപ്പെട്ട പ്രകാരം എം.പി.സി യുടെ സമാപനദിനം ഉച്ചയ്ക്ക് 2 മണി മുതൽ 4 മണി വരെ കോഴ്സിൽ പങ്കെടുക്കുന്നവരുടെ മാതാപിതാക്കൾക്കു വേണ്ടി ക്ലാസ് ഉണ്ടായിരിക്കും. കോഴ്സ് സർട്ടിഫിക്കറ്റ് മാതാപിതാക്കളുടെ കൈയ്യിലാണ് നൽകുക. **മാതാപിതാക്കൾ നിർബന്ധമായും ഈ ക്ലാസിൽ പങ്കെടുക്കേണ്ടതാണ്. മാതാപിതാക്കൾ രണ്ടുപേരും ഈ ക്ലാസിൽ സംബന്ധിക്കാൻ സാധിക്കാത്ത ഗൗരവമായ കാരണങ്ങൾ ഉണ്ടെങ്കിൽ വികാരിയച്ചന്മാരുടെ കത്തിൽ അക്കാര്യം സൂചിപ്പിക്കുകയോ വികാരിയച്ചന്മാർ നേരിൽ വിളിച്ചറിയിക്കുകയോ ചെയ്യേണ്ടതാണ്.** ഇക്കാര്യം വികാരിയച്ചന്മാർ പള്ളികളിൽ അറിയിക്കുമല്ലോ.

- കോഴ്സ് കൂടാൻ ആഗ്രഹിക്കുന്നവർ www.familytly.com എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യാൻ വികാരിയച്ചൻമാർ ഓർമ്മിപ്പിക്കുമല്ലോ.എം.പി.സി യുടെ ഫീസ് 1100 രൂപയായിരിക്കും. Online Registration ചെയ്യുമ്പോൾ Reg.Fee 600 രൂപ അടയ്ക്കേണ്ടതാണ്.
- Online Registration നടത്തുമ്പോൾ ഫീസ് ബാങ്കിൽ അടക്കുന്നവർ Bank Transfer Receipt ന്റെ Screen shot അയച്ചുതരിക/Bank Transfer Receipt സൈറ്റിൽ അപ്പ്ലോഡ് ചെയ്യുക.
- Mobile transaction നടത്തുന്നവർ Payment ന്റെ Screen shot അയച്ചുതരിക. **വാട്ട്സ് ആപ്പ് നമ്പർ : 9400206974**
- നേരിട്ട് ഓഫീസിൽ രജിസ്റ്റർ ചെയ്യുന്നവർക്ക് രജിസ്ട്രേഷൻ സ്ലിപ്പ് നൽകുന്നതായിരിക്കും. കോഴ്സിന് പങ്കെടുക്കുവാൻ വരുമ്പോൾ രജിസ്ട്രേഷൻ നടത്തിയതിന്റെ രേഖയും ബാക്കി 500 രൂപയും കൊണ്ടുവരിക.

**Family Apostolate, Contact Number: 0490 2343414, Mob: 9400206974**

## Account Details :

**Name : Director Family Apostolate**
**A/c No : 0078053000073775**
**IFSC Code: SIBL0000078**

### 1) ദമ്പതി സെമിനാർ ഫോർ ഡെഫ് പേഴ്സൺസ്

പരിയാരം മദർഹോമിൽ വച്ച് മെയ് അഞ്ചാം തീയ്യതി ബധിരർക്കുവേണ്ടിയുള്ള ദമ്പതി സെമിനാർ നടത്തപ്പെടുന്നു. ഇടവകകളിൽ നിന്നും ദമ്പതിമാരെ പങ്കെടുപ്പിക്കാൻ വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ഫാമിലി അപ്പൊസ്റ്റൊലേറ്റുമായി ബന്ധപ്പെടുക.

## II അനുഗ്രഹ മാര്യേജ് ബ്യൂറോ

വിവാഹവേദിയിലേക്ക് പ്രവേശിക്കുവാൻ ആഗ്രഹിക്കുന്ന യുവതീ യുവാക്കൾക്ക് അനുയോജ്യരായ ജീവിതപങ്കാളിയെ കണ്ടെത്തുവാൻ സഹായിക്കുക എന്ന ലക്ഷ്യത്തെ മുൻനിർത്തി ബ്യൂറോ പ്രവർത്തിച്ചു വരുന്നു. ഇന്നിത് സീറോ മലബാർ സഭയിലെ എല്ലാ രൂപതകളുമായി ലിങ്ക് ചെയ്ത് വളരെ വിപുലമായ രീതിയിൽ പ്രവർത്തിച്ച് വരുന്നു. താൽപര്യമുള്ളവർ താഴെ പറയുന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യുക. www.anugrahamarry.com ഓൺലൈൻ രജിസ്ട്രേഷൻ അല്ലെങ്കിൽ ഓഫീസിൽ നേരിട്ടും രജിസ്ട്രേഷൻ ചെയ്യാവുന്നതാണ്.

## III മാതൃവേദി

## 1. ജ്വാല - ആലക്കോട്

2019 ഏപ്രിൽ 13-ാം തീയ്യതി ശനിയാഴ്ച രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 2 മണി വരെ ആലക്കോട് മേഖലയുടെ ജ്വാല പ്രോഗ്രാം ആലക്കോട് ഫൊറോനാ പള്ളിയിൽ വച്ച് നടന്നു. ആലക്കോട് മേഖലാ ആനിമേറ്റർ സി. കാതറിൻ എൻ. എസ് സ്വാഗതം ആശംസിച്ചു. ആലക്കോട് മേഖലാ മാതൃവേദി പ്രസിഡണ്ട് ശ്രീമതി ലാലി കക്കാട്ടിൽ അദ്ധ്യക്ഷത വഹിച്ച ചടങ്ങ് ആലക്കോട് മേഖലാ വികാരി ഫാ. ആന്റണി ആനക്കല്ലിൽ ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ തലശ്ശേരി ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ അനുഗ്രഹപ്രഭാഷണം നടത്തുകയും മേഖലാ ഡയറക്ടർ ഫാ.സെബാസ്റ്റ്യൻ ചേന്നോത്ത്, അതിരൂപതാ ആനിമേറ്റർ സി. ജീസ് മാത്യു എന്നിവർ ആശംസകളർപ്പിച്ച് സംസാരിക്കുകയും ചെയ്തു. ആലക്കോട് മേഖലാ സെക്രട്ടറി ശ്രീമതി മേഴ്സി ഉപ്പൻമാക്കൽ റിപ്പോർട്ടും മേഖലാ ട്രഷറർ ശ്രീമതി ആഷ കാലാപ്പറമ്പിൽ കണക്കും അവതരിപ്പിച്ചു. ശ്രീമതി ലീലാമ്മ പാറയിൽ നന്ദി അർപ്പിക്കുകയും ചെയ്തു. തുടർന്ന് ശ്രീ.രാധാകൃഷ്ണൻ എസ്.ഐ. സൈബർ സുരക്ഷയെക്കുറിച്ചുള്ള ക്ലാസ്സ് നയിച്ചു. ജ്വാല പ്രോഗ്രാം മനോഹരമായി സംഘടിപ്പിച്ച ആലക്കോട് മേഖലാ മാതൃവേദിയെ അഭിനന്ദിക്കുന്നു.

## ജ്വാല - വായാട്ടുപറമ്പ് - പൂവനിക ഉദ്ഘാടനം

2019 പ്രവർത്തനവർഷത്തെ ജ്വാല പരിപാടി വായാട്ടുപറമ്പ് മേഖലയ്ക്കുവേണ്ടി മെയ് 4 ന് നടത്തപ്പെടുന്നു. കൊടിയേറ്റ്, പൊതുസമ്മേളനം, ക്ലാസ്, കലാപരിപാടികൾ എന്നിവ ഉൾക്കൊള്ളുന്ന ജ്വാലയുടെ ക്രമീകരണത്തെക്കുറിച്ച് മാർഗ്ഗരേഖയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ശ്രദ്ധിക്കുക. റെക്കോർഡ്സ്, യൂണിറ്റ് രജിസ്ട്രേഷൻ ഫോം, മിനിട്സ് ബുക്ക്, അക്കൗണ്ട് ബുക്ക് എന്നിവ കൊണ്ടുവരേണ്ടതാണ്. ഒരു ഇടവകയിൽനിന്ന് ഭാരവാഹികളും കൂടാതെ 5 മാതൃവേദി അംഗങ്ങളും പങ്കെടുക്കണം.

## 2. തൂവാനീസ : - നിയോഗം

കെ.എസ്.ടി യുടെ കീഴിൽ പ്രവർത്തിക്കുന്ന തൂവാനീസ (ഭാഗ്യവതി) മിനിസ്ട്രിയോട് സഹകരിച്ച് മാതൃവേദി അംഗങ്ങളും ചെയിൻ റോസറി നടത്തി സഭയുടെ നിയോഗങ്ങൾക്കായി പ്രാർത്ഥിക്കണമെന്ന് അഭിവന്ദ്യപിതാക്കന്മാർ ആഗ്രഹിക്കുന്നു. വെഞ്ചരിച്ച ജപമാലകൾ കൈമാറി തുടർച്ച

യായി നടത്തുന്ന ജപമാലകൾ മാതൃവേദി അംഗങ്ങളുടെ പ്രാർത്ഥനാ ചൈതന്യം പോഷിപ്പിക്കുവാൻ സഹായകമാണ്. ഈ മാസത്തെ ജപമാല യിൽ നമുക്ക് മദ്യത്തിനും മറ്റ് ദുശ്ശീലങ്ങൾക്കും അടിമപ്പെട്ടവർക്ക് അതിൽ നിന്നും മോചനം ലഭിക്കുന്നതിനുവേണ്ടി പ്രാർത്ഥിക്കാം.

## IV പ്രോലൈഫ്

### 1) ചലനം - പ്രോലൈഫ് റിസോഴ്സ് പേഴ്സൺസ് ട്രെയിനിംഗ് പ്രോഗ്രാം

തലശ്ശേരി അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റും അമല പ്രോലൈഫ് യൂണിറ്റും ചേർന്ന് ഒരുക്കിയ പ്രോലൈഫ് പ്രവർത്തകർക്കായുള്ള രണ്ട് ദിവ സത്തെ ട്രെയിനിംഗ് പ്രോഗ്രാം - ചലനം 2019 മാർച്ച് 30,31 തിയ്യതികളിൽ തല ശ്ശേരി സന്ദേശഭവനിൽ വച്ച് നടന്നു. തലശ്ശേരി അതിരൂപതാദ്ധ്യക്ഷൻ മാർ ജോർജ്ജ് ഞറളക്കാട്ട് പ്രോഗ്രാം ഉദ്ഘാടനം ചെയ്തു. ഫാമിലി അപ്പൊസ്റ്റൊ ലേറ്റ് ഡയറക്ടർ ഫാ.സെബാസ്റ്റ്യൻ ഇട്ടിയപ്പാറ അദ്ധ്യക്ഷസ്ഥാനം അലങ്കരിച്ചു. മുഖ്യാതിഥി ആയി ഫാ.ടോം ഉഴുന്നാലിൽ തന്റെ ദൈവാനുഭവം പങ്കുവച്ചു. അമല പ്രോലൈഫ് ട്രഷറർ ശ്രീ റോബിൻ വടക്കുംതല ആശംസകളർപ്പിച്ച് സംസാരി ച്ചു. 72 ഓളം അംഗങ്ങൾ പങ്കെടുത്ത പരിപാടിക്ക് പ്രോലൈഫ് കോർഡിനേറ്റർ ശ്രീ സെലസ്റ്റിൻ ജോൺ സ്വാഗതമാശംസിക്കുകയും ഫാമിലി അപ്പൊസ്റ്റൊലേറ്റ് ആനിമേറ്റർ സി.ജീസ് മാത്യു നന്ദിയർപ്പിച്ച് സംസാരിക്കുകയും ചെയ്തു. വി. കുർബാന, കുമ്പസാരം, ആരാധന, ഗ്രൂപ്പ് ചർച്ച, പാനൽ ചർച്ച തുടങ്ങിയവയി ലൂടെ പ്രോലൈഫ് പ്രവർത്തനങ്ങൾ സജീവമായി നടത്താൻ വേണ്ട ഒരുക്കം നൽകപ്പെട്ടു. പ്രോലൈഫ് അതിരൂപതാ സമിതിക്ക് രൂപം നൽകുന്ന രണ്ട് ദിവ സത്തെ പരിപാടിയിൽ വികാർ ജനറാൾ മോൺ. അലക്സ് താരാമംഗലം സമാ പന സന്ദേശം നൽകുകയും ഡോ.അബ്രാഹം ജേക്കബ്, ശ്രീ. സണ്ണി കാര്യാടി യിൽ, ശ്രീ. അനിൽ ആന്റണി, ശ്രീ. ജോൺസൺ പൂവത്തിങ്കൽ, മലബാർ റീജി യൻ പ്രോലൈഫ് ഡയറക്ടർ റവ. ഫാ. ജോസ് പെണ്ണാപറമ്പിൽ എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി. ചലനം 2019 പരിപാടി വിജയകരമാക്കുവാൻ നേതൃത്വം നൽകിയ അമല പ്രോലൈഫ് സമിതി അംഗങ്ങൾക്കും മാതൃ വേദിയംഗങ്ങൾക്കും പങ്കെടുത്ത മറ്റ് സംഘടനാംഗങ്ങൾക്കും അഭിനന്ദനവും നന്ദിയും അറിയിക്കുന്നു.

### 1) പ്രോലൈഫ് സന്ധ്യ - മഞ്ഞളാംപുറം

മഞ്ഞളാംപുറം ഇടവകയിൽ വച്ച് ഏപ്രിൽ ഒന്നാം തീയതി പ്രോലൈഫ് സന്ധ്യ നടത്തപ്പെട്ടു. ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ, ശ്രീ. സെലസ്റ്റിൻ ജോൺ എന്നിവർ നേതൃത്വം നൽകി. 90 ഓളം പേർ പ്രോലൈഫ് സന്ധ്യയിൽ പങ്കെടുത്തു.

### 2) പ്രോലൈഫ് സന്ധ്യ - രാജഗിരി

രാജഗിരി ഇടവകയിൽ ഏപ്രിൽ അഞ്ചാം തീയ്യതി പ്രോലൈഫ് സന്ധ്യ നടത്തപ്പെട്ടു. ശ്രീ. സണ്ണി കാര്യാടിയിൽ, ശ്രീ. സിജി പുതുപ്പറമ്പിൽ എന്നിവർ നേതൃത്വം നൽകി.

### 3) പ്രോലൈഫ് സന്ധ്യ - പൈസക്കരി

പൈസക്കരി ഇടവകയിൽ വച്ച് ഏപ്രിൽ ആറാം തിയ്യതി പ്രോലൈഫ്

സന്ധ്യ നടത്തപ്പെട്ടു. ഫാ.സെബാസ്റ്റ്യൻ ഇട്ടിയപ്പാറ, ശ്രീ.സെലസ്റ്റിൻ ജോൺ, ശ്രീ.സിജി പുതുപ്പറമ്പിൽ എന്നിവർ നേതൃത്വം കൊടുത്തു. 150 പേരോളം ആളുകൾ പ്രോലൈഫ് സന്ധ്യയിൽ പങ്കെടുത്തു.

## V ഹോം മിഷൻ

കണ്ണിവയൽ ഇടവകയിലെ ഭവനങ്ങളിൽ എം.എസ്.എം.ഐ സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ ഹോം മിഷൻ നടത്തി. ഇടവകയിലെ എല്ലാ ഭവനങ്ങളും സന്ദർശിച്ച സിസ്റ്റേഴ്സ് കുടുംബാംഗങ്ങളുടെ വിഷമങ്ങളും കുടുംബ പ്രശ്നങ്ങളും കേട്ടറിഞ്ഞ് ആശ്വസിപ്പിക്കുകയും കൂടുതൽ സുദൃഢമായ കുടുംബബന്ധങ്ങളിലേക്ക് കടന്നുവരാൻ സഹായിക്കുകയും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. പ്രാർത്ഥനാ കൂട്ടായ്മകളിലൂടെ ഐക്യവും സ്നേഹവും വളർത്താൻ സാധിച്ചു. ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ.സെബാസ്റ്റ്യൻ ഇട്ടിയപ്പാറ ഹോം മിഷൻ ടീം അംഗങ്ങൾക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുകയും വി.കുർബാനയർപ്പിച്ച് ഇടവകാംഗങ്ങളെ ഒരുക്കുകയും ചെയ്തു. തുടർന്ന് ഹോംമിഷനുശേഷം ഇടവകാംഗങ്ങൾക്കു വേണ്ടി എം.എസ്.എം.ഐ സിസ്റ്റേഴ്സ് മൂന്ന് ദിവസത്തെ ധ്യാനം നടത്തി. സഹായസഹകരണങ്ങൾ നൽകിയ ഇടവക വികാരി റവ.ഫാ.ജോസഫ് പുതിയാകുന്നേലിനും കൈക്കാരന്മാർക്കും കോർഡിനേറ്റർമാർക്കും ഇടവകയിൽ പ്രവർത്തിക്കുന്ന സിസ്റ്റേഴ്സ്, വാർഡ് പ്രതിനിധികൾ എന്നിവർക്കും ഹോംമിഷൻ നടത്തിയ ബഹു. സിസ്റ്റേഴ്സിനും അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നന്ദിയും അനുമോദനങ്ങളും നേരുന്നു.

## VI റിസോഴ്സ് പേഴ്സൺസ് സംഗമം-മാതൃവേദി എക്സിക്യൂട്ടീവ് മീറ്റിംഗ്

മെയ് 25 -ാം തിയ്യതി തലശ്ശേരി സന്ദേശഭവനിൽ വച്ച് രാവിലെ 10 മണിക്ക് ഫാമിലി അപ്പൊസ്റ്റൊലേറ്റ് റിസോഴ്സ് പേഴ്സൺസിന്റെ സംഗമവും മാതൃവേദി എക്സിക്യൂട്ടീവ് മീറ്റിംഗും നടത്തപ്പെടുന്നു.

## VII വിവാഹാലോചനാ സംഗമം

മുപ്പത് വയസ്സിനുമുകളിലുള്ള വിവാഹം നടക്കാത്ത യുവതീയുവാ ക്കളുടെ ഒരു സംഗമം തലശ്ശേരി സാൻജോസ് മെട്രോപ്പോളിറ്റൻ സ്കൂളിൽ വച്ച് നടത്തപ്പെടുന്നു. മലബാർ റീജിയണിലെ മാനന്തവാടി, താമരശ്ശേരി, കോഴിക്കോട്, കണ്ണൂർ, തലശ്ശേരി എന്നീ രൂപതകളിലെ യുവാക്കളുടെ വിവാഹാലോചനാ മീറ്റിംഗ് ആണിത്. മെയ് 18 രാവിലെ 10 മുതൽ ഉച്ചകഴിഞ്ഞ് 2.30 വരെയായിരിക്കും സംഗമം. 200രൂപ രജിസ്ട്രേഷൻ ഫീസ് ഉണ്ടായിരിക്കും ഉച്ചഭക്ഷണം നല്കുന്നതാണ്. ഉത്തരവാദിത്തപ്പെട്ട വരെ ആവശ്യമുണ്ടെങ്കിൽ കൂടെ കൂട്ടാവുന്നതാണ്. ബഹു. വികാരിയച്ചന്മാർ ഇക്കാര്യം ഇടവകകളില റിയിച്ച് രജിസ്ട്രേഷൻ നടത്തി പങ്കെടുക്കുന്നവരുടെ എണ്ണവും പേരുവി വരങ്ങളും 2019 മെയ് 10-ന് മുമ്പായി ഫാമിലി അപ്പസ്റ്റോലേറ്റ് ഓഫീസിൽ അറിയിക്കു.

സ്നേഹപൂർവ്വം,

**ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ**
ഡയറക്ടർ, ഫാമിലി അപ്പൊസ്റ്റൊലേറ്റ്

# കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

## ഗുരുദീപ്തി

തലശ്ശേരി അതിരൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള എൽ.പി/യു.പി സ്കൂളിലെ അധ്യാപകരുടെ കൂട്ടായ്മ താഴെ പറയുന്ന തീയതികളിൽ വിവിധ റീജിയണുകളിലായി സംഘടിപ്പിച്ചു.

## ഇരിട്ടി

തലശ്ശേരി അതിരൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെയും ടീച്ചേഴ്സ് ഗിൽഡിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ എൽ.പി, യു.പി സ്കൂൾ അധ്യാപകർക്കുള്ള പ്രത്യേക പരിശീലന പരിപാടി **ഗുരുദീപ്തി 2019** ഇരിട്ടി സെന്റ് ജോസഫ്സ് പാരിഷ്ഹാളിൽ 2019 ഏപ്രിൽ 8-ാം തീയതി പ്രശസ്ത ട്രയിനർ അഡ്വ. ചാർളി പോളിന്റെ നേതൃത്വത്തിൽ നടന്നു. തലശ്ശേരി അതിരൂപത അസി. കോർപ്പറേറ്റ് മാനേജർ റവ. ഫാ. മാത്യു ശാസ്താംപടവിലിന്റെ അധ്യക്ഷതയിൽ പേരാവൂർ എം.എൽ.എ അഡ്വ. സണ്ണി ജോസഫ് ഉദ്ഘാടനം ചെയ്തു. ഇരിട്ടി സെന്റ് ജോസഫ്സ് ചർച്ച് വികാരി റവ. ഫാ. ജോസഫ് മഞ്ചപ്പള്ളിൽ ആശംസകളർപ്പിച്ചു. ടീച്ചേഴ്സ് ഗിൽഡ് സംസ്ഥാന സെക്രട്ടറി ശ്രീ. മാത്യു ജോസഫ് വരമ്പുങ്കൽ സ്വാഗതവും മേഖല ട്രഷറർ ശ്രീ. ബിജു കുറുമുട്ടം നന്ദിയും പറഞ്ഞു. സമാപന സമ്മേളനം തലശ്ശേരി അതിരൂപത കോർപ്പറേറ്റ് മാനേജർ റവ. ഫാ. ജെയിംസ് ചെല്ലങ്കോട്ട് ഉദ്ഘാടനം ചെയ്തു. അധ്യാപകരായ റോസ എം.സി, എൽസമ്മ ഇ.ജെ, ജോർജ് റ്റി.ജെ, സ്റ്റാനി കെ.എം, ജീന ജോർജ് എന്നിവർ നേതൃത്വം നൽകി.

## പുലിക്കുരുമ്പ

തലശ്ശേരി അതിരൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ അധ്യാപക പരിശീലന പ്രോഗ്രാമായ ഗുരുദീപ്തി 2019 ഏപ്രിൽ 09-ാം തീയതി പുലിക്കുരുമ്പ സെന്റ് ജോസഫ്സ് പാരീഷ് ഹാളിൽ വെച്ച് നടത്തപ്പെട്ടു. ചെമ്പേരി, കരുവൻചാൽ മേഖലകളിലെ അധ്യാപകർക്കായി നടത്തപ്പെട്ട പ്രോഗ്രാം മോൺ. മാത്യു എം. ചാലിൽ ഉദ്ഘാടനം ചെയ്തു. സ്കൂൾ മാനേജർ റവ. ഫാ. നോബിൾ ഓണകുളം ചടങ്ങിൽ അധ്യക്ഷത വഹിച്ചു. കോർപ്പറേറ്റ് മാനേജർ ഫാ. ജെയിംസ് ചെല്ലങ്കോട്ട് അനുഗ്രഹ പ്രഭാഷണം നടത്തി. റവ. ഫാ. മാത്യു ശാസ്താംപടവിൽ സ്വാഗതം ആശംസിച്ചു. ബെന്നി പുത്തൻനട, ബെന്നി ഫ്രാൻസിസ്, ബീന മാത്യു എന്നിവർ പ്രസംഗിച്ചു. തുടർന്ന് അഡ്വ. ചാർളി പോൾ ക്ലാസിനു നേതൃത്വം നല്കി. സെന്റ് ജോസഫ്സ് യു.പി സ്കൂൾ പുലിക്കുരുമ്പയിലെ പ്രധാനധ്യാപകൻ ഡായി മാത്യു ചടങ്ങിൽ നന്ദി പറഞ്ഞു.

## തോമാപുരം

തോമാപുരം റീജിയണിലെ എൽ.പി, യു.പി വിഭാഗം അധ്യാപകർക്കായി ഗുരുദീപ്തി അധ്യാപക പരിശീലനം 2019 ഏപ്രിൽ 10 നു രാവിലെ 8 മണി മുതൽ 1.30 വരെ ചിറ്റാരിക്കൽ വെള്ളിയേപ്പള്ളിൽ ഓഡിറ്റോറിയത്തിൽ വച്ചു നടന്നു. ഗുരുദീപ്തി ഉദ്ഘാടന സമ്മേളനത്തിൽ ഫാ. ജെയിംസ് ചെല്ലങ്കോട്ട് സ്വാഗത പ്രസംഗം നടത്തി. തോമാപുരം ഫൊറോന വികാരി വെരി.റവ. ഫാ. അഗസ്റ്റിൻ പാണ്ട്യാമാക്കൽ അധ്യക്ഷപദം അലങ്കരിച്ചു. തലശ്ശേരി അതിരൂപത ചാൻസിലർ വെരി റവ. ഡോ. തോമസ് തെങ്ങുംപള്ളിൽ ഗുരുദീപ്തി 2019 ഉദ്ഘാടനം ചെയ്തു. സെന്റ് തോമസ് ഹയർ സെക്കന്ററി സ്കൂൾ പി.ടി.എ വൈസ് പ്രസിഡന്റ് അഡ്വ. ജോസഫ് മുത്തോലിൽ ആശംസയർപ്പിച്ചു സംസാരിച്ചു. കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് അതിരൂപത സെക്രട്ടറി ജോബി മൂലയിൽ കൃതജ്ഞതയർപ്പിച്ചു. എച്ച്.ആർ.ഡി ട്രയിനർ ശ്രീ. വേണുഗോപാൽ ക്ലാസിനു നേതൃത്വം നൽകി. ക്ലാസിനു ശേഷം കോർപ്പറേറ്റ് മാനേജർ അധ്യാപകരോട് സംസാരിച്ചു. 106 അധ്യാപകർ പങ്കെടുത്തു. ഉച്ചഭക്ഷണത്തോടെ പ്രോഗ്രാം അവസാനിപ്പിച്ചു.

## അധ്യാപകർക്ക് കംപ്യൂട്ടർ പദ്ധതി

വിദ്യാലയങ്ങളിൽ കമ്പ്യൂട്ടറും കമ്പ്യൂട്ടർ പരിജ്ഞാനവും പാഠ്യപദ്ധതികളുടെ ഒഴിച്ചുകൂടാനാകാത്ത ഭാഗമായി. പരിശീലനം കൊടുക്കേണ്ട അധ്യാപകർ ഈ മേഖലയിൽ കാര്യക്ഷമതയുള്ളവരാകണം. അതിനായി നമ്മുടെ വിദ്യാലയങ്ങളിലെ അധ്യാപകർക്ക് ലാപ്ടോപ് ലഭ്യമാക്കാനുള്ള സാധ്യത ലഭിച്ചിരിക്കുന്നു. ലാപ്ടോപ്പിന് വേണ്ടിയുള്ള അപേക്ഷ അയക്കാനുള്ള ഫോർമാറ്റ് എല്ലാ സ്കൂളിലേക്കും അയച്ചിട്ടുണ്ട്. നാനൂറോളം അപേക്ഷകൾ ലഭിച്ചു.

നമ്മുടെ അധ്യാപകർക്ക് ലാപ്ടോപ് നൽകുന്ന ഈ പദ്ധതി GSS എന്ന ഫണ്ടിംഗ് ഏജൻസിയുടെ സഹായത്തോടെയാണ് നടപ്പിലാക്കുന്നത്. HP കമ്പനിയുടെ ലാപ്ടോപ് ആണ് ലഭിക്കുന്നത്. ലാപ്ടോപിന്റെ വിശദാംശങ്ങളും തുക അടയ്ക്കേണ്ട അക്കൗണ്ട് നമ്പറും പ്രധാനാധ്യാപകരെ അറിയിച്ചിരുന്നു.

ലാപ്ടോപ് പദ്ധതി കൊമേഴ്സ്യൽ ലക്ഷ്യങ്ങളോടെയുള്ളതല്ല. ഫണ്ടിംഗ് ഏജൻസി നമ്മുടെ വിദ്യാലയങ്ങളിലെ പഠന നിലവാരം കാര്യക്ഷമമാക്കുന്നതിനാണ് ഇപ്രകാരം സഹായിക്കുന്നത്. നമ്മുടെ സ്കൂളുകളിലെ അധ്യാപക അനധ്യാപകരല്ലാതെ മറ്റാരുടെയും പേരുകൾ ഉൾപ്പെടുത്തരുത്. ഈ ലാപ്ടോപിൽ സോഫ്റ്റ്വെയർ ഇൻസ്റ്റാൾ ചെയ്തിട്ടില്ല. ലാപ്ടോപും ചാർജറും മാത്രമേ ഉണ്ടാവുകയുള്ളു.

ലാപ്ടോപ് പ്രൊജക്ട് നമ്മുടെ കോർപ്പറേറ്റിലെ എല്ലാ അധ്യാപകരും കൂടുതൽ കമ്പ്യൂട്ടർ പരിജ്ഞാനം ഉള്ളവരായി തീരണം എന്ന ലക്ഷ്യത്തോ

ടെയാണ് നടപ്പിലാക്കുന്നത്. ഈ പദ്ധതി കോർപ്പറേറ്റ് തലത്തിൽ കോഡിനേറ്റ് ചെയ്യാൻ കരിക്കോട്ടക്കരി സെന്റ് തോമസ് യു.പി സ്കൂൾ അധ്യാപകനായ ശ്രീ. ജോഷി സെബാസ്റ്റ്യൻ സാറിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ചുള്ള സംശയങ്ങൾക്ക് സാറിനെ 9496259276 എന്ന നമ്പറിൽ Contact ചെയ്യാവുന്നതാണ്.

## മലബാർ സിവിൽ സർവ്വീസ് അക്കാഡമി പൊതുവിജ്ഞാന പഠനം-മികവ്

കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ നേതൃത്വത്തിൽ കഴിഞ്ഞ 5 വർഷമായി നമ്മുടെ വിദ്യാലയങ്ങളിൽ നടപ്പിലാക്കി വന്നിരുന്ന പൊതുവിജ്ഞാന പരിശീലന പദ്ധതി പുതുമകളോടെ വീണ്ടും അവതരിപ്പിക്കുകയാണ്. നമ്മുടെ വിദ്യാർത്ഥികളെ മത്സരപരീക്ഷകളിൽ മികവുള്ളവരാക്കാനും വിവിധ സ്കോളർഷിപ്പ് പരീക്ഷകൾ (LSS, USS, NMMS,NTSE) പി.എസ്.സി, യു.പി.എസ്.സി പരീക്ഷകൾ (IAS, IPS,IFS.....) ഇവയിൽ മികച്ച വിജയം കൈവരിക്കാനും പ്രാപ്തരാക്കുക എന്നതാണ് ഈ പഠന പദ്ധതിയുടെ ലക്ഷ്യം.

മുൻ വർഷങ്ങളിൽ വളരെ ആവേശകരമായ രീതിയിൽ വിദ്യാർത്ഥികൾ ഏറ്റെടുത്ത ഈ പൊതുവിജ്ഞാന പരിശീലന പദ്ധതി ഈ വർഷം രണ്ട് ഘട്ടങ്ങളിലായിട്ടാണ് അവതരിപ്പിക്കുന്നത്. ആദ്യ ഘട്ടം 2019 ഏപ്രിൽ മാസത്തിൽ ആരംഭിച്ച് 2019 മെയ്യ് മാസത്തിൽ അവസാനിക്കുന്ന രീതിയിലും രണ്ടാം ഘട്ടം 2019 ജൂൺ മാസത്തിൽ ആരംഭിച്ച് 2020 ജനുവരിയിൽ അവസാനിക്കുന്ന രീതിയിലുമാണ് ക്രമീകരിച്ചിരിക്കുന്നത്. രണ്ടു ഘട്ട തയ്യാറെടുപ്പുകൾക്കും ആവശ്യമായ പുസ്തകങ്ങൾ കോർപ്പറേറ്റ് ഓഫീസിൽ നിന്നും സ്കൂളുകളിൽ എത്തിക്കുന്നതാണ്. പുസ്തകം സ്കൂളിൽ എത്തിയാൽ ഉടൻ തന്നെ കുട്ടികൾക്ക് ലഭ്യമാക്കാൻ സ്കൂൾ കോർഡിനേറ്റേഴ്സ് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. വിദ്യാർത്ഥികളെ സ്കൂൾ തലത്തിൽ തിരഞ്ഞെടുക്കുന്നതിന് വ്യക്തമായ മാനദണ്ഡങ്ങൾ ഉണ്ടായിരിക്കണം. അല്ലെങ്കിൽ കുട്ടികളിൽ നിന്നും മാതാപിതാക്കളിൽ നിന്നും പരാതികളുണ്ടാകും.

ആദ്യ ഘട്ടത്തിൽ നിലവിലെ 3,4,5,6,7,8,9,11 ക്ലാസുകളിലെ കുട്ടികൾക്കാണ് ഈ പരിശീലന പദ്ധതിയിൽ പങ്കെടുക്കാൻ കഴിയുക. നേരത്തെ ആവശ്യപ്പെട്ടത് അനുസരിച്ച് ഓരോ ക്ലാസിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട 10% കുട്ടികളുടെ ലിസ്റ്റ് ഇതിനകം കോർപ്പറേറ്റ് ഓഫീസിലേക്ക് അയച്ചിട്ടുണ്ടല്ലോ. ഇനിയും രജിസ്റ്റർ ചെയ്യാത്ത ഏതാനും സ്കൂളുകൾ കൂടിയുണ്ട്. ഓഫീസിൽ നിന്നും മെയിൽ ചെയ്തിട്ടുള്ള ഫോർമാറ്റിൽ ടൈപ്പ് ചെയ്ത് എത്രയും വേഗം mcftly@gmail.com ലേക്ക് അയക്കേണ്ടതാണ്.

ആദ്യ ഘട്ട പരിശീലന പദ്ധതിയുടെ ഭാഗമായുള്ള റീജിയണൽ തല മീറ്റിങ്ങുകൾ പേരാവൂർ, എടൂർ, ഉളിക്കൽ, ചെമ്പേരി, വായാട്ടുപറമ്പ്, തോമാ

പുരം തുടങ്ങിയ സെന്ററുകളിൽ നടക്കുന്നതായിരിക്കും. തിയതി പിന്നീട് അറിയിക്കുന്നതാണ്. തിയതി അറിയിക്കുന്ന പക്ഷം പ്രസ്തുത സെന്ററുകളിലേക്ക് നേരത്തെ തിരഞ്ഞെടുക്കപ്പെട്ട 10% വിദ്യാർത്ഥികളെ അയക്കാൻ പ്രിൻസിപ്പാൾ, ഹെഡ്മാസ്റ്റർ, കോർഡിനേറ്റേഴ്സ് എന്നിവർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ആദ്യ ഘട്ടത്തിൽ പഠിക്കേണ്ട പുസ്തകങ്ങൾ താഴെ കൊടുക്കുന്നു.

(1) എൽ.പി വിഭാഗം (3,4)- കൈത്തിരി

(2) യു.പി വിഭാഗം (5,6,7)- മികവ്

(3) ഹൈസ്കൂൾ, ഹയർസെക്കൻഡറി (8,9,11)-അറിവ്

ആദ്യ ഘട്ട പുസ്തകങ്ങളെ ആസ്പദമാക്കിയുള്ള കോർപ്പറേറ്റ് തല പരീക്ഷ 2019 മെയ്യ് മാസം അവസാനവാരത്തിൽ വിവിധ റീജിയണൽ തലത്തിൽ വച്ച് നടത്തും. പരീക്ഷയ്ക്ക് 10% അനുകാലിക ചോദ്യങ്ങൾ ഉണ്ടായിരിക്കുന്നതാണ്. കോർപ്പറേറ്റ് തല പരീക്ഷകളിൽ വിജയികളാകുന്ന ആദ്യ 10 സ്ഥാനക്കാർക്ക് ലാപ്ടോപ്, സൈക്കിൾ തുടങ്ങിയ ആകർഷകമായ സമ്മാനങ്ങൾ വിതരണം ചെയ്യുന്നതുമായിരിക്കും. പരീക്ഷകളുമായി ബന്ധപ്പെട്ട മറ്റ് നിർദ്ദേശങ്ങൾ റീജിയണൽ തല ക്ലാസുകളിൽ വച്ച് വിദ്യാർത്ഥികളെ അറിയിക്കുന്നതാണ്. റീജിയണൽ തലത്തിൽ പരിശീലന പരിപാടികൾ നടത്തുന്നതിന് റീജിയണൽ കോർഡിനേറ്റർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഓരോ സ്കൂളിലേക്കും ആവശ്യം വേണ്ട പുസ്തകങ്ങളുട എണ്ണം റീജിയണൽ കോർഡിനേറ്റേഴ്സിനെ 20/04/2019 ചൊവ്വാഴ്ചയ്ക്കുള്ളിൽ അറിയിക്കേണ്ടതാണ്. റീജിയണൽ കോർഡിനേറ്റേഴ്സ്, മൊബൈൽ നമ്പർ എന്നിവ താഴെ ചേർക്കുന്നു.

| **റീജിയണൽ** | **കോർഡിനേറ്റർമാർ** | **മൊബൈൽ നമ്പർ** |
|---|---|---|
| പേരാവൂർ | ജൈജു എം ജോയി | 9400594531 |
| | നീനു ജോസഫ് | 8086722794 |
| എടൂർ | ജിബിൻ തോമസ് കെ | 9544062743 |
| | അഗസ്റ്റിൻ കെ ജോസഫ് | 9446843322 |
| ഉളിക്കൽ | റോബിൻ ജോസഫ് പി | 8547212632 |
| | ജൂബി പോൾ | 9495295027 |
| ചെമ്പേരി | ഷിന്റോ മാത്യു | 9447709047 |
| | ക്ലിന്റ് ജെറി | 9656500310 |
| വായാട്ടുപറമ്പ് | ടിജോ മാത്യു | 9745250585 |
| | ജെയ്സൺ പി.സി | 9447669341 |
| തോമാപുരം | ടോമിൻ കെ ജോർജ് | 6282429728 |
| | സീമ ജോസ് | 8289939549 |

അതിരൂപതാ തല കോർഡിനേറ്ററായി സെന്റ് തോമസ് ഹൈസ്കൂൾ മണിക്കടവിലെ ശ്രീ. റോബിൻ ജോസഫ് പി ഉത്തരവാദിത്വം നിർവഹിക്കും. നമ്മുടെ വിദ്യാർത്ഥികളെ മികവോടെ ഉയരങ്ങളിലെത്തിക്കാൻ പരിശ്രമിക്കാം

## സദ്ഗമയ ലേഖന മത്സര വിജയികൾ

| | | |
|---|---|---|
| **XI** 1-ാം സ്ഥാനം | - | തെരേസ് മറിയ പ്രിൻസ്, സെന്റ് തോമസ് എച്ച്.എസ്.എസ് തോമാപുരം |
| 2-ാം സ്ഥാനം | - | റിമി ചെറിയാൻ, സാന്തോം എച്ച്.എസ്.എസ് കൊളക്കാട് |
| 3-ാം സ്ഥാനം | - | അനിറ്റ സോണി, മേരിഗിരി എച്ച്.എസ്.എസ് തേർത്തല്ലി |
| **XII** 1-ാം സ്ഥാനം | - | ദിൽജിത് കെ.എം, സെന്റ് മേരീസ് എച്ച്.എസ്.എസ് എടൂർ |
| 2-ാം സ്ഥാനം | - | നൂറുനിസ പി.എം, സെന്റ് തോമസ് എച്ച്.എസ്.എസ് കിളിയന്തറ |
| 3-ാം സ്ഥാനം | - | നൈമിശരണ്യ എം.കെ, സാന്തോം എച്ച്.എസ്.എസ് കൊളക്കാട് |

**ACADEMIC SCHOLARSHIP EXAMINATION TOPPERS LIST 2019**

| NO. | STD | NAME OF STUDENT | NAME OF SCHOOL | Grade |
|---|---|---|---|---|
| 1 | I | LOUSI SIBI | NELLIPPARA LPS | I |
| 2 | I | ABIDAL FRANCIS | KACHERIKKADAVU UPS | II |
| 3 | I | ADHITHYAN P.P | KALLUVAYAL LPS | II |
| 4 | I | KRYTLIN MARIA K.V | KALLUVAYAL LPS | II |
| 5 | I | ADWAITH P.S | VAYATHUR UPS | II |
| 6 | I | ANGEL ROSE | NIRMALAGIRI LPS | III |
| 7 | I | ASWIN BINU | NELLIPPARA LPS | III |
| 8 | II | LINTA MARIA SIJO | ST.JOHN'S UPS THONDIYIL | I |
| 9 | II | ALAN JOHN KURIAN | ST.JOSEPH'S UPS KUNNOTH | I |
| 10 | II | ANAMIKA PRAMOD | ST.JOSEPH'S UPS KUNNOTH | I |
| 11 | II | ALEXANDER JOSEPH | VAYATHUR UPS | I |
| 12 | II | DEVAPRIYA M.R | UDAYAGIRI UPS | II |
| 13 | II | AJMAL .P | VAYATHUR UPS | II |
| 14 | II | JOSEPH P.J | VAYATHUR UPS | |
| 15 | II | DEVANA PARAG | UPS KUNNOTH | II |
| 16 | II | ADHIDEV A.V | UPS KUNNOTH | II |
| 17 | II | NEBIN JOSE | UPS THONDIYIL | II |
| 18 | II | THEERTHA RAVI | MANJALAMPURAM UPS | II |
| 19 | II | NIVEDHYA BIJU | KACHERIKKADAVU UPS | III |
| 20 | II | BLESSY ELIZABETH SEBASTIAN | KALLUVAYAL UPS | III |
| 21 | II | ANNS JOSHY | LPS PATHANPARA | III |
| 22 | II | DIYA ELIZABETH JAYAN | VILAKKANNUR LPS | III |
| 23 | II | VIGNESH .P ANOOP | UDAYAGIRI UPS | III |

| | | | | |
|---|---|---|---|---|
| 24 | II | DEVAPRIYA U.R | UDAYAGIRI LPS, UPS | III |
| 25 | III | MUHAMMED SHANID P | LPS EDAKKOM | I |
| 26 | III | ANNMARIA MATHAI | ST.JOHN'S UPS THONDIYIL | II |
| 27 | III | SADHIKA SUDHEESH | UPS THONDIYIL | II |
| 28 | III | MISNA MANOJ | LPS MAMPOIL | III |
| 29 | IV | KAVYA SUKUMARAN | PALATHINKADAV LPS | I |
| 30 | IV | ANGEL ANNA | UPS THONDIYIL | II |
| 31 | IV | SREELAKSHMI PRASAD | THOMAPURAM LPS | II |
| 32 | V | DIMAL DIJO | PALAVAYAL HS | II |
| 33 | V | CHESNA LISBETH JOHNY | UPS KUNNOTH | II |
| 34 | V | RIYA ROSE SANTHOSH | JOSEGIRI UPS | III |
| 35 | VI | ROSEMARY ALOSHYAS | KARUVULLADUKAM UPS | I |
| 36 | VI | ANNMARIA BINU | THOMAPURAM UPS | II |
| 37 | VI | AGMA RAMESH | CHEMPERI UPS | III |
| 38 | VI | TOM BRILLIANT | KARIVEDAKAM UPS | III |
| 39 | VII | FATHIMATH ANSILA ASHRAF | UPS KARUVULLADUKAM | I |
| 40 | VII | ANUMARIA SHAJI | UPS KARUVULLADUKAM | II |
| 41 | VII | ABIN THOMAS | ANGADIKKADAVU | II |
| 42 | VII | JOHN BIJU | KILIYANTHARA HS | III |
| 43 | VII | ANGEL MARY ROY | PRATHYASA UPS UDAYAGIRI | III |
| 44 | VII | LENA TREESA TOMY | UPS UDAYAGIRI | III |
| 45 | VII | ALAN ABRAHAM | UPS CHEMPANTHOTTY | III |
| 46 | VIII | ABHIJITH SAJI | VAYATTUPARAMBU HS | I |
| 47 | VIII | JIYA JOHNSON | KOLAKKAD HS | II |
| 48 | VIII | DEVIKA.R | PAISAKKARI HS | II |
| 49 | VIII | LAMIYA SHAJAHAN | CHERUPUZHA HS | III |
| 50 | IX | AJAYKRISHNAN .K | VELLARIKKUNDU | I |
| 51 | IX | ALFIYA .PA | THOMAPURAM HS | II |
| 52 | IX | ADHITHYA MOHAN | HS CHEMPERI | III |

**യു.എസ്.എസ് സ്കോളർഷിപ് ജേതാക്കൾ**

**ചന്ദനക്കാംപാറ ചെറുപുഷ്പം യു.പി സ്കൂൾ**

എയ്ഞ്ചൽ മരിയ സജി, അനഘ എൻ.എ

**സെന്റ് ജോൺസ് യു.പി സ്കൂൾ പാലാവയൽ**

അഭിഷേക് ജോർജ്, ലിയ ആൻ മാത്യു

ഡേവിസ് ടി. ബെന്നി, ആദർശ് സാജൻ

അൽബിൻ ബെന്നി, ഗായത്രി ബെന്നി, വിസ്മയ തെരേസ ബെന്നി

**സെന്റ് ജെൺസ് യു.പി സ്കൂൾ തൊണ്ടിയിൽ**

ഷാനിയ ജോസഫ്, നിരഞ്ജന രാജീവ്, താനിയ മരിയ

സപര്യ സജി, ടിബിൻ ബേബി ജോർജ്

**ചെമ്പന്തൊട്ടി യു.പി സ്കൂൾ**

ആൻസ് മരിയ ആന്റോ കോച്ചേരി, അലൻ അബ്രഹാം എടമുള

**സെന്റ് ജോസഫ് യു.പി സ്കൂൾ കുന്നോത്ത്**

അന്ന റോസ് സെബാസ്റ്റ്യൻ, എയ്ഞ്ചലോ ജോയ്

ആഷിക് ജെയ്സൺ, അമയമോൻ പി.എസ്, ഇവാന ജോൺ

**പ്രത്യാശ യു.പി സ്കൂൾ ഉദയഗിരി**

എയ്ഞ്ചൽ മേരി റോയ്, ലെന ട്രീസ ടോമി

## കെട്ടിട ഉദ്ഘാടനം സെന്റ് ജോസഫ് യു.പി സ്കൂൾ കുന്നോത്ത്

കുന്നോത്ത് സെന്റ് ജോസഫ് യു.പി സ്കൂളിൽ തലശ്ശേരി അതിരൂപത കോർപ്പറേറ്റ് എജ്യുക്കേഷണൽ ഏജൻസിയുടെ സഹായത്തോടെ നിർമ്മിച്ച പുതിയ രണ്ടു ക്ലാസ് മുറികളുടെയും ഓപ്പൺ സ്റ്റേജിന്റെയും ഉദ്ഘാടനവും വെഞ്ചിരിപ്പും തലശ്സേരി അതിരൂപത അധ്യക്ഷൻ മാർ ജോർജ് ഞറള ക്കാട്ട് പിതാവ് 26-02-2019 ചൊവ്വാഴ്ച നിർവഹിച്ചു. ഉദ്ഘാടന യോഗത്തിൽ റവ. ഫാ. ജോസഫ് ചാത്തനാട്ട് സ്വാഗതവും അഭിവന്ദ്യ പിതാവ് മാർ ജോർജ് ഞറളക്കാട്ട് മുഖ്യപ്രഭാഷണവും സ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ. സ്റ്റാനി കെ.എം നന്ദിയും പറഞ്ഞു. പി.ടി.എ, എം.പി.ടി.എ അംഗങ്ങൾ, അധ്യാപ കർ, വിദ്യാർഥികൾ ഇടവകാംഗങ്ങൾ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

കുന്നോത്ത് യു.പി. സ്കൂളിന് കൂടുതൽ സൗകര്യങ്ങൾക്കുവേണ്ടി പുതിയ കെട്ടിടം നിർമ്മിച്ച് മികച്ച ക്രമീകരണങ്ങൾ നടത്തിയ എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു. പ്രത്യേകിച്ച് സ്കൂൾ മാനേജരായ ജോസഫ് ചാത്തനാട്ടച്ചൻ പുതിയ കെട്ടിട നിർമ്മാണത്തിന് നേതൃത്വം നല്കിയ കൈക്കാരന്മാരും കമ്മിറ്റിക്കാരും അധ്യാപകരും രക്ഷിതാക്കളും ഒരുമിച്ച് ചേർന്ന് കെട്ടിട നിർമ്മാണം പൂർത്തിയാക്കിയതിന് പ്രത്യേകം അഭിനന്ദനവും നന്ദിയും അറിയിക്കുന്നു.

## അധ്യാപക സെലക്ഷൻ കണക്ക്, മലയാളം, ഹിന്ദി

കണക്ക്, മലയാളം, ഹിന്ദി എന്നീ വിഷയങ്ങളിലേക്കുള്ള അധ്യാപക സെലക്ഷൻ പരീക്ഷ 2019 മെയ് 20-ാം തീയതി ഉണ്ടായിരിക്കും. തലശ്ശേരി സാൻജോസ് മെട്രോ പൊളിറ്റൻ സ്കൂളിലായിരിക്കും പരീക്ഷ. വിശദവിവ രങ്ങൾ അറിയിച്ചുകൊണ്ടുള്ള കത്ത് ഉദ്യോഗാർത്ഥികൾക്ക് അയയ്ക്കും. മെയ് 10-ാം തീയതി വരെ മാത്രമേ അപേക്ഷ സ്വീകരിക്കുകയുള്ളു. ബഹു മാനപ്പെട്ട അച്ചന്മാർ ഈ വിവരങ്ങൾ പള്ളിയിൽ അറിയിക്കണമെന്ന് അപേക്ഷിക്കുന്നു.

## ടീച്ചേഴ്സ് ട്രയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് തളിപ്പറമ്പ്

തളിപ്പറമ്പിൽ മലനാട് എജ്യുക്കേഷണൽ ആന്റ് ചാരിറ്റബിൾ ട്രസ്റ്റും

# എ.കെ.സി.സി.

*കത്തോലിക്കാ കോൺഗ്രസ്സിന്റെ ഓഫീസിൽനിന്ന് ആശംസകൾ!*

## കത്തോലിക്കാ കോൺഗ്രസ് മാധ്യമ സമിതി

കത്തോലിക്കാ കോൺഗ്രസ്സ് മാധ്യമ സമിതി ഏപ്രിൽ 6,7 തിയതികളിൽ പാലാരിവട്ടം പി.ഒ.സി.യിൽ സംഘടിപ്പിച്ച (ഫോക്കസ്) മാധ്യമ പരിശീലന ക്യാമ്പിൽ തലശ്ശേരി അതിരൂപതയിൽ നിന്ന് ബെന്നി പുതിയാംപുറം (കുന്നോത്ത്), കിഷോർലാൽ ചൂരനോലിൽ (തളിപ്പറമ്പ്), ജോസ് കാനാട്ട് (പുറവയൽ) എന്നിവർ പങ്കെടുത്തു. മാധ്യമസമിതിയുടെ തലശ്ശേരി റീജിയനൽ കോ- ഓർഡിനേറ്റർ ആയി കിഷോർലാൽ തിരഞ്ഞെടുക്കപ്പെട്ടു.

## അതിരൂപത എക്സിക്യൂട്ടീവ്

കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപത എക്സിക്യൂട്ടീവ് യോഗം 10-4-2019ന് ബുധനാഴ്ച പ്രസിഡന്റ് ദേവസ്യ കൊങ്ങോലയുടെ അധ്യക്ഷതയിൽ ഓഫീസിൽ ചേർന്നു. 2019 - 20 വർഷത്തെ കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപത വാർഷിക പദ്ധതിക്കു രൂപംനൽകി.

---

ഈ ട്രസ്റ്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന ടീച്ചേഴ്സ് ട്രയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടും അതിരൂപതയുടെ നേതൃത്യത്തിൽ ഏറ്റെടുത്തു. കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയും വിമൽജ്യോതി എൻജിനിയറിംഗ് കോളേജും സംയുക്തമായാണ് ഈ സംരഭത്തിന് നേതൃത്വം നൽകിയത്.

തളിപ്പറമ്പിൽ പുളിംപറമ്പിലുള്ള സാൻജോസ് സ്കൂളിന്റെ സമീപത്താണ് ടീച്ചേഴ്സ് ട്രയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്. ഇപ്പോൾ ഡിപ്ലോമ ഇൻ എലമെന്ററി എജ്യുക്കേഷൻ (ഡി.എൽ.എഡ്- D.El. Ed) എന്ന് പേര് മാറ്റിയിരിക്കുന്ന പഴയ ടി.ടി.സി കോഴ്സാണുള്ളത്. 92 എയ്ഡഡ് സ്കൂളുകളും നിരവധി എയ്ഡഡ് വിദ്യാലയങ്ങളുമുള്ള നമ്മുടെ അതിരൂപതയ്ക്ക് ഇപ്രകാരമൊരു അധ്യാപക പരിശീലന കേന്ദ്രം ലഭിച്ചുവെന്നത് സന്തോഷകരമാണ്. നേതൃത്വവും പ്രോത്സാഹനവും നല്കിയ അഭിവന്ദ്യ പിതാക്കന്മാർക്ക് നന്ദി.

പ്ലസ്ടു റിസൾട് അറിഞ്ഞാൽ അഡ്മിഷൻ തുടങ്ങും. നമ്മുടെ ഇടവകകളിലെ കുട്ടികളെ ഈ സ്ഥാപനത്തെ കുറിച്ചുള്ള വിവരം അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**ഫാ. മാത്യു ശാസ്താംപടവിൽ**
അസി. കോർപ്പറേറ്റ് മാനേജർ

**ഫാ. ജെയിംസ് ചെല്ലങ്കോട്ട്**
കോർപ്പറേറ്റ് മാനേജർ

കത്തോലിക്കാ കോൺഗ്രസ് സമയബന്ധിതമായി നടപ്പിലാക്കുന്ന പ്രവർത്തനങ്ങളുടെ ഏകോപനത്തിനും വിജയകരമായി പൂർത്തിയാക്കുന്നതിനും ഓരോ പദ്ധതികൾക്കും കേന്ദ്രസമിതിയുടെ ഓരോ ഭാരവാഹികളും അതിരൂപത സമിതികളിൽനിന്നും ഓരോ ഭാരവാഹിക്കും ചുമതല നൽകുന്നതിന് തീരുമാനിച്ചതിൻപ്രകാരം തലശ്ശേരി അതിരൂപതയിൽനിന്ന് താഴെ പറയുന്ന ഭാരവാഹികൾക്ക് ചുമതല നൽകി.

1. മാധ്യമസമിതി - ബെന്നി പുതിയാംപുറം
2. പഞ്ചായത്ത് സമിതികൾ - കുഞ്ഞമ്മ തോമസ് തോണിക്കുഴി
3. ഹരിത സമൃദ്ധി - ചാക്കോച്ചൻ കാരാമയിൽ
4. സാമ്പത്തിക സംവരണം - സുരേഷ് ജോർജ്
5. റോഡ് സുരക്ഷ - തോമസ് മാണി കളപ്പുര
6. പരിസ്ഥിതി സംരക്ഷണം - വർഗ്ഗീസ് പള്ളിച്ചിറ
7. വിദ്യാഭ്യാസം - ജോണി തോമസ് വടക്കേക്കര
8. വിവിധ ദിനാചരണങ്ങൾ - ഫിലിപ്പ് വെളിയത്ത്
9. മെമ്പർഷിപ്പ് ക്യാമ്പയിൻ- ജനറൽ സെക്രട്ടറി
10. യൂണിറ്റ് സന്ദർശനങ്ങൾ - പ്രസിഡന്റ്
11. ക്ലീൻ ഹോം ക്ലീൻ സിറ്റി - സിസിലി പുഷ്പകുന്നേൽ
12. തിങ്ക് - ടാങ്ക് - ബേബി നെട്ടാനാനിയാൽ
13. കത്താലിക് ഹബ്ബ് - ജോർജ് വടകര
14. പ്രവർത്തന ഫണ്ട് - ട്രഷറർ
15. ശതാബ്ദിസുവനീർ - ഡേവിസ് ആലങ്ങാടൻ
16. കാർഷിക പ്രതിസന്ധികൾ - അഡ്വ. ബിനോയ് തോമസ്
17. റിപ്പോർട്ടുകൾ - പീയൂസ് പറേടം

- പദ്ധതികളുടെ കോ-ഓർഡിനേഷൻ - അഡ്വ. ടോണി പുഞ്ചക്കുന്നേൽ
- പരസ്പര സഹായനിധിയുടെ മെയ്മാസത്തെ ജനറൽ ബോഡിയോഗം മെയ് 10ന് വെള്ളിയാഴ്ച ഓഫീസിൽ ചേരുന്നതാണ്.
- മാധ്യമസമിതിയുടെ തലശ്ശേരി റീജിയൺ കോ-ഓർഡിനേറ്ററായി തിരഞ്ഞെടുക്കപ്പെട്ട കിഷോർലാൽ ചൂരനോനിയെ കത്തോലിക്കാ കോൺഗ്രസ് അതിരൂപത എക്സിക്യൂട്ടിവായി നോമിനേറ്റ് ചെയ്തു.

സ്നേഹപൂർവ്വം,

**ദേവസ്യാ കൊങ്ങോല** — അതിരൂപതാ പ്രസിഡന്റ് 94472281975

**ഫാ. മാത്യു ആശാരിപറമ്പിൽ** — ഡയറക്ടർ

# സാൻജോസ് മെട്രോപോളിറ്റൻ അക്കാഡമി ഫോർ റിസേർച്ച് ആന്റ് ട്രെയിനിംഗ്

**ഫോൺ : 8281750777 , 8281730777**

E-mail: sanjoseacademytly@gmail.com, sanjoactly@gmail.com


സാൻജോസ് അക്കാഡമിയുടെ നേതൃത്വത്തിൽ വിവിധ പരിശീലനങ്ങൾ വിവിധ സ്ഥലങ്ങളിൽ സജീവമായി നടക്കുന്ന സമയമാണ് ഇത്. ഈ മധ്യ വേനലവധിക്കാലത്തിനുശേഷം ആരംഭിക്കാനിരിക്കുന്ന വിവിധ കോഴ്സുകൾക്ക് വേണ്ടിയുള്ള പ്രവേശന പരീക്ഷകൾക്ക് മികച്ച പരിശീലനങ്ങൾ വിവിധ സ്ഥലങ്ങളിൽ നടന്നുകൊണ്ടിരിക്കുന്നു. പുതിയ കോഴ്സുകൾ പുതിയ അധ്യയന വർഷത്തിൽ അക്കാഡമിയിൽ ആരംഭിക്കുകയും ചെയ്യുന്ന വിവരം സന്തോഷത്തോടെ അറിയിക്കുന്നു.

## IELTS പരിശീലനം ആരംഭിച്ചു...

ഇംഗ്ലീഷ് ഭാഷ ലോക ഭാഷയായി മാറിയ ഈ കാലഘട്ടത്തിൽ നമ്മുടെ കുട്ടികൾക്ക് വിവിധ കോഴ്സുകളിൽ അഡ്മിഷൻ നേടുവാനും വിജയിക്കുവാനും വിവിധ രാജ്യങ്ങളിൽ പഠനത്തിനും ജോലിക്കും IELTS, OET തുടങ്ങിയ സർട്ടിഫിക്കറ്റുകൾ അത്യന്താപേക്ഷിതമാണ്. നമ്മുടെ കുട്ടികൾക്ക് നല്ല പരിശീലനം നൽകി വിജയികളാക്കുവാൻ സാൻജോസ് അക്കാഡമിയുടെ നേതൃത്വത്തിൽ തലശ്ശേരി മാതാ സെന്റർ കേന്ദ്രീകരിച്ച് IELTS പരിശീലനം ഏപ്രിൽ 29-ാം തിയ്യതി മുതൽ ആരംഭിച്ചിരിക്കുന്നു. ആദ്യ ബാച്ചിൽ 25 കുട്ടികൾക്കാണ് പ്രവേശനം അനുവദിച്ചിരിക്കുന്നത്. കോഴ്സ് ഫീസ് രണ്ട് മാസത്തേക്ക് 12000 രൂപയും+ഹോസ്റ്റൽ ഫീസും ആണ് നിശ്ചയിച്ചിരിക്കുന്നത്.എന്നാൽ ആദ്യ ബാച്ചിലെ കുട്ടികൾക്ക് ഒരു മാസത്തേക്ക് 7999 രൂപയും+ഹോസ്റ്റൽ ഫീസും രണ്ടു മാസത്തേക്ക് 9999 രൂപയും+ഹോസ്റ്റൽ ഫീസും നൽകിയാൽ മതിയാകും. വിജയികൾക്ക് U Kയിൽ നേഴ്സിംഗ് സംബന്ധമായ ജോലികൾക്ക് പ്രത്യേക സഹായസഹകരണങ്ങൾ സൗജന്യമായി സാൻജോസ് അക്കാഡമി നൽകുന്നതാണ്. അടുത്ത ബാച്ചുകളിലേക്ക് അഡ്മിഷൻ ആവശ്യമുള്ളവർ 8281 750 777, 8281 730 777 എന്നീ നമ്പരുകളിൽ ബന്ധപ്പെടേണ്ടതാണ്.കേരളത്തിലെ പ്രമുഖ അദ്ധ്യാപകർ കോഴ്സുകൾക്ക് നേതൃത്വം നൽകുന്നതാണ്.

## I. NEET/JEE/KEAM Crash Coaching

ഒരു മാസത്തോളം നീണ്ടുനിന്ന മെഡിക്കൽ-എഞ്ചിനീയറിംങ് പരീക്ഷകളുടെ പരിശീലനം ആലക്കോട്, കുന്നോത്ത് എന്നിവിടങ്ങളിൽവച്ച് വിജയകരമായി പൂർത്തിയാക്കി.നൂറോളം കുട്ടികൾ രണ്ടു സെന്ററുകളിലുമായി പരി

ശീലനത്തിൽ ഏർപ്പെട്ടു. വിദ്യാർത്ഥികൾക്ക് മികച്ച പരിശീലനം നൽകുവാൻ സാധിച്ചിട്ടുണ്ട്. കുട്ടികളെ പറഞ്ഞയച്ച മാതാപിതാക്കൾക്കും പരിശീലനത്തിലേർപ്പെട്ട കുഞ്ഞുമക്കൾക്കും അവരെ പരിശീലിപ്പിച്ച അദ്ധ്യാപകർക്കും പ്രത്യേകിച്ച് കുന്നോത്ത് ഹയർസെക്കൻഡറി സ്‌ക്കൂളിനും ആലക്കോട് മേരിമാത കോളേജിനും ഫൊറോന വികാരിയച്ചൻമാരായ പെരിയ.ബഹു.ജോസഫ് ചാത്തനാട്ട് അച്ചനും പെരിയ.ബഹു.ആന്റണി ആനക്കല്ലിൽ അച്ചനും ഹൃദയപൂർവ്വം നന്ദി.

## II. K-TET Coaching

എൽ.പി.സ്‌കൂൾതലം മുതൽ ഹൈസ്ക്കൂൾതലംവരെയുള്ള അദ്ധ്യാപകരാകാനുള്ള ഗവൺമെന്റ് എൻട്രൻസ് പരീക്ഷയായ K-TET മൂന്നാം ബാച്ചിന്റെ പരിശീലനം നടന്നുകൊണ്ടിരിക്കുന്നു. പുതിയ ബാച്ചിൽ പ്രവേശനം ആഗ്രഹിക്കുന്നവർക്ക് 8281750777, 8281730777 എന്നീ നമ്പറുകളിൽ വിളിച്ച് സീറ്റ് ബുക്ക് ചെയ്യാവുന്നതാണ്.

## III. Bridge +1

എൻട്രൻസ് പരീക്ഷകൾക്ക് ഒരുക്കമായി രണ്ട് വർഷം നീണ്ടുനിൽക്കുന്ന പരിശീലന ക്യാമ്പുകൾ രൂപതയുടെ 2 കേന്ദ്രങ്ങളിൽവച്ച് നടത്തപ്പെടുകയാണ്. ഒന്നാം വർഷ പ്ലസ്ടു വിദ്യാർത്ഥികൾക്ക് വേണ്ടി മെയ് ആദ്യവാരം മുതൽ ക്ലാസുകൾ ആരംഭിക്കും. കുന്നോത്ത്, ആലക്കോട് എന്നിവിടങ്ങളിലാണ് കേന്ദ്രങ്ങൾ. പത്താം ക്ലാസിൽ മികച്ച വിജയം പ്രതീക്ഷിക്കുന്ന കുട്ടികൾക്ക് ഇപ്പോൾ തന്നെ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. കോഴ്‌സുകൾക്ക് രജിസ്ട്രേഷൻ ഫീസ് ഉണ്ടായിരിക്കുന്നതാണ്. വലിയ അവധിക്കാലങ്ങളിലും, പ്രധാന അവധി ദിവസങ്ങളിലും ശനിയാഴ്ച ദിവസങ്ങളിലുമാണ് ക്ലാസുകൾ നടത്തപ്പെടുക.

## IV.Bridge +2

ഇക്കഴിഞ്ഞ വർഷത്തിൽ ആരംഭിച്ച എൻട്രൻസ് പരിശീലനങ്ങളുടെ തുടർച്ചയായി പ്ലസ്ടു പഠിച്ചുകൊണ്ടിരിക്കുന്ന കുട്ടികൾക്കായുള്ള എൻട്രൻസ് രണ്ടാം വർഷ പരിശീലനം കുന്നോത്ത് ഹയർസെക്കൻഡറി സ്‌ക്കൂളിൽ ഏപ്രിൽ ആദ്യവാരം മുതൽ ആരംഭിച്ചിരിക്കുന്നു. രണ്ടാം വർഷ പരിശീലനത്തിൽ പുതുതായി അഡ്മിഷൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ സാൻജോസ് അക്കാഡമി ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

## V. PSC Coaching

കേന്ദ്ര- സംസ്ഥാന ഗവൺമെന്റ് മേഖലകളിൽ ജോലിയിൽ പ്രവേശിക്കുവാനുള്ള കവാടമാണല്ലോ P.S.C. , U.P.S.C. പരീക്ഷകൾ. ലളിതവും എന്നാൽ നല്ല ഒരുക്കവും പരിശീലനവും ആവശ്യമായ പരീക്ഷാഘടനയാണ് ഇതിനുള്ളത് നമ്മുടെ അതിരൂപതയിലെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങൾ

ഉപയോഗപ്പെടുത്തി നടത്തപ്പെടുന്ന ഈ പരിശീലന പദ്ധതി കാര്യക്ഷമമായി മുന്നോട്ടുപോകുന്നു. അടുത്ത ബാച്ച് ജൂൺ മാസത്തോടുകൂടി പൈസക്കരി ദേവമാതാ കോളേജ്, ആലക്കോട് മേരിമാതാ കോളേജിലുമായി ഡിഗ്രി കോഴ്സുകളോടൊപ്പം ആരംഭിക്കുന്നു.അഡ്മിഷൻ ആവശ്യമുള്ളവർ 8281 750 777, 8281 730 777 എന്നീ നമ്പരുകളിൽ ബന്ധപ്പെടേണ്ടതാണ്.

## VI. NET Exam Crash Coaching

ജൂൺ മാസത്തിൽ നടക്കാനിരിക്കുന്ന നെറ്റ് പരീക്ഷയക്ക് ഒരുക്കമായുള്ള ക്രാഷ് കോച്ചിങ് ക്യാമ്പ് **മെയ് 15 മുതൽ 25 വരെ** തലശ്ശേരി സന്ദേശഭവൻ, ഇരിട്ടി സെന്റ് ജോസഫ്സ് ഓഡിറ്റോറിയം എന്നിവിടങ്ങളിൽ വച്ച് ആരംഭിക്കുന്നതാണ്. മാനവിക വിഷയങ്ങളുടെ ജനറൽ പേപ്പറിന്റെ വിഷയങ്ങളായിരിക്കും പഠിപ്പിക്കപ്പെടുക. പി.ജി. രണ്ടാം വർഷം പഠിച്ചുകൊണ്ടിരിക്കുന്നവർക്കും പുർത്തിയാക്കിയവർക്കും കോളേജ് അധ്യാപകരാകാനും റിസേർച്ച് ഫെലോസ് ആകാനുമുള്ള യോഗ്യതാ പരീക്ഷയായ യു.ജി.സി. നെറ്റ് പരീക്ഷയ്ക്ക് വേണ്ടി ഒരുങ്ങാവുന്നതാണ്.

## VII THE LEADER

വിദ്യാർത്ഥികളുടെ വ്യക്തിത്വവികസനം ലക്ഷ്യമാക്കികൊണ്ട് നടത്തപ്പെടുന്ന ദി ലീഡർ പ്രോഗ്രാം ഈ വർഷവും സംഘടിപ്പിക്കപ്പെടുന്നുണ്ട് . നമ്മുടെ അതിരൂപതയിലെ മതബോധന വിദ്യാർത്ഥികളെയും ചെറുപുഷ്പ മിഷൻ ലീഗ് പ്രവർത്തകരെയുമാണ് ഇതിലേക്ക് പ്രതീക്ഷിക്കുന്നത്. ആറാം ക്ലാസ് മുതൽ പത്താം ക്ലാസ്സ്വരെ പഠിക്കുന്ന 80 കുട്ടികൾക്ക് വേണ്ടിയാണ് ഈ ക്യാമ്പുകൾ സംഘടിപ്പിക്കുന്നത്. അതിരൂപതയുടെ പരിശീലന കേന്ദ്രങ്ങളായ സന്ദേശഭവൻ , പടന്നക്കാട് പാസ്റ്ററൽ സെന്റർ എന്നിവിടങ്ങളിലാണ് ചെറുപുഷ്പ മിഷൻ ലീഗിനോട് സഹകരിച്ചുകൊണ്ടുള്ള ഈ ക്യാമ്പുകൾ നടത്തപ്പെടുക. സന്ദേശഭവനിൽ വച്ച് മെയ് 8 മുതൽ 11 വരെയുള്ള ദിവസങ്ങളിലും പടന്നക്കാട് മെയ് 15 മുതൽ 18 വരെയുള്ള ദിവസങ്ങളിലുമാണ് ക്യാമ്പുകൾ നടത്തപ്പെടുക. രജിസ്ട്രേഷൻ ഫീസ് 900 രൂപയായിരിക്കും. ചെറുപുഷ്പ മിഷൻ ലീഗ് ഓഫീസിലോ, സാൻജോസ് അക്കാഡമി ഓഫീസിലോ പേർ രജിസ്റ്റർ ചെയ്യാവുന്നതാണ്.

## VIII. ജോലി ഒഴിവ്

സാൻജോസ് അക്കാഡമിയുടെ വിവിധ പരിശീലനകേന്ദ്രങ്ങളിലേക്ക് കെമിസ്ട്രി, ഫിസിക്സ്, കണക്ക്, സുവോളജി, ബോട്ടണി എന്നീ വിഷയങ്ങളിൽ പി.ജി കഴിഞ്ഞ അധ്യാപകരെ ദിവസവേതനത്തിൽ നിയമിക്കുന്നതാണ്. ഈ വിഷയങ്ങളിൽ മികച്ച എൻട്രൻസ് കോച്ചിംങ് നൽകാൻ പ്രാഗല്ഭ്യമുള്ള അധ്യാപകരെയാണ് അക്കാഡമി പ്രതീക്ഷിക്കുന്നത്. നമ്മുടെ ഇടവകകളിൽ യോഗ്യരായ ഉദ്യോഗാർത്ഥികൾ ഉണ്ടെങ്കിൽ ബഹു.വികാരിയച്ച

ന്മാർ ഈ വിവരം പള്ളികളിൽ അറിയിക്കുമല്ലോ. അതോടൊപ്പം പി.എസ്.സി കോച്ചിംങ്ങിന്റെ ഭാഗമായുള്ള വിവിധ വിഷയങ്ങളിൽ ക്ലാസുകൾ എടുക്കാൻ യോഗ്യരായ അധ്യാപകരെയും അക്കാഡമിയിലേക്ക് ഏറെ സ്നേഹത്തോടെ സ്വാഗതം ചെയ്യുന്നു. നമ്മുടെ കോർപ്പറേറ്റിൽ പേര് രജിസ്റ്റർ ചെയ്തിരിക്കുന്ന അധ്യാപക-ഉദ്യോഗാർത്ഥികളായ സഹോദരങ്ങൾക്ക് ഈ സുവർണ്ണാവസരം പ്രയോജനപ്പെടുത്താവുന്നതാണ്.

വിവിധ സ്ഥാപനങ്ങളും കമ്പനികളും അവരുടെ വിവിധ കേന്ദ്രങ്ങളിൽ വരുന്ന ഒഴിവുകൾ സാൻജോസ് അക്കാഡമിയിൽ അറിയിക്കാറുണ്ട്. നമ്മുടെ ഇടവകകളിൽപ്പെടുന്ന അഭ്യസ്ഥവിദ്യരായ ആളുകൾക്ക് സാൻജോസ് അക്കാഡമിയുമായി ബന്ധപ്പെടുകയാണെങ്കിൽ ഇത്തരം ജോലി ഒഴിവുകളെ സംബന്ധിച്ചുള്ള അറിവുകൾ കൈമാറുന്നതാണ്.

## X. വിജയവീഥി ഉപരിപഠന വഴികാട്ടി

സാൻജോസ് അക്കാഡമിയുടെ ആഭിമുഖ്യത്തിൽ പത്താം ക്ലാസ്സ്, പ്ലസ് ടു പഠിക്കുന്ന കുട്ടികൾക്ക് പഠനശേഷം തെരെഞ്ഞെടുക്കാവുന്ന വിവിധ കോഴ്സുകളെസംബന്ധിച്ചും പരീക്ഷകളെസംബന്ധിച്ചും വിശദമായി പ്രതിപാദിക്കുന്ന 'വിജയവീഥി ഉപരിപഠന വഴികാട്ടി' എന്ന പുസ്തകം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ കാലയളവിൽ വിവിധ പരീക്ഷകൾ എഴുതി പുതിയ കോഴ്സുകൾക്കുവേണ്ടി കാത്തിരിക്കുന്നവർക്ക് ഇത് ഒരു നല്ല വഴികാട്ടിയായ പുസ്തകമായിരിക്കും. എല്ലാ ഹൈസ്കൂളുകളിലെയും ഹയർസെക്കണ്ടറിയിലെയും കുട്ടികൾക്ക് ഇത് ഉപകാരപ്രദമാവട്ടെ എന്ന് ആശംസിക്കുന്നു.പുസ്തക വില 100 രൂപ. കൂടുതൽ കോപ്പികളെടുക്കുന്നവര്ക്ക് പ്രത്യേക ഡിസ്കൗണ്ട് നൽകുന്നതാണ്.

## സെമിനാറുകൾ-ക്ലാസ്സുകൾ

1. 06.04.2019 ശനിയാഴ്ച പയ്യന്നൂർ മാത്തിൽ ഗുരുദേവ് ആർട്സ് ആൻഡ് സയൻസ് കോളേജിൽവച്ച് കരിയർ ഗുരു ശ്രീ. ലവകുമാർ സാറിന്റെ കരിയർ ഗൈഡൻസ് സെമിനാർ നടത്തപ്പെട്ടു.
2. 07.01.2019 ഞായറാഴ്ച ചെമ്പേരി ലൂർദ്ദ് മാതാ ദേവാലയത്തിൽ ബഹു. പയസ് പടിഞ്ഞാറെമുറിയിൽ അച്ചൻ വി.കുർബാന അർപ്പിച്ച് സാൻജോസ് അക്കാഡമി പ്രവർത്തനങ്ങൾ വിശദീകരിച്ചു.
3. 13.04.2019 പുലിക്കുരുമ്പ ഗാന്ധി മെമ്മോറിയൽ ലൈബ്രറിയും സാൻജോസ് അക്കാഡമിയും ചേർന്ന് സംഘടിപ്പിച്ച കരിയർ ഗൈഡൻസ് കോഴ്സ് പുലിക്കുരുമ്പ പാരിഷ് ഹാളിൽവച്ച് നടത്തപ്പെട്ടു.നൂറോളം കുട്ടികൾ സംബന്ധിച്ചു.
4. 14.04.2019 ന് K-TET പരിശീലനം ഇരിട്ടി സെന്റ് ജോസഫ് ദേവാലയ ഓഡിറ്റോറിയത്തിൽ ആരംഭിച്ചു.

5. 16.04.2019 ചൊവ്വാഴ്ച്ച വെള്ളരിക്കുണ്ടിൽ KCYM മേഖല കമ്മിറ്റിയുമായി സഹകരിച്ച് കരിയർ ഗൈഡൻസ് ക്ലാസ്സുകൾ സംഘടിപ്പിച്ചു. 120 കുട്ടികൾ പങ്കെടുത്തു.
6. 29.04.2019 തിങ്കളാഴ്ച സാൻജോസ് അക്കാഡമിയുടെ IELTS പരിശീലനം തലശ്ശേരി മാതാ സെന്ററിൽവച്ച് അഭിവന്ദ്യ മാർ ജോർജ്ജ് ഞറളക്കാട്ട് പിതാവ് ഉദ്ഘാടനം ചെയ്തു.
7. 20.4.19 തളിപ്പറമ്പ് ഇടവക KCYM യുവജന കൂട്ടായ്മയിൽ സാൻജോസ് അക്കാഡമിയുടെ പ്രവർത്തനങ്ങൾ വിശദീകരിക്കപ്പെട്ടു.

## അഭിനന്ദനങ്ങൾ

AKCC മാധ്യമസമിതി മലബാർ റീജിയൺ കോർഡിനേറ്ററായി തിരഞ്ഞെടുക്കപ്പെട്ട സാൻജോസ് അക്കാഡമി സ്റ്റാഫ് ആയ ശ്രീ. കിഷോർ ലാലിനു സാൻജോസ് കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.....

2018 ഡിസംബറിൽ നടത്തപ്പെട്ട K-TET പരീക്ഷയിൽ സാൻജോസ് അക്കാഡമിയിലെ വിദ്യാർത്ഥികൾ മികച്ച വിജയം നേടുകയുണ്ടായി. 12 വിദ്യാർത്ഥികൾ പരിശീലിപ്പിക്കപ്പെട്ടതിൽ 10 വിദ്യാർത്ഥികൾ വിജയിച്ചു വിജയികളായവർക്ക് അഭിനന്ദനങ്ങൾ....

## ഹൃദയപൂർവ്വം

സാൻജോസ് അക്കാഡമിയുടെ പ്രവർത്തനങ്ങൾക്കാവശ്യമായ സഹായസഹകരണങ്ങൾ നല്കിയ ഏവരെയും നന്ദിയോടെ ഓർക്കുന്നു. തുടർന്നും പ്രോത്സാഹനങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും പ്രതീക്ഷിച്ചുകൊണ്ട് ...

**ഫാ. പയസ് പടിഞ്ഞാറെമുറിയിൽ**
ഡയറക്ടർ

# ഫ്രാൻസിസ്കൻ അൽമായസഭ
## (എസ്.എഫ്.ഒ.)

### ഏവർക്കും സമാധാനവും സൗഭാഗ്യവും!!!

എസ്.എഫ്.ഒ. പേരാമ്പ്ര റീജിയന്റെ ആഭിമുഖ്യത്തിൽ ഫെബ്രുവരി 28-ാം തീയതി പേരാമ്പ്ര സെന്റ് ഫ്രാൻസിസ് ദേവാലയത്തിൽ വെച്ച് 175 പേർ അഭിവന്ദ്യ റെമജിയോസ് ഇഞ്ചനാനിയിൽ പിതാവിൽ നിന്നും നിത്യവ്രത വാഗ്ദാനം സ്വീകരിക്കുകയുണ്ടായി. തുടർന്ന് നടന്ന ലവ് & കെയർ സ്നേഹസംഗമം അഭിവന്ദ്യ പിതാവ് ഉദ്ഘാടനം ചെയ്തു. പ്രസ്തുത സമ്മേളനത്തിൽ ഈ പദ്ധതിയിൽ അംഗങ്ങളായിരിക്കുന്ന രോഗികൾ, അവരുടെ കുടുംബാംഗങ്ങൾ, ഈ പദ്ധതിയുടെ അഭ്യുദയകാംക്ഷികൾ എന്നിവർ പങ്കെടുത്തു.

### ആരാധനയും അഖണ്ഡ ജപമാലയും

അൽമായ സഭയുടെ വലിയ നോമ്പിലെ ആത്മീയ ശുശ്രൂഷകളുടെ ഭാഗമായി മുൻ നിശ്ചയിച്ച പ്രകാരം ബഹു.ഡയറക്ടർ അച്ചന്റെ നിർദ്ദേശാനുസരണം തലശ്ശേരി, താമരശ്ശേരി, മാനന്തവാടി രൂപതകളിലെ അമ്പതോളം ഇടവകകളിൽ 12 മണിക്കൂർ ആരാധനയും അഖണ്ഡ ജപമാല പ്രാർത്ഥനയും നടത്തി. ബഹുമാനപ്പെട്ട ഇടവക വൈദികരുടെ അനുവാദ ത്തോടുകൂടി നടത്തപ്പെട്ട ഈ ശുശ്രൂഷയിൽ തിരുസ്സഭയ്ക്കുവേണ്ടി, ഇടവകയ്ക്കുവേണ്ടി, ആസന്നമായ തിരഞ്ഞെടുപ്പിന് വേണ്ടി, അനുകൂലമായ കാലാവസ്ഥയ്ക്കു വേണ്ടി തുടങ്ങിയ നിയോഗങ്ങളാണ് സമർപ്പിച്ചത്. ഇതിന് മുന്നോടിയായി ബഹു.ഡയറക്ടറച്ചൻ റീജയണുകൾ സന്ദർശിക്കുകയും മീറ്റിംഗുകൾ വിളിച്ച് ചേർത്ത് ചർച്ചകൾ നടത്തുകയും ചെയ്തു. റീജിയന്റെ നേതൃത്വത്തിൽ പ്രാർത്ഥനാ ശുശ്രൂഷകൾക്കായി പ്രത്യേകം ടീമുകളെ രൂപീകരിക്കുകയും ചെയ്തു. ബഹു. ഡയറക്ടറച്ചൻ റീജിയൺ ഭാരവാഹിക ളോടൊപ്പം എല്ലാ ഇടവകകളിലും സന്ദർശനം നടത്തുകയും ബഹു. വികാരി അച്ചൻമാരുടെ അനുവാദം വാങ്ങുകയും ചെയ്തു.

### ചെറുപുഴ റീജിയൺ

ചെറുപുഴ റീജിയണിൽ ചെറുപുഴ, കൂരാംകുണ്ട്, മുളപ്ര, ഉമ്മറപൊയിൽ, കാലിച്ചാനടുക്കം, താബോർ, പാടിച്ചാൽ, തിരുമേനി എന്നീ ഇടവകകളിൽ 12 മണിക്കൂർ ആരാധനയും അഖണ്ഡ ജപമാല പ്രാർത്ഥനയും നടത്തി. ബ്ര. ജോയി മൂങ്ങമാക്കൽ, ബ്ര. മൈക്കിൾ അരീക്കൽ, സി. വത്സമ്മ കരീക്കുന്നേൽ, സി.മോളി മൂലെമുറിയിൽ, ബ്ര.ബേബി മുട്ടത്തുപാറ, ബ്ര.മാത്യു താബോർ, ബ്ര.ജോസ് താബോർ എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

## ചെമ്പേരി റീജിയൺ

ചെമ്പേരി റീജിയണിൽപ്പെട്ട ചെമ്പേരി, ചെമ്പന്തൊട്ടി, ഏറ്റുപാറ, പൈസക്കരി, തടിക്കടവ്, ആലക്കോട്, വായാട്ട്പറമ്പ്, മണ്ടളം, കുടിയാൻമല, പൊട്ടൻപ്ലാവ് എന്നീ ഇടവകകളിൽ 12 മണി ആരാധനയും അഖണ്ഡ ജപമാല പ്രാർത്ഥനയും നടത്തി. ബ്ര. പോൾ മുണ്ടക്കൽ, ബ്ര. ജോയി തടത്തിൽ, സി. മേരിക്കുട്ടി അഴകത്ത്, സി. ഗ്രേസി കുന്നേൽ, സി. പെണ്ണമ്മ തെള്ളിയിൽ, ബ്ര. ജോസ് കൊട്ടാരം എന്നിവർ പ്രാർത്ഥനാ ശുശ്രൂഷകൾ നയിച്ചു.

## ഇരിട്ടി റീജിയൺ

ഇരിട്ടി റീജിയൺ കേന്ദ്രീകരിച്ച് പാൽച്ചുരം, ഉരുപ്പുംകുറ്റി, അമ്പായത്തോട്, ചുങ്കക്കുന്ന്, എടൂർ, മാങ്ങോട്, മാടത്തിൽ, കല്ലുവയൽ, തേർമല, നെല്ലിക്കാംപൊയിൽ, ഒറ്റപ്ലാവ്, അങ്ങാടിക്കടവ്, ഉളിക്കൽ, വെളിമാനം, കൊട്ടിയൂർ, ഇരിട്ടി എന്നീ ഇടവകകളിൽ 12 മണിക്കൂർ ആരാധനയും അഖണ്ഡ ജപമാല പ്രാർത്ഥനയും നടത്തി. ബ്ര.സാജു ഞാളിയിൽ, ബ്ര.ജോസ് ആലപ്പാട്ട്, ബ്ര.സോജൻ കൊച്ചുമലയിൽ, ബ്ര.ജോണി കൂട്ടമല, ബ്ര.സിജോ കിഴക്കേക്കര, ബ്ര.സാജൻ കല്ലേക്കുളം, ബ്ര.സോണി പൂത്തുറ, ബ്ര.തങ്കച്ചൻ കക്കാട്ടിക്കാല എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി

## പേരാമ്പ്ര റീജിയൺ

പേരാമ്പ്ര റീജിയണിൽ പേരാമ്പ്ര, പെരുവണ്ണാമൂഴി, കൂരാച്ചുണ്ട്, നരിനട, ചക്കിട്ടപ്പാറ, പൂഴിത്തോട്, കക്കയം, കട്ടിപ്പാറ, കരിയാത്തുംപാറ, കരികണ്ടൻപാറ, ഈങ്ങാപ്പുഴ, ചേവായൂർ, മാങ്കാവ്, വടകര എന്നീ ഇടവകകളിൽ 12 മണിക്കൂർ ആരാധനയും അഖണ്ഡ ജപമാല പ്രാർത്ഥനയും നടത്തി.ബ്ര.അപ്പച്ചൻ പഴക്കാക്കുളം, ബ്ര.വിജയൻ, ബ്ര. ജോർജ്ജ് കരവട്ടത്തോട്ടത്തിൽ, ബ്ര.ജോസ് ചെറുവള്ളിൽ, ബ്ര.മാത്യു പൂകമല, സി.മറിയാമ്മ മലയാറ്റൂർ എന്നിവർ നേതൃത്വം നൽകി. ഈ ആരാധന ശുശ്രൂഷയും അഖണ്ഡ ജപമാല പ്രാർത്ഥനയും ഒരു വിജയമായിത്തീരാൻ എല്ലാ സഹായസഹകരണങ്ങളും പ്രോത്സാഹനങ്ങളും നൽകി അനുഗ്രഹിച്ച ബഹു. ഇടവക വികാരിയച്ചൻമാരെയും, ബഹു. കൊച്ചച്ചൻമാരെയും അതോടൊപ്പം ബഹു. സിസ്റ്റേഴ്സ്, ദേവാലയ ശുശ്രൂഷികൾ, ഇടവകാംഗങ്ങൾ എന്നിവരെയും ഏറ്റവും സ്നേഹത്തോടെ ഓർമ്മിക്കുന്നു. ഈ ശുശ്രൂഷകൾ ഭംഗിയായി നടത്തുന്നതിനുവേണ്ടി വളരെയധികം യത്നിച്ച റീജിയൺ ഭാരവാഹികൾ, ടീം അംഗങ്ങൾ, യൂണിറ്റ് ഭാരവാഹികൾ, അംഗങ്ങൾ എന്നിവരെ പ്രത്യേകം അഭിനന്ദിക്കുന്നു. എല്ലാവർക്കും ദൈവാനുഗ്രഹപ്രദമായ നൻമയുടെ ദിനങ്ങൾ ആശംസിച്ചുകൊണ്ട്

സാഹോദര്യപൂർവ്വം,

**ഫാ. ജോൺ ബോസ്കോ താന്നിക്കപ്പാറ, കപ്പൂച്ചിൻ**

അതിരൂപതാ ആത്മീയ സഹായി

# കെ. സി. ബി. സി.
# മദ്യവിരുദ്ധ സമിതി

## ബിഷപ്പ് മാർ മത്തായി മാക്കിൽ റോളിംഗ് ട്രോഫി തലശ്ശേരി അതിരൂപത കരസ്ഥമാക്കി.

സംസ്ഥാനത്ത് ഏറ്റവും മികച്ച ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ കാഴ്ച വച്ച രൂപതയ്ക്കുള്ള 'ബിഷപ്പ് മാർ മത്തായി മാക്കിൽ റോളിംഗ് ട്രോഫി 2018' തലശ്ശേരി അതിരൂപത കരസ്ഥമാക്കി. 2019 മാർച്ച് 23ന് എറണാകുളം ടൗൺഹാളിൽ വച്ചു നടന്ന മദ്യവിരുദ്ധസമിതിയുടെ വിംശതി (20-ാം വാർഷികം) സമ്മേളനത്തിൽ വച്ച് മാവേലിക്കര രൂപതാദ്ധ്യക്ഷൻ ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവിന്റെ സാന്നിധ്യത്തിൽ സമിതി ചെയർമാൻ മാർ റെമീജിയസ് ഇഞ്ചനാനിയിൽ പുരസ്കാരം സമ്മാനിച്ചു. അതിരൂപത മദ്യവിരുദ്ധ സമിതി പ്രസിഡന്റ് ഡോ. ജോസ്‌ലറ്റ് മാത്യു, മുക്തിശ്രീ പ്രസിഡന്റ് ശ്രീമതി മാർഗരറ്റ് മാത്യു എന്നിവരുടെ നേതൃത്വത്തിലുള്ള അതിരൂപത ലഹരിവിരുദ്ധ പ്രവർത്തകർ അവാർഡ് ഹർഷാരവത്തോടെ ഏറ്റുവാങ്ങി. അതിരൂപത മദ്യവിരുദ്ധ സമിതി കോഓഡിനേറ്റർ സി. ലീമാ സി.എം.സി. ജന. സെക്രട്ടറിമാരായ ആന്റണി മേൽവെട്ടം, സണ്ണി പായിക്കാട്ട്, സംസ്ഥാന വൈസ് പ്രസിഡന്റ് തങ്കച്ചൻ കൊല്ലക്കൊമ്പിൻ, മുക്തിശ്രീ ജന. സെക്രട്ടറി ശ്രീമതി ചിന്നമ്മ എളംബ്ലാശ്ശേരി, വൈസ് പ്രസിഡന്റുമാരായ ശ്രീമതി ഷിനോ പാറയ്ക്കൽ, ഷീബ തെക്കേടത്ത് എന്നിവരാണ് അതിരൂപതയെ പ്രതിനിധീകരിച്ച് പുരസ്കാരദാന മുഹൂർത്തത്തിന് സാക്ഷ്യം വഹിച്ചത്.

2018 ഫെബ്രുവരി ഒന്നുമുതൽ 2019 മാർച്ച് 15വരെ അതിരൂപതയിൽ നടത്തിയ ലഹരിവിരുദ്ധ പ്രവർത്തനങ്ങളെ ആധാരമാക്കിയാണ് ട്രോഫി സമ്മാനിച്ചത്. ദിയാകോണിയായുടെ വെളിച്ചത്തിൽ അതിരൂപതാ, മേഖല, യൂണിറ്റ് തല കമ്മറ്റികൾ പുത്തൻ ഉണർവ്വോടും കാര്യക്ഷമതയോടുംകൂടി പ്രവർത്തിച്ചു. അതിരൂപത കമ്മറ്റി 33 തവണ ചേർന്നത് ഒരു റെക്കോഡായി അവാർഡു കമ്മറ്റി വിലയിരുത്തി. 2018 വർഷത്തിൽ ആയിരങ്ങൾ പങ്കെടുത്ത ഇരിട്ടി, ആലക്കോട്, വെള്ളരിക്കുണ്ട് എന്നീ കേന്ദ്രങ്ങളിൽ വച്ചു നടത്തിയ ലഹരിവിരുദ്ധ ബഹുജനമുന്നേറ്റങ്ങളും റൂബിജൂബിലി പൊതുസമ്മേളനവും ചരിത്രസംഭവങ്ങളായിരുന്നു. മേഖലകളുടെയും യൂണിറ്റുകളുടെയും നേതൃത്വത്തിൽ വൻജന പങ്കാളിത്തത്തോടെ നടന്ന കൺവെൻഷനുകളും ലഹരിവിരുദ്ധ സമ്മേളനങ്ങളും, ജപമാല റാലി, കുരിശിന്റെ വഴിയും പ്രത്യേക ശ്രദ്ധ നേടിയ പരിപാടികളായിരുന്നു. കഴിഞ്ഞ 16 വർഷങ്ങളായി മദ്യ വിരുദ്ധ സമിതി മുടക്കം കൂടാതെ നടത്തിക്കൊണ്ടിരിക്കുന്ന ബിഷപ്പ് വള്ളോപ്പിള്ളി

ലഹരി വിരുദ്ധ ബോധവൽക്കരണ തെരുവു നാടക മത്സരങ്ങളും ബിഷപ്പ് വള്ളോപ്പിള്ളി സ്മാരക സംസ്ഥാന അവാർഡുകളും അവാർഡ് നിശ്ചയത്തിൽ വലിയ പങ്കുവഹിച്ചു. ലഹരിക്കെതിരെയുള്ള സ്ത്രീമുന്നേറ്റം അതിരൂപതയിൽ മാത്രം നടന്ന പ്രവർത്തനമായിരുന്നു.

കഴിഞ്ഞ 25 വർഷമായി ADSU നടത്തിക്കൊണ്ടിരിക്കുന്ന ലഹരിവിരുദ്ധ പഞ്ചദിന നവദർശൻ ക്യാമ്പുകൾ, ലഹരിവിരുദ്ധ കലോത്സവങ്ങൾ, ലോക ലഹരിവിരുദ്ധ ദിനാചരണങ്ങൾ, ഗാന്ധിജയന്തി ദിനാചരണങ്ങൾ, എല്ലാ വർഷവും മുടക്കം കൂടാതെ നടത്തിക്കൊണ്ടിരിക്കുന്ന സ്കൂൾ സന്ദർശനങ്ങൾ ( Sisters), ADSU ആനിമേറ്റേഴ്സ് ശില്പശാലകൾ തുടങ്ങിയ പരിപാടികൾ അവാർഡ് നിശ്ചയത്തിന് പ്രത്യേകം പരാമർശം ലഭിച്ചു.

അതിരൂപതയ്ക്കും ലഹരിവിരുദ്ധ പ്രസ്ഥാനത്തിനും അഭിമാനാർഹമായ നേട്ടം നേടിയെടുക്കാൻ ആത്മാർത്ഥമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കിയ എല്ലാ മദ്യവിരുദ്ധ സമിതി, മുക്തിശ്രീ, ADSU പ്രവർത്തകരെയും നേതാക്കളെയും പ്രോത്സാഹനം നൽകി അനുഗ്രഹിച്ച അഭിവന്ദ്യപിതാക്കന്മാരെയും വൈദികരെയും സിസ്റ്റേഴ്സിനെയും നമ്മുടെ സ്കൂളിലെ ബഹുമാന്യരായ പ്രധാന അധ്യാപകരെയും ആനിമേറ്റേഴ്സിനെയും കോർപ്പറേറ്റ് മാനേജരെയും അനുമോദിക്കുകയും സംഘടനയുടെ ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തുകയും ചെയ്യുന്നു.

## മദ്യവിരുദ്ധ സമിതി & മുക്തിശ്രീ അതിരൂപത കമ്മിറ്റി

കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയുടെയും മുക്തിശ്രീയുടെയും സംയുക്ത അതിരൂപത യോഗം 13-4-19ന് ശനിയാഴ്ച തളിപ്പറമ്പ സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽ ചേർന്നു. പ്രസിഡന്റ് ഡോ. ജോസ്ലറ്റ് മാത്യു അദ്ധ്യക്ഷത വഹിച്ചു. ശ്രീമതി റോസ്‌ലി കാരിക്കകുന്നേൽ സ്വാഗതം ആശംസിച്ചു. 2019 മാർച്ച് 15, 16 തിയതികളിൽ സന്ദേശഭവനിൽ വച്ചു നടന്ന മദ്യവിരുദ്ധ സമിതി വിംശതി സമ്മേളനത്തെയും ദ്വിദിന നേതൃത്വ പഠനശാലയെയും വിലയിരുത്തി ശ്രീമതി മാർഗരറ്റ് ചാമക്കാല, സി. നോബിൾ FCC, ചിന്നമ്മ എളബ്ലാശ്ശേരി എന്നിവർ സംസാരിച്ചു. ലഹരി വിരുദ്ധ പ്രവർത്തകർക്കെല്ലാം അഭിമാനവും സന്തോഷവും നല്കുന്ന പരിപാടികളായിരുന്നു വിംശതി സമ്മേളനവും ദ്വിദിന പഠനശാലയും എന്ന് പ്രസംഗകർ അഭിപ്രായപ്പെട്ടു. വിംശതി സമ്മേളനത്തിലെ ജനപങ്കാളിത്തം അപ്രതീക്ഷിതവും ആവേശജനകവുമായിരുന്നു. രണ്ടുദിവസത്തെ പഠനശാലയിലെ പ്രവർത്തകരുടെ സാന്നിധ്യം അവരുടെ സംഘടനയോടുള്ള ആത്മാർത്ഥതയും പ്രതിബദ്ധതയെയും തെളിയിക്കുന്നതായിരുന്നുവെന്ന് ഡയറക്ടറച്ചൻ വിലയിരുത്തി. എല്ലാവരെയും അദ്ദേഹം പ്രശംസിക്കുകയും നന്ദി പ്രകാശിപ്പിക്കുകയും ചെയ്തു.

വിംശതി സമ്മേളനത്തിന്റെയും ദ്വിദിന പഠനശാലയുടെയും വിജയം നമുക്ക് എല്ലാവർക്കും പുത്തൻ ഉണർവ്വും ആവേശവും നൽകട്ടെ എന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

## ലഹരിക്കെതിരെ കുരിശിന്റെ വഴി

മാർച്ച് 30 ശനിയാഴ്ച ചെമ്പേരി മേഖല കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയുടെയും മുക്തിശ്രീയുടെയും നേതൃത്വത്തിൽ ചെളിംപറമ്പ് എഞ്ചീനിയറിംഗ് കോളേജ് പരിസരത്തുനിന്ന് ആരംഭിച്ച റാലി ചെമ്പേരി ടൗൺ കുരിശുപള്ളിയിൽ സമാപിച്ചു. സമാപനസമ്മേളനം മദ്യവിരുദ്ധ സമിതി മേഖലാ ഡയറക്ടർ ഫാ. തോമസ് പുള്ളോലിൽ ഉദ്ഘാടനം ചെയ്തു. വിമൽ ജ്യോതി എഞ്ചിനിയറിംഗ് കോളേജ് ചെയർമാൻ റവ. ഫാ. ഡോ. തോമസ് മേൽവെട്ടം മുഖ്യപ്രഭാഷണം നടത്തി. ചെമ്പേരി ഫൊറോനാ വികാരി റവ. ഡോ. ജോർജ് കാഞ്ഞിരക്കാട്ടാണ് പരിപാടികൾ സംഘടിപ്പിച്ചത്. ചെമ്പേരി ഫൊറോനാപള്ളി അസി. വികാരി ഫാ.ബിജു കുറ്റിക്കാട്ട്, മുക്തിശ്രീ അതിരൂപതാ പ്രസിഡന്റ് മാർഗരറ്റ് മാത്യൂ രൂപതാ പ്രതിനിധികളായ ചിന്നമ്മ എളംബ്ലാശ്ശേരി, ഷീബാ തെക്കേടത്ത്, ഷെൽസി കാവനാടിയിൽ ആനിമേറ്റർ സി. സൂസ അഗസ്റ്റിൻ, സി. ലിസ ജെയിംസ്, മദ്യവിരുദ്ധ സമിതി മേഖല പ്രസിഡന്റ് ആഗസ്തി കണ്ണംകുളത്ത് എന്നിവർ നേതൃത്വം നൽകി.

## ലഹരിക്കെതിരെ ബോധവൽക്കരണം-വിമലശ്ശേരി

2019 മാർച്ച് 13ന് വിമലശ്ശേരി പള്ളിയങ്കണത്തിൽ വച്ച് ലഹരിമുക്ത സഭയും സമൂഹവും എന്ന വിഷയത്തെക്കുറിച്ച് ബോധവത്ക്കരണ സെമിനാർ നടത്തി. ഇടവകാ വികാരി ഫാ. ജോസ് കുന്നേൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. അതിരൂപതാ പ്രസിഡന്റ് ഡോ. ജോസ്ലെറ്റ് മാത്യു മുഖ്യപ്രഭാഷണം നടത്തി മനുഷ്യന്റെ ജീവനും അന്തസിനും ഭീഷണിയുയർ ത്തുന്ന മദ്യത്തിനെതിരെ പോരാടുവാൻ ആഹ്വാനം ചെയ്തു. മേഖലാ പ്രസിഡന്റ് ശ്രീ. ജോസ് ചാരശ്ശേരി ആശംസയർപ്പിച്ച് സംസാരിച്ചു. സി. പ്രഭ എഫ്.സി.സി. സ്വാഗതവും ആൽബിൻ മാപ്പലകയിൽ നന്ദിയും പ്രകാശിപ്പിച്ചു.

സ്നേഹാശംസകളോടെ,

**ഫാ. തോമസ് തൈത്തോട്ടം**
ഡയറക്ടർ

# സാമൂഹ്യസേവനവേദി

## തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി
## (ടി.എസ്.എസ്.എസ്.)

### 1. വരുമാന വർധക സംരംഭങ്ങൾ തുടങ്ങി

2019 ഏപ്രിൽ 1ന് തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട വിധവകളായ 15 സ്ത്രീകൾക്ക് വരുമാനവർധക സംരംഭങ്ങൾ തുടങ്ങുന്നതിന് വേണ്ടി സാമ്പത്തിക സഹായം നൽകി. അവരുടെ താൽപര്യം അനുസരിച്ച് ആട്, കോഴി എന്നിവ വളർത്തി സാമ്പത്തിക ഭദ്രത കൈവരിക്കാൻ സഹായിക്കുക എന്നതാണ് ടി.എസ്.എസ്.എസ്. ഇതിലൂടെ ലക്ഷ്യം വയ്ക്കുന്നത്. കേരള സോഷ്യൽ സർവ്വീസ് ഫോറത്തിന്റെ സഹകരണത്തോടെ ലഭിക്കുന്ന ചെക്കുകളുടെ വിതരണം തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കേന്ദ്ര ഓഫീസിൽ വച്ച് അതിരൂപതാ വികാരി ജനറൽ മോൺ. അലക്സ് താരാമംഗലം നിർവ്വഹിച്ചു. ടി.എസ്.എസ്.എസ്. എക്സിക്യുട്ടീവ് ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ സ്വാഗതം ആശംസിച്ചു. "വരുമാനവർധക സംരംഭങ്ങൾ സാമ്പത്തിക ഭദ്രത കൈവരിക്കാൻ സഹായകമാകും എന്നും അതിനുവേണ്ടി ടി.എസ്.എസ്. ചെയ്യുന്ന പ്രവർത്തനങ്ങൾ അഭിനന്ദാർഹമാണെന്നും ടി.എസ്.എസ്.എസ്. പ്രസിഡന്റ് മോൺ അലക്സ് താരാമംഗലം പറഞ്ഞു. ടി.എസ്.എസ്.എസ്. സ്റ്റാഫ് സി. ആഷാ ജോർജ്ജ് നന്ദി പറഞ്ഞു.

### 2. ക്യാൻസർ ബോധവൽക്കരണ പരിപാടികൾ നടത്തി

2019 ഏപ്രിൽ 2ന് നെല്ലിക്കാംപോയിൽ മേഖല വെളിമാനം യൂണിറ്റിൽ വച്ച് തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയും മലബാർ ക്യാൻസർ സെന്ററും ചേർന്ന് ക്യാൻസർ ബോധവൽക്കരണ ക്ലാസ്സും പരിശോധനയും സംഘടിപ്പിച്ചു.

2019 ഏപ്രിൽ 3ന് നെല്ലിക്കാംപോയിൽ, ആശാനഗർ യൂണിറ്റിൽ വച്ച് തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈററിയും മലബാർ ക്യാൻസർ സെന്ററും ചേർന്ന് ക്യാൻസർ ബോധവൽക്കരണ ക്ലാസും പരിശോധനയും സംഘടിപ്പിച്ചു.

### 3. സെൻട്രൽ കമ്മിററി മീറ്റിംഗ് സംഘടിപ്പിച്ചു

2019 ഏപ്രിൽ 6 ശനിയാഴ്ച, തളിപ്പറമ്പ് സെന്റ് മേരീസ് പാരീഷ് ഹാളിൽ വച്ച് തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ സെട്രൽ കമ്മിറ്റി മീറ്റിംഗ് സംഘടിപ്പിച്ചു. രാവിലെ 10 മണിയോടെ മീറ്റിംഗ് ആരംഭിച്ചു. ടി.എസ്.എസ്.എസ്. എക്സിക്യുട്ടീവ് ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ അദ്ധ്യക്ഷത വഹിച്ചു. ട്രസ്റ്റ് രൂപീകരണവും, ട്രസ്റ്റ് അക്കൗണ്ട് തുടങ്ങുന്നതിനെപറ്റിയും നിലവിലുള്ള യൂണിറ്റ്, സംഘനിധി, ഗ്രാമിക ഇടപാടുകളെയും കുറിച്ച്

ഓഡിറ്റർ ശ്രീ മാത്യു സാർ ക്ലാസ് എടുത്തു. മീറ്റിംഗിൽ എല്ലാ മേഖലാ പ്രസിഡന്റുമാരും സെക്രട്ടറിമാരും പ്രോഗ്രാം മാനേജർമാരും പങ്കെടുത്തു. ആലക്കോട് മേഖല ടി.എസ്.എസ്.എസ്. അതിരൂപതാ സെക്രട്ടറി ശ്രീമതി പുഷ്പ ആന്റോ പരിപാടിക്ക് നന്ദി അറിയിച്ചു.

## 4. CHAI PROJECT

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി CHAI യുമായി ചേർന്ന് നടപ്പിലാക്കുന്ന C.P കുട്ടികളെ കുട്ടികളെ സഹായിക്കുന്ന പദ്ധതി വിലയിരുത്തുന്നതിനായി പ്രോജക്ട് ഹെഡും അസിസ്റ്റന്റ് ഹെഡും സന്ദർശനം നടത്തി. 4 ദിവസത്തെ സന്ദർശന പരിപാടിയിൽ എല്ലാ കുട്ടികളുടെയും വീടുകളിൽ അവർ നേരിട്ട് പോയി സന്ദർശനം നടത്തി. ടി.എസ്.എസ്.എസ്. കൗൺസിലേഴ്സ് സി. ആഷാ ജോർജും ഷിജിന തോമസും ഒപ്പം ചേർന്നു.

## 5. ഹോട്ടൽ മാനേജ്മെന്റ് ഇന്റർവ്യൂ നടത്തി

2019 ഏപ്രിൽ 12,13 തിയതികളിൽ (വെള്ളി, ശനി) ടി.എസ്.എസ്.എസ്. ഓഫീസിൽ വച്ച് ഹോട്ടൽ മാനേജ്മെന്റ് കോഴ്സിനോടും ജോലിയോടും താല്പര്യമുള്ള കുട്ടികളും രണ്ടാംവട്ട ഇന്റർവ്യൂ നടത്തി. തിരഞ്ഞെടുക്കപ്പെട്ട എല്ലാ കുട്ടികൾക്കും അഡ്മിഷൻ ലഭിച്ചു. ഏകദേശം 26–ഓളം കുട്ടികൾക്ക് അവസരം ലഭിച്ചു.

## 6. ഗ്രാമിക പൊതുയോഗത്തിൽ സംബന്ധിച്ചു

2019 ഏപ്രിൽ 13 ശനിയാഴ്ച നെല്ലിക്കാംപോയിൽ മേഖലയിൽ തേർമല യൂണിറ്റിന്റെ ഗ്രാമിക പൊതുയോഗത്തിൽ ടി.എസ്.എസ്.എസ്. എക്സിക്യുട്ടീവ് ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ പങ്കെടുത്തു. ഗ്രാമികതയെക്കുറിച്ചും, ടി.എസ്.എസ്.എസ്. പ്രവർത്തനത്തെക്കുറിച്ചും ചില പൊതുവായ കാര്യങ്ങൾ അച്ചൻ ക്ലാസ് എടുത്തു.

**7.** 2019 ഏപ്രിൽ 14 ഞായറാഴ്ച ടി.എസ്.എസ്.എസ്. എക്സിക്യുട്ടീവ് ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ രത്നഗിരി ക്രെഡിറ്റ് യൂണിയൻ കമ്മിറ്റി മീറ്റിംഗിൽ പങ്കെടുത്തു.

## 8. കാരിത്താസ് ഇറ്റാലിയാന പ്രോജക്ട്

2019 ഏപ്രിൽ 14 ഞായറാഴ്ച ടി.എസ്.എസ്.എസ്. എക്സിക്യുട്ടീവ് ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ കാരിത്താസ് ഇറ്റാലിയാന പ്രൊജക്ടിന്റെ ഭാഗമായി നടക്കുന്ന വീടുകളുടെ പണി നിർമ്മാണത്തിലെ 10ഓളം വീടുകൾ സന്ദർശിച്ചു. മൊത്തം 43 ഭവനങ്ങളാണ് പ്രോജക്ടിന്റെ ഭാഗമായി പണിപൂർത്തീകരിച്ച് കൊടുക്കുന്നത്. അതിൽ 19 വീടുകളുടെ പണികൾ പൂർത്തിയാക്കി. ടി.എസ്.എസ്.എസ്. എഞ്ചിനിയർ ശ്രീ ഷെർണൗവ് മാത്യുവിനൊപ്പം ആണ് വീടുകൾ സന്ദർശിച്ചത്.

# ധ്യാനകേന്ദ്രങ്ങളിലൂടെ
## മെയ് & ജൂൺ

**1. മദർഹോം, പരിയാരം; ഫോൺ: 9446567101, 8606603101**

| | | | |
|---|---|---|---|
| **മെയ്** | ഏപ്രിൽ 28- മെയ് 2 (2 pm ) | : | യുവജന ധ്യാനം |
| | 3-5 | : | തപസ്സ് ധ്യാനം (10 am ആരംഭം) |
| | 3-5 | : | പരിശുദ്ധാത്മാഭിഷേക ധ്യാനം (10 am ആരംഭം) |
| | 5-10 | : | ആന്തരീക ശാരീരിക സൗഖ്യ ധ്യാനം |
| | 11 | : | ഏകദിന കൺവെൻഷൻ |
| | 12-17 | : | സമർപ്പിതശാക്തീകരണ ധ്യാനം (സിസ്റ്റേഴ്സിന്) |
| | 17-19 | : | സൗഖ്യാനുഭവ ധ്യാനം |
| | 20-24 | : | ക്രിസ്റ്റീൻ ധ്യാനം (ക്ലാസ്സ് : 5 -12) |
| | 26-31 | : | ആന്തരീക-ശാരീരിക സൗഖ്യ ധ്യാനം |
| **ജൂൺ** | 8 | : | ഏകദിന കൺവെൻഷൻ |
| | 9-14 | : | ആന്തരീക ശാരീരിക സൗഖ്യ ധ്യാനം |
| | 23-28 | : | ആന്തരീക ശാരീരിക സൗഖ്യ ധ്യാനം |

**2. വിമലഗിരി ധ്യാനകേന്ദ്രം, പട്ടാരം - ഇരിട്ടി**

**ഫോൺ: 0490-2493491, 9745017131, 0490 2491941**

| | | | |
|---|---|---|---|
| **മെയ്** | 5-9 | : | ആന്തരിക സൗഖ്യ ധ്യാനം |
| | 10 | : | ജാഗരണ പ്രാർത്ഥന |
| | 11 | : | ക്രിസ്ററീൻ ഏകദിന ധ്യാനം |
| | 12-15 | : | ക്രിസ്ററീൻ ധ്യാനം (Sun - Wed) |
| | 19-23 | : | ആന്തരിക സൗഖ്യ ധ്യാനം |
| | 26-30 | : | ആന്തരിക ശാരീരിക സൗഖ്യ ധ്യാനം |
| **ജൂൺ** | 9-13 | : | ആന്തരിക സൗഖ്യ ധ്യാനം |
| | 14 | : | ജാഗരണ പ്രാർത്ഥന |

## 9. സേവ് എ ഫാമിലി പ്ലാൻ പ്രോജക്ട്

2019 ഏപ്രിൽ 10, ബുധനാഴ്ചയും ഏപ്രിൽ 16 ചൊവ്വാഴ്ചയും സേവ് എ ഫാമിലി പ്ലാൻ പോജക്ടിലേക്ക് ചേരുന്നതിനായി 30 ഓളം പേർ അക്കൗണ്ട് എടുത്തതിന്ശേഷം ടി.എസ്.എസ്.എസ്. എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ പ്രോജക്ടിനെകുറിച്ചു വിശദീകരിച്ചു.

സ്നേഹപൂർവ്വം,

**ഫാ. ബെന്നി നിരപ്പേൽ**
എക്സി. ഡയറക്ടർ

**ഫാ. തോമസ് തയ്യിൽ**
ഡയറക്ടർ

15 : ക്രിസ്ററീൻ ഏകദിന ധ്യാനം
23-27 : ആന്തരിക ശാരീരിക സൗഖ്യ ധ്യാനം
30-ജൂലൈ 4 : പരിശുദ്ധാത്മാഭിഷേക ധ്യാനം

**3. മൗണ്ട് കാർമ്മൽ പേരാവൂർ : ഫോൺ. 0490 2444595, 9446687556**

**മെയ്** 10- 12 : ആന്തരീക സൗഖ്യ- ആത്മാഭിഷേക ധ്യാനം
(വെള്ളി വൈകു. 4 മണി മുതൽ ഞായർ രാത്രി 9 വരെ)
24- 26 : ആന്തരീക സൗഖ്യ- ആത്മാഭിഷേക ധ്യാനം
(വെള്ളി വൈകു. 4 മണി മുതൽ ഞായർ രാത്രി 9 വരെ)
**ജൂൺ** 14- 16 : ആന്തരീക സൗഖ്യ- ആത്മാഭിഷേക ധ്യാനം
(വെള്ളി വൈകു. 4 മണി മുതൽ ഞായർ രാത്രി 9 വരെ)
28-30 : ആന്തരീക സൗഖ്യ- ആത്മാഭിഷേക ധ്യാനം
(വെള്ളി വൈകു. 4 മണി മുതൽ ഞായർ രാത്രി 9 വരെ)

**3. ദർശന ധ്യാന കേന്ദ്രം പുഷ്പഗിരി, തളിപ്പറമ്പ്**
**ഫോൺ :0460 2202613, 0460 2204556, 9447424076**

**മെയ്** 5-8 : (ഞായർ-ബുധൻ) 8-ാം ക്ലാസിന് താഴെ കുട്ടികളുടെ ധ്യാനം
9-12 : (വ്യാഴം-ഞായർ) മരിയൻ ദിവ്യകാരുണ്യാഭിഷേക ധ്യാനം
19- 21 : (ഞായർ-ചൊവ്വ) - കുടുംബ ദർശന ധ്യാനം
(ദമ്പതികൾക്കും യുവജനങ്ങൾക്കും വേണ്ടി)
23-26 : (വ്യാഴം-ഞായർ) ഹീലിങ്ങ് & ഡെലിവറൻസ് ധ്യാനം
ഫാ. ജോസഫ് വയലിൽ സി.എം.ഐ & ടിം
26 - 31 : (ഞായർ-വെള്ളി) ദിവ്യകാരുണ്യാഭിഷേക ധ്യാനം
(സിസ്റ്റേഴ്സിന്)
**ജൂൺ** 13-16 : (വ്യാഴം-ഞായർ) മരിയൻ ദിവ്യകാരുണ്യാഭിഷേക ധ്യാനം
21- 23 : (ഞായർ-ചൊവ്വ)-കുടുംബ ദർശന ധ്യാനം
(ദമ്പതികൾക്കും യുവജനങ്ങൾക്കും വേണ്ടി)
27- 30 : (വ്യാഴം-ഞായർ) ഹീലിങ്ങ് & ഡെലിവറൻസ് ധ്യാനം
ഫാ. ജോസഫ് വയലിൽ സി.എം.ഐ & ടിം

**4. കൃപാലയം ധ്യാനകേന്ദ്രം, കാക്കേഞ്ചാൽ - ചെറുപുഴ**
**ഫോൺ: 9526609050, 9447481643, 9496253756**

**മെയ്** 5-10 : ആന്തരിക സൗഖ്യ ധ്യാനം
12-17 : സിസ്റ്റേഴ്സിന് മാത്രമുള്ള ധ്യാനം
19-24 : ആന്തരിക സൗഖ്യ ധ്യാനം
7, 14,21, 28 : ഏകദിന കൺവെൻഷൻ

**6. IMS ധ്യാന കേന്ദ്രം - കൂട്ടുപുഴ ഫോൺ : 9605907813, 9745292602, 823972612**

**മെയ്** 02 : രാത്രി ആരാധന

| | | |
|---|---|---|
| | 3-5 | : യുവജന ധ്യാനം |
| | 10-13 | : കരുണാഗ്നി സ്നാന ധ്യാനം |
| | 13-17 | : ആന്തരിക സൗഖ്യ ധ്യാനം |
| | 20-23 | : ക്രിസ്റ്റീൻ ധ്യാനം |
| | 24-26 | : ദിവ്യകാരുണ്യ അഭിഷേക മരിയൻ ധ്യാനം |
| | 26-30 | : പരിശുദ്ധാത്മാഭിഷേക ധ്യാനം |
| **ജൂൺ** | 6 | : രാത്രി ആരാധന |
| | 7- 9 | : യുവജന ധ്യാനം |
| | 10-13 | : ആന്തരിക സൗഖ്യ ധ്യാനം |
| | 14- 17 | : കരുണാഗ്നി സ്നാന ധ്യാനം |
| | 23-26 | : പരിശുദ്ധാത്മാഭിഷേക ധ്യാനം |
| | 28-30 | : ദിവ്യകാരുണ്യ അഭിഷേക മരിയൻ ധ്യാനം |

**5. സീയോൺ ധ്യാനകേന്ദ്രം, നെല്ലിക്കുറ്റി; ഫോൺ: 0460-2264451, 2264645**

| | | |
|---|---|---|
| **മെയ്** | 04 | : ഏകദിന കൺവൻഷൻ |
| | 05-09 | : മരിയൻ ആന്തരീക സൗഖ്യധ്യാനം |
| | 10 | : ജാഗരണപ്രാർത്ഥന |
| | 11 | : സീയോൻ വിങ്സ് |
| | 11-13 | : ഏയ്ഞ്ചൽസ് ധ്യാനം |
| | 19-23 | : കുടുംബ നവീകരണ ധ്യാനം (മാതാപിതാക്കളും മക്കളും) |
| **ജൂൺ** | 01 | : ഏകദിന കൺവൻഷൻ |
| | 02-06 | : ആന്തരീക സൗഖ്യധ്യാനം |
| | 14 | : ജാഗരണപ്രാർത്ഥന |
| | 15 | : സീയോൻ വിങ്സ് |
| | 16-20 | : വരദാനവളർച്ചാ ധ്യാനം |

# വന്ദ്യപിതാവിന്റെ  ഡയറിയിൽനിന്ന്

## മാർ ജോർജ് ഞറളക്കാട്ട്

### മാർച്ച് 2019

23 രാവിലെ 10 മണിക്ക് തളിപ്പറമ്പ് സെന്റ് മേരീസ് ഇടവക ഓഡിറ്റോറിയത്തിൽ നടന്ന അതിരൂപതയുടെ പാസ്റ്ററൽ കൗൺസിൽ യോഗത്തിൽ അധ്യക്ഷത വഹിച്ചു.

24 രാവിലെ 7.30ന് തലശ്ശേരി സെന്റ് ജോസഫ്സ് കത്തീഡ്രൽ ദൈവാലയത്തിൽ കുടുംബകൂട്ടായ്മ വർഷം ഔദ്യോഗികമായി ഉദ്ഘാടനം ചെയ്ത് വി. ബലിയർപ്പിച്ചു. വൈകുന്നേരം 4 മണിക്ക് എടക്കാനം ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

25 സന്ദേശഭവനിൽവച്ചു നടന്ന ഇൻഫാമിന്റെ സംസ്ഥാന സമിതി യോഗം ഉദ്ഘാടനം ചെയ്തു.

26 കരിക്കോട്ടക്കരി സെന്റ് തോമസ് ഇടവകയിൽ ഉഴുത്തുവാൽ സ്കറിയയുടെ ജന്മദിനാഘോഷത്തിൽ വി. ബലിയർപ്പിച്ചു.

27 അതിരൂപത കാര്യാലയത്തിൽ സന്ദർശകരെ സ്വീകരിച്ചു.

28 അതിരൂപത കാര്യാലയത്തിൽ സന്ദർശകരായെത്തിയ വൈദികരോടും സിസ്റ്റേഴ്സിനോടുമൊപ്പം സമയം ചിലവഴിച്ചു. വൈകുന്നേരം നെല്ലിപ്പാറ ഇടവകയിൽ നടന്ന ബൈബിൾ കൺവെൻഷനിൽ വി. ബലിയർപ്പിച്ച് സന്ദേശം നൽകി.

29 രാവിലെ 7 മണിക്ക് ജയഗിരി സെന്റ് ആന്റണീസ് ദൈവാലയത്തിൽ വി. ബലിയർപ്പിച്ച് പുതിയതായി പണിത സൺഡേസ്കൂൾ വെഞ്ചരിച്ചു. വൈകുന്നേരം 6 മണിക്ക് അതിരൂപതാ കാര്യാലയത്തിൽ എ.കെ.എം ചാരിറ്റബിൾ ട്രസ്റ്റിന്റെ ജനറൽ ബോഡി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു.

30 രാവിലെ 10 മണിക്ക് സന്ദേശഭവനിൽ നടന്ന പ്രൊലൈഫ് സമാപന സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു. തുടർന്ന് അതിരുമാവ് ഇടവകയിൽ അജപാലന സന്ദർശനത്തിനെത്തി കിടപ്പുരോഗികളുടെ ഭവനം സന്ദർശിച്ചു.

31 അതിരുമാവ് ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

## ഏപ്രിൽ 2019

01 അതിരൂപത കാര്യാലയത്തിൽ ഈ വർഷം റീജൻസി പൂർത്തിയാക്കുന്ന സെമിനാരി വിദ്യാർത്ഥികളുമായും റീജൻസി തുടങ്ങുന്ന സെമിനാരി വിദ്യാർത്ഥികളുമായും കോൺഫറൻസ് നടത്തി.

02 കാക്കനാട് നടന്ന സ്ഥിരം സിനഡിൽ പങ്കെടുത്തു.

03 ബോംബയിൽ നടന്ന CBCI സ്റ്റാന്റിംഗ് കമ്മിറ്റി മീറ്റിംഗിൽ പങ്കെടുത്തു.

04 കത്തീഡ്രൽ ദൈവാലയത്തിൽ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ ചരമവാർഷികത്തിൽ വി. ബലിയർപ്പിച്ചു. ഉച്ചകഴിഞ്ഞ് മേജർ സെമിനാരി വിദ്യാർത്ഥികളുമായി കോൺഫറൻസ് നടത്തി.

05 അതിരൂപതാ കാര്യാലയത്തിൽ തലശ്ശേരി അതിരൂപതയിലെ രൂപതാധ്യക്ഷന്മാരുടെ യോഗത്തിൽ അധ്യക്ഷത വഹിച്ചു.

06 തലശ്ശേരി സാൻജോസ് മെട്രോപോലീറ്റൻ സ്കൂളിൽ നടന്ന അൺ എയ്ഡഡ് സ്കൂൾ മാനേജേഴ്സിന്റെ മീറ്റിംഗ് ഉദ്ഘാടനം ചെയ്തു.

08 ഗൂഡല്ലൂർ ഇടവകയിൽ ചൂരപ്പുഴയിൽ ഏലിക്കുട്ടിയുടെ ചരമവാർഷികത്തിൽ വി. ബലിയർപ്പിച്ചു.

09 മേജർ സെമിനാരി വിദ്യാർത്ഥികളുമായി കോൺഫറൻസ് നടത്തി.

10 തലശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ നടന്ന ഫിലോകാലിയ കൺവെൻഷനിൽ വി. ബലിയർപ്പിച്ച് സന്ദേശം നൽകി. തുടർന്ന് അതിരൂപതാ കാര്യാലയത്തിൽ സന്ദർശകരെ സ്വീകരിച്ചു.

11 രാവിലെ കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് ദൈവശാസ്ത്ര വിദ്യാർത്ഥികളുടെ മൈനർ ഓർഡർ തിരുക്കർമ്മങ്ങളിൽ മുഖ്യകാർമ്മികത്വം വഹിച്ചു. തുടർന്ന് അതിരൂപതാ കാര്യാലയത്തിൽ സന്ദർശകരായെത്തിയ വൈദികരോടും സിസ്റ്റേഴ്സിനോടുമൊപ്പം സമയം ചിലവഴിച്ചു. വൈകുന്നേരം പരിയാരം മദർഹോമിൽ ഡിവൈൻ കൂട്ടായ്മയുടെ ഉപവാസ പ്രാർത്ഥനയിൽ പങ്കെടുത്തു. തുടർന്ന് ക്രിസ്റ്റീൻ ധ്യാനത്തിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്കായി വി. ബലിയർപ്പിച്ച് സന്ദേശം നൽകി.

12. പൈസക്കരി ഇടവകയിൽ നിര്യാതയായ തോണിക്കുഴി റോസമ്മയുടെ ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

14 കത്തീഡ്രൽ ദൈവാലയത്തിൽ നടന്ന ഓശാന തിരുകർമ്മങ്ങളിൽ മുഖ്യകാർമ്മികത്വം വഹിച്ചു. തുടർന്ന് കണ്ണൂർ സെൻട്രൽ ജയിലിൽ ഓശാനയോടനുബന്ധിച്ച് വി. ബലിയർപ്പിച്ചു.

15 തളിപ്പറമ്പ് സെന്റ് മേരീസ് ദൈവാലയത്തിൽ നടന്ന മൂറോൻ വെഞ്ചരിപ്പ് തിരുകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

16 ഈ വർഷം മൈനർ സെമിനാരിയിൽ ചേരാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികളുമായി ഇന്റർവ്യൂ നടത്തി.

17 ബത്തേരി അസംപ്ഷൻ ഫൊറോന ദൈവാലയത്തിൽ ബഹു. ജേക്കബ് നരിക്കുഴി അച്ചന്റെ മൃതസംസ്കാര ശുശ്രൂഷയിൽ വി. ബലിയർപ്പിച്ചു.

18 കത്തീഡ്രൽ ദൈവാലയത്തിൽ നടന്ന പെസഹാ തിരുകർമ്മങ്ങളിൽ മുഖ്യകാർമ്മികത്വം വഹിച്ചു. വൈകുന്നേരം വിവിധ കോൺവെന്റുകളിൽ നടന്ന അപ്പംമുറിക്കൽ ശുശ്രൂഷയിൽ പങ്കെടുത്തു.

19 കത്തീഡ്രൽ ദൈവാലയത്തിൽ ദുഃഖവെള്ളി തിരുകർമ്മങ്ങൾക്ക് നേതൃത്വം കൊടുത്തു. വൈകുന്നേരം നടന്ന കുരിശിന്റെ വഴിയിൽ പങ്കെടുത്തു.

20 ആര്യപറമ്പ് ഫാത്തിമ മാതാ ദൈവാലയത്തിൽ നടന്ന ദുഃഖശനി തിരു കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. വൈകുന്നേരം ആലക്കോട് ഇടവകയുടെ പാരീഷ് കൗൺസിലിൽ അധ്യക്ഷത വഹിച്ചു.

21 കത്തീഡ്രൽ ദൈവാലയത്തിൽ നടന്ന ഈസ്റ്റർ തിരുകർമ്മങ്ങൾക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു.

22 രാവിലെ തലശ്ശേരി എഫ്.സി. കോൺവെന്റിൽ വി. ബലിയർപ്പിച്ചു. വൈകു ന്നേരം എം.എസ്.എം.ഐ. കോൺവെന്റിൽ വി. ബലിയർപ്പിച്ചു.

23 ലോകസഭ തിരഞ്ഞെടുപ്പിൽ വോട്ട് ചെയ്തു. ഉച്ചയ്ക്ക് ജോസ്ഗിരി ഹോസ്പിറ്റലിൽ നാമഹേതുക തിരുനാളിനോടനുബന്ധിച്ചുള്ള ആഘോ ഷങ്ങളിൽ പങ്കെടുത്തു. വൈകുന്നേരം സന്ദേശഭവനിൽ ഫാ. തോമസ് തയ്യിലിന്റെ പൗരോഹിത്യ ജൂബിലി ആഘോഷം ഉദ്ഘാടനം ചെയ്തു.

24 കത്തീഡ്രൽ ദൈവാലയത്തിൽ നടന്ന നാമഹേതുക തിരുനാളിൽ റീജൻസി പൂർത്തിയാക്കിയ സെമിനാരി വിദ്യാർത്ഥികൾക്ക് പൗരോഹി ത്യവസ്ത്രം നൽകുകയും തുടർന്ന് വി. ബലിയർപ്പിക്കുകയും ചെയ്തു. വൈകുന്നേരം സാൻജോസ് മെട്രോപോലീറ്റൻ സ്കൂളിൽ നാമഹേതു കതിരുനാൾ ആഘോഷങ്ങളിൽ പങ്കെടുത്തു.

25 രാവിലെ പേരാവൂർ തിരുഹൃദയ സന്യാസസമൂഹത്തിലെ അർത്ഥിനി കളുടെ സഭാവസ്ത്രസ്വീകരണ തിരുകർമ്മങ്ങളിൽ മുഖ്യകാർമ്മികത്വം വഹിച്ചു. തുടർന്ന് കല്ലുമുതിരകുന്ന് ഇടവകയിൽ ഇടവകാദിനത്തോട നുബന്ധിച്ച് കുട്ടികളുടെ ആദ്യ കുർബ്ബാന സ്വീകരണത്തിൽ മുഖ്യ കാർമ്മികത്വം വഹിച്ചു. വൈകുന്നേരം തലശ്ശേരി എസ്.ഡി. കോൺവെന്റിൽ സി. സിമിലി എസ്.ഡി.യുടെ വ്രത സ്വീകരണ ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു.

26 കാക്കനാട് സെന്റ് തോമസ് മൗണ്ടിൽ നടന്ന മേജർ സെമിനാരി റെക്ടേഴ്സ് മീറ്റിംഗിൽ പങ്കെടുത്തു.

❖❖❖

## Programme of the Archbishop
## MAR GEORGE NJARALAKATT

### May 2019

| | | | |
|---|---|---|---|
| 01 | 09.00 am | - | Nellickampoil - Vestition CMC sisters |
| | 03.30 pm | - | Church Consecration - Kolikadavu |
| | 07.30 pm | - | Catechism seminar |
| 02 | 09.00 am | - | Nadavayal - Vestition |
| | 05.00 pm | - | Jubilee DST Congregation |
| | 07.30 pm | - | VimalJyothi Engineering college |
| 03 | 06.45 am | - | Pattarm Capuchin Ashram |
| | 10.30 am | - | Nellikutty |
| 04 | | - | Heggade |
| 05 | 04.00 pm | - | Vazhamala |
| 06 | 09.00 am | - | Deacons' meet- Minor Seminary |
| | 04.30 pm | - | Kolayad parish hall blessing |
| | 06.00 pm | - | Send off - Sandhesabhavan |
| 7-10 | | - | Bangalore - CBCI |
| 11 | | - | Arakkuzha |
| 12-13 | | - | Ernakulam - Catechism Commission |
| 14 | 10.00 am | - | Kanichar |
| | 03.00 pm | - | Kunnoth |
| 15 | | - | Visitors' day |
| 16 | | - | Panamaram |
| 17 | | - | Out of station |
| 18 | 09.00 am | - | Angels meet - Chempanthotty |
| | 03.00 pm | - | Edoor |
| | | - | Pastoral visit-Kalanki |

| | | | |
|---|---|---|---|
| 19 | | - | Pastoral visit - Kalanki |
| 20 | 09.00 am | - | Ordination-Pulingome |
| 21 | 10.00 | - | Winners' day – Karuvanchal |
| | 02.00 | - | Winners' day - Cherupuzha |
| 22-25 | | - | Qatar |
| 25 | 03.30 pm | - | Kudianmala |
| | | - | Pastoral visit - Mandalam |
| 26 | | - | Pastoral visit - Mandalam |
| 27 | 9.00 am | - | Angels meet - Alakode |
| 28-29 | | - | NKCBC - Thalassery |
| 30 | | - | Visitors' day |
| 31 | 10.00 am | - | Angels meet - Malome |

## JUNE 2019

| | | | |
|---|---|---|---|
| 01 | | - | Pattuvam |
| 02 | | - | Pastoral visit |
| 4-6 | | - | KCBC |
| 07 | 10.00 am | - | Forane Vicars' Meeting |
| 08 | | - | Catechism HM Conference |
| 09 | | - | Pastoral visit |
| 10 | | - | Provincial Presbyteral Council |
| 10-12 | | - | Junior Priests meeting |
| 12 | | - | Visitors' day |
| 13 | | - | Priests' and sisters' day |
| 14 | | - | Nirmalagiri |

**Secretary to the Archbishop**

❖❖❖

# വന്ദ്യപിതാവിന്റെ  ഡയറിയിൽനിന്ന്

## മാർ ജോർജ് വലിയമറ്റം

### മാർച്ച് 2019

27 വൈകുന്നേരം 4 മണിക്ക് കൂമ്പാറ ഇടവകയിൽ നിര്യാതനായ പുളിമൂട്ടിൽ കൊച്ചേപ്പിന്റെ മൃതസംസ്കാരകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

### ഏപ്രിൽ 2019

01 രാവിലെ 9 മണിക്ക് തലശ്ശേരി സാൻജോസ് സ്കൂളിൽ ഒരുക്കിയ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി അനുസ്മരണ എക്സിബിഷന്റെ ഉദ്ഘാടനത്തിൽ പങ്കാളിയായി.

02 രാവിലെ 9.30ന് തലശ്ശേരി കത്തീഡ്രലിൽ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി കബറിടതീർത്ഥാടനത്തിൽ വി. കുർബ്ബാനയർപ്പിച്ച് വചനസന്ദേശം നല്കി.

05 വൈകുന്നേരം 5 മണിക്ക് ആര്യപ്പറമ്പ് ഇടവകയിൽ നിര്യാതനായ സ്റ്റീവ് ജെഫ്രിയുടെ മൃതസംസ്കാരകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

08 രാവിലെ 6.30ന് പരിയാരം മദർഹോമിൽ നടന്ന ദൈവവിളിക്യാമ്പിൽ വി. കുർബ്ബാനയർപ്പിച്ച് സന്ദേശം നല്കി.

09. വൈകുന്നേരം 7 മണിക്ക് തലശ്ശേരി കത്തീഡ്രലിൽ നടന്ന ഫിലോകാലിയാ ധ്യാനത്തിൽ വി. കുർബ്ബാനയർപ്പിച്ച് വചനസന്ദേശം നല്കി.

11. രാവിലെ 10 മണിക്ക് പാലായിൽ നിര്യാതനായ കെ.എം. മാണി സാറിന്റെ ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുകയും തുടർന്ന് 2 മണിക്ക് നടന്ന മൃതസംസ്കാര ശുശ്രൂഷയിൽ സഹകാർമ്മികനായി പങ്കെടുക്കുകയും ചെയ്തു.

13. രാവിലെ 9 മണിക്ക് പൈസക്കരി ഇടവകയിൽ നിര്യാതയായ തോണിക്കുഴി റോസമ്മയുടെ മൃതസംസ്കാരകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

14. രാവിലെ 7.30ന് കത്തീഡ്രൽ പള്ളിയിൽ നടന്ന ഓശാനയുടെ തിരുക്കർമ്മങ്ങളിൽ സഹകാർമ്മികത്വം വഹിച്ചു.

15. രാവിലെ 10 മണിക്ക് കാപ്പിമല ഇടവകയിൽ നിര്യാതനായ ജോൺ അന്തീനാട്ടിന്റെ മൃതസംസ്കാരകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

17 ഉച്ചക്ക് 12 മണിക്ക് ബത്തേരിയിൽ നിര്യാതനായ ഫാ. ജേക്കബ് നരിക്കുഴിയുടെ മൃതസംസ്കാരകർമ്മങ്ങൾക്ക് ഭവനത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. വൈകുന്നേരം 4 മണിക്ക് ബാലേശുഗിരിയിൽ നിര്യാതയായ ഏലമ്മ പുഞ്ചായിലിന്റെ മൃതസംസ്കാരകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. 5.30ന് കുടിയാന്മല ഇടവകയിൽ കുമ്പസാരിപ്പിച്ചു.

28 രാവില 7.30ന് കുടിയാന്മല ഇടവകയിൽ പെസഹാതിരുനാളിൽ കാലുകഴുകൾ കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. വൈകുന്നേരം പള്ളിയിലും മറ്റ് സ്ഥാപനങ്ങളിലും നടന്ന അപ്പം മുറിക്കൽ കർമ്മങ്ങളിൽ പങ്കാളിയായി

19 രാവിലെ 8 മണിക്ക് പൊന്മല ഇടവകയിൽ ദുഃഖവെള്ളിയുടെ കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. തുടർന്ന് തട്ടുമലയിലേക്ക് നടത്തപ്പെട്ട സ്ലീവാപ്പാതയിൽ സംബന്ധിക്കുകയും ആശീർവ്വാദം നല്കുകയും ചെയ്തു.

20 വൈകുന്നേരം 5 മണിമുതൽ പൈസക്കരി ഇടവകയിൽ കുമ്പസാരിപ്പിച്ചു.

21 രാവിലെ 3 മണിക്ക് പൈസക്കരി ഇടവകയിൽ ഉയർപ്പിന്റെ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

22 രാവിലെ 10 മണിക്ക് പാദുവായിൽ നിര്യാതയായ പെണ്ണമ്മ വാതക്കാട്ടിലിന്റെ മൃതസംസ്കാരകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. വൈകുന്നേരം 6 മണിക്ക് ഇടപ്പള്ളി വി.സി. ജനറലേറ്റിൽ നിര്യാതനായ ബിഷപ്പ് എ.ഡി.മറ്റത്തിന്റെ മൃതസംസ്കാരകർമ്മങ്ങളുടെ ഭാഗ്യമായുള്ള വി. കുർബ്ബാനയിൽ സഹകാർമ്മികനായി.

23 രാവിലെ 7.30ന് തലശ്ശേരി കൊടുവള്ളി സ്കൂളിൽ ലോകസഭാ തിരഞ്ഞെടുപ്പിൽ സമ്മതിദാന അവകാശം രേഖപ്പെടുത്തി. ഉച്ചക്ക് 12.30ന് ജോസ്ഗിരി കോൺവെന്റിൽ നടന്ന ഫീസ്റ്റ് ആഘോഷങ്ങളിൽ പങ്കാളിയായി. വൈകുന്നേരം 7.30ന് സന്ദേശഭവനിൽ നടന്ന ഫാ. തോമസ് തയ്യിലിന്റെ പൗരോഹിത്യ രജതജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്തു.

## Programme of the Archbishop Emeritus
## MAR GEORGE VALIAMATTAM

### MAY 2019

| | | | |
|---|---|---|---|
| 02 | 08.00 am | - | Pulikurumba |
| 04 | 07.00 am | - | Ettupara |
| 05 | 10.00 am | - | Thalassery |
| 08 | 08.00 am | - | Vayattuparamba |
| 09 | 10.00 am | - | Cherupuha |
| 11 | | - | Vembua |
| 18 | 10.00 am | - | Kilianthara |
| 19 | | - | Iritty |
| 20 | 09.00 am | - | Nellikampoil |
| 22 | 11.00 am | - | MSMI Thalassery |
| 23 | 10.00 am | - | MCBS Pariyaram |
| 27 | 10.00 am | - | Koorachundu |

**Secretary to the Archbishop Emeritus**

24 വൈകുന്നേരം 7 മണിക്ക് സാൻജോസ് സ്കൂളിൽ അതിരൂപത ഒരുക്കിയ വി. ഗീവർഗീസിന്റെ ഫീസ്റ്റ് ആഘോഷങ്ങളിൽ പങ്കാളിയായി

25 ഉച്ചകഴിഞ്ഞ് 3 മണിക്ക് ഉദയഗിരി ഇടവകയിൽ നിര്യാതനായ ലൂക്ക് കരിനാട്ടിന്റെ മൃതസംസ്കാരകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. വൈകുന്നേരം 7.30 ന് തലശ്ശേരി എസ്.ഡി. കോൺവെന്റിൽ സി. സിമിലി വള്ളോപ്പിള്ളിയുടെ സന്യാസജൂബിലി ആഘോഷങ്ങളിൽ ആശംസയർപ്പിച്ചു.

❖❖❖

# വന്ദ്യപിതാവിന്റെ  ഡയറിയിൽനിന്ന്

## മാർ ജോസഫ് പാംപ്ലാനി

### മാർച്ച് 2019

25-31 ദുബായിൽ ഇന്റർനാഷണൽ ക്രിസ്റ്റ്യൻ കമ്മ്യൂണിറ്റി സംഘടിപ്പിച്ച ധ്യാനം നയിച്ചു. ആൽഫാ ദുബായി ആൽഫാ സെന്ററിൽ വ്യത്യസ്തമായ വിഷയങ്ങളിൽ ക്ലാസ്സ് എടുത്തു. ദുബായ് ജീസസ് യൂത്ത് മീറ്റിൽ മുഖ്യപ്രഭാഷണം നടത്തി.

### ഏപ്രൽ 2019

01-05 ഷാർജയിൽ ഇംഗ്ലീഷ് ബൈബിൾ കൺവെൻഷൻ നയിച്ചു. ഷാർജാ ആൽഫാ സെന്ററിൽ വ്യത്യസ്തമായ വിഷയങ്ങളിൽ ക്ലാസ് എടുത്തു. ഷാർജാ ജീസസ് യൂത്ത് മീറ്റ്, ഷാർദാ കാറ്റക്കിസം ടീച്ചേഴ്സ് മീറ്റ് എന്നിവയിൽ മുഖ്യപ്രഭാഷണം നടത്തി.

06 വൈകുന്നേരം 6 മണിക്ക് പടുപ്പ് ഇടവകയിൽ രോഗീസന്ദർശനം നടത്തി.

07 പടുപ്പ് ഇടവകയിൽ അജപാലന സന്ദർശനം നടത്തി

വൈകുന്നേരം 8 മണിക്ക് പരിയാരം മദർഹോമിൽ നടന്ന ദൈവവിളി ക്യാമ്പ് സന്ദർശിച്ചു.

08 രാവിലെ 6.30ന് തലശ്ശേരി ജോസ്ഗിരി എസ്.എ.ബി.എസ്. കോൺവെന്റിൽ വി. കുർബ്ബാനയർപ്പിച്ചു. തുടർന്ന് ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഷൂട്ടിംഗ് പരിപാടികളിൽ പങ്കെടുത്തു.

09 രാവിലെ 6.30ന് തലശ്ശേരി കത്തീഡ്രലിൽ നടന്ന ഫിലോകാലിയ ധ്യാനത്തിൽ വി. കുർബ്ബാനയർപ്പിച്ച് വചനസന്ദേശം നല്കി.

10 രാവിലെ 6.30ന് ശ്രീകണ്ഠാപുരം ഇടവകയിൽ നടന്ന എസ്തേർമീറ്റിൽ വി. കുർബ്ബാനയർപ്പിച്ച് വചനസന്ദേശം നല്കി. 9.30ന് ചെമ്പന്തൊട്ടി ഇടവകയിൽ പുതുതായി നിർമ്മിക്കുന്ന സ്കൂളിന്റെ ശിലാസ്ഥാപന കർമ്മം നടത്തി.

തുടർന്ന് 11 മണിക്ക് പൈസക്കരിയിൽ നടന്ന ദൈവവിളി ക്യാമ്പിലും 12 മണിക്ക് കുന്നോത്ത് നടന്ന ദൈവവിളി ക്യാമ്പിലും പങ്കെടുത്ത്

കുട്ടികളുമായി സംവദിച്ചു. വൈകുന്നേരം 6 മണിക്ക് അരമനയിൽ നടന്ന മാസധ്യാനത്തിൽ പങ്കാളിയായി.

11 രാവിലെ 6 മണിക്ക് തലശ്ശേരി എഫ്.സി. കോൺവെന്റിൽ വി. കുർബ്ബാനയർപ്പിച്ചു. തുടർന്ന് പടന്നക്കാട് റീജണൽ ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു.

12 തലശ്ശേരി അരമനയിൽ നടന്ന വിവിധ മീറ്റിംഗുകളിൽ പങ്കെടുക്കുയും സന്ദർശകരെ സ്വീകരിക്കുകയും ചെയ്തു.

13 രാവിലെ 10 മണിമുതൽ പെരുവണ്ണാമൂഴിയിൽ ശാലോമിൽ നടന്ന ഷൂട്ടിംഗ് പരിപാടികളിൽ പങ്കെടുത്തു.

14 രാവിലെ 8 മണിക്ക് വെള്ളാട് ഇടവകയിൽ നടന്ന ഓശാനയുടെ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. രാവിലെ 10 മണിക്ക് കരുവഞ്ചാൽ പ്രീസ്റ്റ് ഹോം സന്ദർശിച്ചു. ഉച്ചകഴിഞ്ഞ് 2.30ന് പരിയാരം മദർഹോമിൽ നടന്ന ധ്യാനപ്രഭാഷണം നടത്തി.

15 തളിപ്പറമ്പ് ഫൊറോന ദൈവാലയത്തിൽ നടന്ന വി. മൂറോൻ കൂദാശാകർമ്മത്തിൽ സഹകാർമ്മികത്വം വഹിച്ചു.

16 പടന്നക്കാട് റീജണൽ സെന്ററിൽ സന്ദർശകരെ സ്വീകരിച്ചു.

18 പടന്നക്കാട് ദൈവാലയത്തിൽ രാവിലെ 7.30ന് പെസഹായുടെ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിക്കുകയും കാലുകഴുകൾ ശുശ്രൂഷ നടത്തുകയും ചെയ്തു. വൈകുന്നേരം 7 മണിക്ക് ചെമ്പേരി കരുണാലയത്തിൽ അന്തേവാസികൾക്കൊപ്പം അപ്പം മുറിക്കൽ ശുശ്രൂഷയിൽ പങ്കെടുത്തു.

19 ചന്ദനക്കാംപാറ ദൈവാലയത്തിൽ രാവിലെ 7.30ന് ദുഃഖവെള്ളിയുടെ കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിക്കകുയും തുടർന്ന് ഷിമോഗനഗറിലേക്ക് നടന്ന കുരിശിന്റെ വഴിയിൽ സംബന്ധിക്കുകയും ചെയ്തു.

20 രാവിലെ 7.30 ദുഃഖശനി ദിവസത്തിന്റെ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിക്കുകയും സിമിത്തേരി വെഞ്ചരിക്കുകയും ചെയ്തു. തുടർന്ന് 11 മണിക്ക് ഉളിക്കൽ ഇടവകയിലും 11.30 ന് പുറവയലും നടന്ന യുവജനസംഗമങ്ങളിൽ പ്രഭാഷണം നടത്തി.

21 രാവിലെ 3 മണിക്ക് ആനറ ദൈവാലയത്തിൽ നടന്ന ഈസ്റ്റർ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമികത്വം വഹിച്ചു.

വൈകുന്നേരം 4 മണിക്ക് തലശ്ശേരി കത്തീഡ്രലിൽ ജോസഫ് കുടക്കച്ചിറയും പ്രിയ കണ്ണന്താനവും തമ്മിലുള്ള മനസ്സമ്മതം നടത്തി.

22 രാവിലെ 7 മണിക്ക് തോർമല ഇടവകയിൽ പുതുതായി നിർമ്മിക്കുന്ന ദൈവാലയത്തിന് തറക്കല്ലിട്ടു. ഉച്ചകഴിഞ്ഞ് 3.30ന് രാജഗിരി ഇടവകയിൽ നടന്ന യുവജന സമ്മേളനത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

23 വൈകുന്നേരം 5 മണിക്ക് സന്ദേശഭവനിൽ നടന്ന ഫാ. തോമസ് തയ്യിലിന്റെ പൗരോഹിത്യ രജത ജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്ത് സന്ദേശം നല്കി.

24 വൈകുന്നേരം 7 മണിക്ക് സാൻജോസ് സ്കൂളിൽ ഒരുക്കിയ വി. ഗീവർഗ്ഗീസിന്റെ ഫീസ്റ്റ് ആഘോഷകർമ്മങ്ങളിൽ ആമുഖപ്രഭാഷണം നടത്തി.

25 രാവിലെ 8.30ന് പൈസക്കരി ഇടവകയിൽ ഡീക്കൻ പ്രവീൺ ചിറത്തറക്ക് തിരുപ്പട്ടം നല്കി. തുടർന്ന് 12 മണിക്ക് ബത്തേരിയിൽ എ.സി.എ. യുവജന സമ്മേളനത്തിൽ മുഖ്യപ്രഭാഷണം നടത്തി. വൈകുന്നേരം 6 മണിക്ക് തലശ്ശേരി എസ്.ഡി. കോൺവെന്റിൽ സി. സിമിലി വള്ളോപ്പിള്ളിയുടെ സന്യാസജൂബിലി ആഘോഷത്തിൽ കുർബ്ബാനയർപ്പിച്ച് സന്ദേശം നല്കി.

❖❖❖

## Programme of the Auxiliary Bishop
## MAR JOSEPH PAMPLANY

### May 2019

| | | | |
|---|---|---|---|
| 01 | 09.00 am | - | Ordination: Edakkome |
| | 04.30 pm | - | East Hill |
| 02 | 11.00 am | - | SH Peravoor |
| | 05.00 pm | - | Manakadavu |
| 03 | 06.30 am | - | SABS Kilianthara |
| | 03.30 pm | - | Marypuram |
| 04 | 10.00 am | - | Zion Retreat Centre Nellikutty |
| | 06.00 pm | - | Chemperi |
| 05 | | - | Pastoral Visit |
| 06 | 07.30 am | - | Angels meet: Paisakary |
| 07 | 08.30 am | - | Angels meet: Mundanoor |
| | 11.00 am | - | Chemperi |
| | 02.00 pm | - | Padannakad |
| 08 | 10.30 am | - | Pulingome |
| | 03.30 pm | - | Angels Meet: Kunnoth |
| | 06.00 pm | - | Thalassery |
| 09 | 07.30 am | - | Ambalathara |
| | 04.00 pm | - | Badiaduka |
| 10 | 03.00 pm | - | Kunnoth |
| | 05.30 pm | - | Karikottakari |

| | | | |
|---|---|---|---|
| 11 | 11.00 am | - | Chungakunnu |
| | 02.30 pm | - | Nirmalagiri |
| 12 | | - | Kanjirappally youth Convention |
| 13-15 | | - | Alpha MTh specialisation Course |
| 16 | 04.00 pm | - | Thaliparamba |
| 17 | | - | Doctrinal commission meeting |
| 18 | | - | Palakkad Youth Convention |
| 19 | | - | Irinjalakuda Youth Convention |
| 20 | 10.00 am | - | Edoor |
| 21 | | - | Changanassery Priest training Programme |
| 22 | 10.00 am | - | Thrissure |
| 23 | 02.00 pm | - | Pariyaram MCBS |
| 24 | | - | Padannakad- Visitors' day |
| 25 | 9.30 am | - | Peratta IMS |
| | 12.00 pm | - | Chempanthotty |
| | 06.30 pm | - | Kallar |
| 26 | | - | Pastoral Visit - Manadukam |
| 27 | 10.00 am | - | Winners day, Iritty |
| | 02.00 pm | - | „ Peravoor |
| 28 | | - | NKCBC Thalassery |
| 30 | 8.00 am | - | Angels Meet : Thaliparamba |
| 31 | | - | Out of station |

**Secretary to the Auxiliary Bishop**

❖❖❖